# അനുവർത്തന ഓഡിറ്റ്

# അദ്ധ്യായം II
# അനുവർത്തന ഓഡിറ്റ്

## *തെരഞ്ഞെടുക്കപ്പെട്ട വിഷയങ്ങളുടെ ഓഡിറ്റ്*

## തദ്ദേശ സ്വയംഭരണ വകുപ്പ്

## 2.1. പ്രധാൻമന്ത്രി ആവാസ് യോജന - ഗ്രാമീൺ - നടപ്പാക്കൽ

### 2.1.1. അവതാരിക

2022-ഓടെ ''എല്ലാവർക്കും പാർപ്പിടം'' എന്ന സർക്കാരിന്റെ പ്രതിബദ്ധത കണക്കിലെടുത്തും നേരത്തെയുള്ള ഇന്ദിരാ ആവാസ് യോജന (ഐഎവൈ) യുടെ നടത്തിപ്പിനെക്കുറിച്ചുള്ള സമാന്തര വിലയിരുത്തലുകളിലും 2014-ൽ ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറൽ നടത്തിയ പ്രവർത്തനക്ഷമതാ ഓഡിറ്റിലും കണ്ടെത്തിയ ന്യൂനതകൾ[10] പരിഹരിക്കുന്നതിനുമായി ഭാരത സർക്കാർ (ജിഐഐ) പ്രധാൻമന്ത്രി ആവാസ് യോജന - ഗ്രാമീൺ (പിഎംഎവൈ-ജി) സമാരംഭിച്ചു (2016 ഏപ്രിൽ). പ്രാദേശികമായി ലഭ്യമായ സാമഗ്രികൾ ഉപയോഗിച്ച് അനുയോജ്യമായ ഡിസൈനോടുകൂടി പരിശീലനം ലഭിച്ച മേസ്തിരിമാരുടെ സഹായത്തോടെ ഗുണനിലവാരമുള്ള വീടുകൾ നിർമ്മിക്കാൻ ഗുണഭോക്താക്കളെ സഹായിക്കുക എന്നതായിരുന്നു പദ്ധതിയുടെ ആത്യന്തികലക്ഷ്യം. 2016-17 മുതൽ 2018-19 വരെയുള്ള മൂന്നു വർഷകാലയളവിൽ തീർത്തും മോശമായ/ജീർണ്ണാവസ്ഥയിലുള്ള വീടുകളിൽ താമസിക്കുന്ന ഒരു കോടി കുടുംബങ്ങളെ ലക്ഷ്യമിട്ടായിരുന്നു പിഎംഎവൈ-ജിയുടെ ഒന്നാം ഘട്ടം വിഭാവനം ചെയ്തിരുന്നത്. കേരളത്തിൽ ഈ കാലയളവിൽ ഗ്രാമപ്രദേശങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട 42,431 ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ചു നൽകുക എന്നതായിരുന്നു പദ്ധതി ഉദ്ദേശിച്ചിരുന്നത്.

അനുമതി നൽകിയ തീയതി മുതൽ 12 മാസങ്ങൾക്കകം വീടുകൾ പൂർത്തീകരിക്കണം എന്നാണ് ലക്ഷ്യമിട്ടിരുന്നത്.

### 2.1.2. ഘടനാ വ്യവസ്ഥ

ദേശീയതലത്തിൽ പിഎംഎവൈ-ജിയുടെ നടത്തിപ്പിനായുള്ള നോഡൽ മന്ത്രാലയം ഗ്രാമവികസന മന്ത്രാലയം (എംഓആർഡി) ആണ്. സംസ്ഥാനതലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ (എൽഎസ്ജിഡി) കീഴിൽ ഗ്രാമവികസന കമ്മീഷണറെയാണ് (സിആർഡി) പദ്ധതി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ശരിയായ നടത്തിപ്പിനായി സംസ്ഥാന, ജില്ലാ, ബ്ലോക്ക് തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (പിഎംയുകൾ) രൂപീകരിച്ചുകൊണ്ട് കേരള സർക്കാർ (ജിഒകെ) ഉത്തരവ് പുറപ്പെടുവിച്ചു (2017 ഫെബ്രുവരി). സംസ്ഥാനത്ത് സിആർഡിയുടെ കീഴിൽ സംസ്ഥാന നോഡൽ ഓഫീസർ (ഗ്രാമവികസന കമ്മീഷണറേറ്റിലെ അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ) നേതൃത്വം നൽകുന്ന സംസ്ഥാന പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റിനാണ് (എസ്പിഎംയു) പദ്ധതി ലക്ഷ്യം നിർണ്ണയിക്കുന്നതിനും, നടപ്പാക്കുന്നതിനും വീടുനിർമ്മാണത്തിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള ചുമതല. ജില്ലാ പഞ്ചായത്തുകളിലെ (ഡിപി) ജില്ലാ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റുകൾ ബ്ലോക്കുതലങ്ങളിലെ സ്ഥിര

---

[10] ഭവനങ്ങളുടെ കുറവ് കണക്കാക്കാത്തത്, ഗുണഭോക്തൃ-നിർണ്ണയത്തിലെ സുതാര്യതയില്ലായ്മ, വിവിധ പദ്ധതികളുടെ സംയോജനത്തിന്റെ അഭാവം, സാങ്കേതികവും ഗുണനിലവാരവുമുള്ള മേൽനോട്ടത്തിന്റെ അഭാവം മുതലായവ.

മുൻഗണനാ പട്ടിക[11] (പിഡബ്ല്യൂഎൽ)യ്ക്ക് അന്തിമരൂപം നൽകുക, ബ്ലോക്ക് തലത്തിലുള്ള നടപ്പാക്കലിന് മേൽനോട്ടം വഹിക്കുക, മേസ്തിരിമാർക്ക് പരിശീലനം ഏർപ്പാടാക്കുക മുതലായവ നിർവ്വഹിക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകളിലെ (ബിപി) ബ്ലോക്ക് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റുകൾ (ബിപിഎംയു)ക്കാണ് പിഡബ്ല്യൂഎല്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്താക്കളുടെ രജിസ്ട്രേഷൻ, വീടു നിർമ്മാണത്തിനുള്ള അനുമതി നൽകൽ, ആവാസ് സോഫ്റ്റ്[12] മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം മുഖാന്തിരം നിർമ്മാണ പുരോഗതി റിപ്പോർട്ടു ചെയ്യൽ മുതലായവയുടെ ചുമതല.

### 2.1.3. ഓഡിറ്റിന്റെ ലക്ഷ്യം, വ്യാപ്തി, രീതി

ഭാരത സർക്കാരിന്റെ ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ച പിഎംഎവൈ-ജിയുടെ നടത്തിപ്പിനായുള്ള ചട്ടക്കൂടും (മാർഗ്ഗനിർദ്ദേശങ്ങൾ) പ്രസക്തമായ സർക്കാർ ഉത്തരവുകളും, സർക്കുലറുകളും അനുസരിച്ചായിരുന്നോ പദ്ധതി നടപ്പാക്കിയിരുന്നത് എന്ന് പരിശോധിക്കാനായിരുന്നു 2016-19 കാലയളവ് ഉൾപ്പെടുത്തി, 2019 മെയ് മുതൽ 2019 സെപ്റ്റംബർ വരെ അനുവർത്തന ഓഡിറ്റ് നടത്തിയത്. എസ്പിഎംയു/ഗ്രാമവികസന കമ്മീഷണറേറ്റ്, ഡിപികളിലെ ഡിപിഎംയു/ദാരിദ്ര്യ നിർമ്മാർജ്ജന യൂണിറ്റുകൾ, ബിപിഎംയു/ബിപികൾ എന്നിവിടങ്ങളിലെ രേഖകളുടെ പരിശോധന, സംയുക്ത ഭൗതിക പരിശോധന, ഓഡിറ്റ് എൻക്വയറികൾ നൽകൽ എന്നിവ ഉൾപ്പെട്ടതായിരുന്നു ഓഡിറ്റിന്റെ രീതി.

തദ്ദേശ സ്വയംഭരണ വകുപ്പ് (എൽഎസ്ജിഡി) അഡീഷണൽ ചീഫ് സെക്രട്ടറിയുമായി 2019 ജൂൺ 27-ന് നടത്തിയ പ്രാരംഭ കൂടിക്കാഴ്ചയിൽ ഓഡിറ്റിന്റെ ലക്ഷ്യങ്ങൾ, വ്യാപ്തി, രീതി എന്നിവ ചർച്ച ചെയ്യുകയും അംഗീകരിക്കുകയും ചെയ്തിരുന്നു. 2020 ഒക്ടോബർ 22-ന് എൽഎസ്ജിഡി പ്രിൻസിപ്പൽ സെക്രട്ടറിയുമായി അന്തിമ കൂടിക്കാഴ്ച നടത്തുകയും ഓഡിറ്റിന്റെ കണ്ടെത്തലുകൾ ചർച്ച ചെയ്യുകയും ചെയ്തിരുന്നു. സിംപിൾ റാൻഡം സാംപ്ലിങ് വിത്തൗട്ട് റീപ്ലേസ്മെന്റ് (എസ്ആർഎസ്ഡബ്ല്യൂഒആർ) രീതി അനുസരിച്ച് തിരുവനന്തപുരം, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് എന്നീ നാലു ജില്ലകളെ സ്റ്റാറ്റിസ്റ്റിക്കൽ ആയി തിരഞ്ഞെടുത്തു. ചെലവാക്കിയ തുകയുടെ അടിസ്ഥാനത്തിൽ 17 ബിപികളെ (ഏറ്റവും കുറഞ്ഞത് നാല് എന്ന കണക്കിൽ ഓരോ ജില്ലയിലെയും 30 ശതമാനം ബിപികൾ) വിശദമായ പരിശോധനയ്ക്ക് തിരഞ്ഞെടുത്തു (**അനുബന്ധം 2.1**). തിരഞ്ഞെടുത്ത ബിപികളിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും (ജിപികൾ) ഗുണഭോക്താക്കളുടെ മുഴുവൻ രേഖകളും പരിശോധിച്ചു. ഓഡിറ്റ് നടക്കവേ ഓരോ ബിപിയിലെയും കുറഞ്ഞത് 10[13] ഗുണഭോക്താക്കൾ എന്ന കണക്കിന് റാൻഡം ആയി തിരഞ്ഞെടുത്ത 10 ശതമാനം ഗുണഭോക്താക്കളുടെ 275 വീടുകളുടെ സംയുക്ത സ്ഥലപരിശോധനയും നടത്തിയിരുന്നു.

### 2.1.4. ഫണ്ടു നൽകൽ

പിഎംഎവൈ-ജിയുടെ ധനസഹായം ജിഒഐയും ജിഒകെയും 60:40 എന്ന അനുപാതത്തിലുള്ള ചെലവ് പങ്കിടൽ എന്ന അടിസ്ഥാനത്തിലാണ്. സംസ്ഥാനത്തിനുള്ള വാർഷിക വകയിരുത്തൽ ജിഒഐ അംഗീകരിച്ച വാർഷിക കർമ്മപദ്ധതി (എഎപി)യുടെ അടിസ്ഥാനത്തിലാണ്. ജിപി തലത്തിലെ പരിശോധനയ്ക്ക് ശേഷം 2016-17 മുതൽ 2018-19 വരെയുള്ള മൂന്നുവർഷങ്ങളിൽ നിർമ്മിക്കേണ്ട വീടുകളുടെ എണ്ണത്തിന് സംസ്ഥാനം അന്തിമരൂപം നൽകണമെന്ന് വിഭാവനം ചെയ്തിരുന്നു. മൂന്നുവർഷം കൊണ്ട് പൂർത്തിയാക്കേണ്ട ആകെ വീടുകളുടെ എണ്ണവുമായി ബന്ധപ്പെടുത്തി സംസ്ഥാനം വാർഷിക ലക്ഷ്യം നിർദ്ദേശിക്കേണ്ടതാണ്.

---

[11] പദ്ധതിയുടെ കീഴിൽ ഗ്രാമപഞ്ചായത്തുകൾ അന്തിമ അംഗീകാരം നൽകിയ ഗുണഭോക്താക്കളുടെ പട്ടിക

[12] പിഎംഎവൈ-ജിയ്ക്ക് വേണ്ടി ഗ്രാമവികസന മന്ത്രാലയം നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററുമായി (എൻഐസി) ചേർന്ന് വികസിപ്പിച്ച ഒരു ഇ-ഗവേണൻസ് സൊല്യൂഷൻ ആണ് ആവാസ് സോഫ്റ്റ്.

[13] ഗുണഭോക്താക്കളിൽ കുറഞ്ഞത് രണ്ടു പേരെങ്കിലും എസ്‌സി/എസ്റ്റി/ന്യൂനപക്ഷക്കാർ ആയിരിക്കണം.

പദ്ധതി ഫണ്ടുകളുടെ ജിഐഐ വിഹിതവും സംസ്ഥാന വിഹിതവും, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പോലുള്ള ഷെഡ്യൂൾഡ് കോമേർഷ്യൽ ബാങ്കുകളിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ പദ്ധതിയുടെ കീഴിലെ സംസ്ഥാന നോഡൽ അക്കൗണ്ട് (എസ്എൻഎ) എന്ന രീതിയിൽ ജിഒകെ നിക്ഷേപിക്കണം എന്ന് അനുശാസിക്കുന്നു. വീടൊന്നിന് ₹1.20 ലക്ഷം എന്ന് നിജപ്പെടുത്തിയ യൂണിറ്റ് ചെലവ് ഗുണഭോക്താക്കളുടെ അംഗീകൃത ബാങ്ക് അക്കൗണ്ടിലേക്ക് മൂന്നു ഗഡുക്കളായി എസ്എൻഎയിൽ നിന്നും നൽകണമെന്ന് വിഭാവനം ചെയ്യുന്നു. 2016-19 കാലയളവിൽ ജിഒഐയിൽ നിന്നും ജിഒകെയിൽ നിന്നും എസ്എൻഎയിൽ ലഭിച്ച ₹151.89 കോടിക്കെതിരെ ₹194.82[14] കോടി പദ്ധതിയുടെ ചെലവായി ബുക്കു ചെയ്തിരുന്നു. പൊതു/പട്ടികജാതി (എസ്സി)/പട്ടികവർഗ്ഗ (എസ്റ്റി) വിഭാഗങ്ങൾക്ക്[15] തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (എൽഎസ്ജിഐ) മുഖേനയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും കൂടുതൽ ധനസഹായം അഞ്ചു ഗഡുക്കളായി നൽകി, ജിഒകെ നിർമ്മാണത്തിന്റെ യൂണിറ്റ് ചെലവിലുള്ള പോരായ്മ നികത്താവുന്നതാണ്.

***ഓഡിറ്റ് കണ്ടെത്തലുകൾ***

കേരളത്തിൽ പദ്ധതിയുടെ നടത്തിപ്പിനെ കുറിച്ചുള്ള ഓഡിറ്റ് പരിശോധന താഴെപറയുന്നവ വെളിപ്പെടുത്തി.

### 2.1.5. ആസൂത്രണം

#### *2.1.5.1. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിലെ ന്യൂനതകൾ*

'എല്ലാവർക്കും പാർപ്പിടം' എന്ന ലക്ഷ്യസാക്ഷാത്കാരത്തിനായി ഗുണഭോക്താക്കളെ നീതിപൂർവ്വവും സുതാര്യവുമായി കണ്ടെത്തുകയും തിരഞ്ഞെടുക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകത പിഎംഎവൈ-ജിയുടെ ചട്ടക്കൂട് അനുശാസിക്കുന്നു. ഗ്രാമവികസന മന്ത്രാലയത്തിന്റെ സാമൂഹിക-സാമ്പത്തിക ജാതി സെൻസസ് 2011 (എസ്ഇസിസി) എല്ലാ ഭവനരഹിതരെയും കച്ചാചുമരുകളും കച്ചാമേൽക്കൂരയും ഉള്ള മുറികളില്ലാത്ത/ഒറ്റമുറി/രണ്ടുമുറികളുള്ള വീടുകളിൽ താമസിക്കുന്നവരെയും കണ്ടെത്തിയിരുന്നു. പിഎംഎവൈ-ജി മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നപോലെ, 1,68,747 സാദ്ധ്യതാ ഗുണഭോക്തൃകുടുംബങ്ങളുടെ ഒരു സിസ്റ്റം ജനറേറ്റഡ് പട്ടിക നിർദ്ദിഷ്ട ഭവനനിഷേധം/ഉൾപ്പെടുത്തൽ/ഒഴിവാക്കൽ മാനദണ്ഡങ്ങൾക്ക് വിധേയമായി എസ്ഇസിസിയിൽ നിന്നും ജനറേറ്റ് ചെയ്തിരുന്നു. ഓരോ വിഭാഗത്തിലെയും ഗുണഭോക്താക്കളെ എസ്സി, എസ്റ്റി, ന്യൂനപക്ഷം, മറ്റുള്ളവർ എന്നിങ്ങനെ വീണ്ടും മുൻഗണനാക്രമത്തിലാക്കി[16] ഓരോ വിഭാഗത്തിനുമുള്ള പ്രത്യേക മുൻഗണനാ ലിസ്റ്റ് ഗ്രാമസഭകളുടെ പരിശോധനയ്ക്കായി ബിപികൾ അവരുടെ അധികാര പരിധിയിൽ ഉള്ള ഗ്രാമപഞ്ചായത്തുകൾക്ക് അയച്ചുകൊടുത്തു (2016 ജൂൺ). ജിപികൾ സിസ്റ്റം ജനറേറ്റഡ് ലിസ്റ്റിൽ നിന്നും ഗുണനിലവാരമുള്ള വീടുകൾ ഉള്ള കുടുംബങ്ങൾ, വാസസ്ഥലം മാറിയ/മരണപ്പെട്ട ഗുണഭോക്താക്കൾ, അനന്തരാവകാശികൾ ഇല്ലാത്ത ഗുണഭോക്താക്കൾ മുതലായവരെ ഒഴിവാക്കിയശേഷം ഓരോ കുടുംബത്തിനും പ്രത്യേക റാങ്കും നൽകി 75,709 കുടുംബങ്ങളുടെ വിഭാഗം തിരിച്ചുള്ള ഗുണഭോക്തൃ മുൻഗണനാ ലിസ്റ്റ്, ബിപികൾക്ക് അയച്ചുകൊടുത്തു (2016 ജൂലൈ). അങ്ങനെ, സംസ്ഥാനത്തുള്ള 75,709 പിഎംഎവൈ-ജി ഗുണഭോക്താക്കളുടെ ഒരു സ്ഥിരം

---

[14] ₹42.93 കോടിയുടെ അധിക ചെലവ് ഐഎവൈ അക്കൗണ്ടിൽ ലഭ്യമായിരുന്ന മിച്ചം തുകയിൽ നിന്ന് കണ്ടെത്തി.

[15] 2016-17 പൊതുവിഭാഗം ₹0.80 ലക്ഷം, എസ്സി ₹1.80 ലക്ഷം, എസ്റ്റി ₹2.30 ലക്ഷം,
2017-18-പൊതുവിഭാഗവും എസ്സിയും ₹2.80 ലക്ഷം, എസ്റ്റി ₹4.80 ലക്ഷം.

[16] എസ്ഇസിസി അടിസ്ഥാന വിവരങ്ങളിൽ നിന്നും പാർപ്പിടമില്ലായ്മാ മാനദണ്ഡം, നിർബന്ധിത ഉൾപ്പെടുത്തൽ മാനദണ്ഡങ്ങൾ, എസ്ഇസിസി ഡേറ്റയിൽ നിന്നുള്ള തുടരെയുള്ള നഷ്ടപ്പെടൽ സ്കോറുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം തയ്യാറാക്കുന്നു.

മുൻഗണനാ ലിസ്റ്റിന് (പിഡബ്ല്യൂഎൽ) അന്തിമരൂപം നൽകുകയും 2016 ഓഗസ്റ്റിൽ ബിപിഎംയു ആവാസ്സോഫ്റ്റിൽ അപ്ലോഡ് ചെയ്യുകയും ചെയ്തു.

ഇതിനിടയിൽ 2016-17-ൽ 24,341 വീടുകൾ നിർമ്മിക്കുക എന്ന ഒരു പ്രാരംഭ ലക്ഷ്യം ജിഒഐ നിശ്ചയിക്കുകയും (2016 ജൂൺ), പിന്നീട് (2017 ജനുവരി) ഇത് 32,559 ആയി വർദ്ധിപ്പിക്കുകയും ചെയ്തു. 2017-18 ധനകാര്യവർഷം 9,872 വീടുകളുടെ ഒരു ലക്ഷ്യവും ജിഒഐ നിശ്ചയിച്ചു (2017 മെയ്). ആകെയുള്ള ഭൗതിക ലക്ഷ്യമായ 42,431 വീടുകൾക്കായി ജിഒഐ ₹121.90 കോടി 2016-17 വർഷത്തേയ്ക്ക് ഉള്ള ആദ്യ ഗഡുവായി നൽകി.

2019 മാർച്ചോടെയുള്ള ലക്ഷ്യത്തിന്റെയും കൈവരിച്ച നേട്ടത്തിന്റെയും വിശദവിവരങ്ങൾ **പട്ടിക 2.1**-ൽ നൽകിയിരിക്കുന്നു.

**പട്ടിക 2.1: പിഎംഎവൈ-ജിയുടെ കീഴിലുള്ള വീടുകളുടെ എണ്ണത്തിന്റെ ലക്ഷ്യവും കൈവരിച്ച നേട്ടവും സംബന്ധിച്ചുള്ള വിശദവിവരങ്ങൾ**

| വർഷം | ലക്ഷ്യം | അനുവദിച്ചത് | | | പൂർത്തിയാക്കിയത് | | | പൂർത്തിയാകാത്ത വീടുകൾ |
|---|---|---|---|---|---|---|---|---|
| | | എസ്സി/ എസ്റ്റി | മറ്റുള്ളവർ | ആകെ | എസ്സി/ എസ്റ്റി | മറ്റുള്ളവർ | ആകെ | |
| 2016-17 | 32559 | 4912 | 8414 | 13326 | 4613 | 8029 | 12642 | 684 |
| 2017-18 | 9872 | 1443 | 2518 | 3961 | 1183 | 2276 | 3459 | 502 |
| 2018-19[17] | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| **ആകെ** | **42431** | **6355** | **10932** | **17287** | **5796** | **10305** | **16101** | **1186** |

*(അവലംബം: സംസ്ഥാന പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്)*

2016-18 കാലയളവിൽ ജിഒഐ ലക്ഷ്യമിട്ടിരുന്ന 42,431 വീടുകൾക്ക് പകരം ജിഒകെ 17,287 എണ്ണത്തിനു (40.74 ശതമാനം) മാത്രം അനുവാദം നല്കിയതിനുള്ള കാരണം ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. പിഡബ്ല്യുഎല്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള 75,709 ഗുണഭോക്താക്കളിൽ 30,300 പേർ മാത്രമെ പദ്ധതിയുടെ കീഴിൽ വീടുകൾക്ക് അർഹരായിട്ടുള്ളൂ എന്ന് ബ്ലോക്ക് പഞ്ചായത്തുകൾ കണ്ടെത്തിയതായി (2017 ഏപ്രിൽ) ശ്രദ്ധയിൽപെട്ടു. പിഡബ്ല്യൂഎല്ലിലെ ബാക്കി 45,409 ഗുണഭോക്താക്കളെ സ്വന്തമായി ഗുണനിലവാരമുള്ള വീടുകളുള്ളവർ, ഭൂമി സംബന്ധമായ രേഖകൾ ഇല്ലാത്തവർ, മറ്റുള്ള ജിപിയിലേയ്ക്ക് മാറിപ്പോയവർ എന്നിങ്ങനെ വിവിധകാരണങ്ങളാൽ പിന്നീട് അനർഹരായി കണ്ടെത്തി എന്ന് ഓഡിറ്റിനെ അറിയിച്ചു. ലാക്ഷണിക പരിശോധന നടത്തിയ 17 ബിപികളിലെ രേഖകൾ ഓഡിറ്റിൽ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത് പിഡബ്ല്യൂഎല്ലിലെ 11,587 ഗുണഭോക്താക്കളിൽ 2,208 (19.06 ശതമാനം) പേർ മാത്രമേ പദ്ധതിയ്ക്ക് കീഴിൽ വീടുകൾക്ക് അർഹരായിട്ടുള്ളൂവെന്നും ബാക്കി ഗുണഭോക്താക്കൾ മേൽവിവരിച്ച വിവിധ കാരണങ്ങളാൽ അനർഹരായി മാറിയെന്നുമാണ്.

വസ്തുതകൾ പരിശോധിച്ച് കുടുംബങ്ങളെ അർഹരായവർ എന്ന് കണ്ടെത്തുന്ന ചുമതല ജിപികളുടേതാണ് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കുന്നതിൽ ജിപികൾക്കുണ്ടായ വീഴ്ച പിഡബ്ല്യുഎല്ലിൽ അനർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിൽ കലാശിച്ചു. ഇത് യഥാർത്ഥ ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം നിഷേധിക്കുന്നതിനും ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയാത്തതുകാരണം ജിഒഐയിൽ നിന്നുള്ള ധനസഹായം നഷ്ടപ്പെടുത്തുന്നതിനും ഇടയാക്കി.

ലാക്ഷണിക പരിശോധന നടത്തിയ 17 ബിപികളും ഗുണഭോക്തൃ പട്ടിക ന്യൂനതയാർന്നതായിരുന്നു എന്ന് സമ്മതിച്ചപ്പോൾ, കിളിമാനൂർ, ആര്യാട് ബിപികൾ പറഞ്ഞത് എസ്ഇസിസി പട്ടിക പരിശോധിക്കാൻ ജിപികൾക്ക് നൽകിയ സമയം അപര്യാപ്തമായിരുന്നുവെന്നും എസ്ഇസിസി ഡേറ്റയിൽ വാർഡ് നമ്പർ, മേൽവിലാസം, കുടുംബത്തിന്റെ വിവരങ്ങൾ മുതലായവ നൽകാത്തതുകൊണ്ട് കുടുംബങ്ങളെ ശരിയായ രീതിയിൽ കണ്ടെത്തുവാൻ ജിപികൾക്ക് കഴിയാതെ വന്നുവെന്നുമാണ്. യഥാർത്ഥ ഗുണഭോക്താക്കളെ സമയബന്ധിതമായി

[17] മുൻവർഷങ്ങളിൽ ലക്ഷ്യം കൈവരിക്കാത്തതു കാരണം 2018-19 ലേയ്ക്ക് ലക്ഷ്യം നിശ്ചയിച്ചിരുന്നില്ല.

കണ്ടെത്തുകയും ഉൾപ്പെടുത്തുകയും ചെയ്ത് പിഡബ്ല്യൂഎൽ തയ്യാറാക്കാനും പുതുക്കുവാനും ജിപികൾ കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്നെങ്കിൽ 2016-17 ലെയും 2017-18 ലെയും വാർഷിക ലക്ഷ്യം സമയത്തിനുള്ളിൽ സാക്ഷാത്കരിക്കാൻ സാധിക്കുമായിരുന്നുവെന്നും ഇത് 2018-19 ലെ ലക്ഷ്യം നിശ്ചയിക്കുവാൻ സഹായകമായേനെയെന്നുമാണ് ഓഡിറ്റിന്റെ അഭിപ്രായം.

### *2.1.5.2. വിഭാഗം തിരിച്ചുള്ള ലക്ഷ്യം കൈവരിക്കുന്നതിൽ ഉണ്ടായ കുറവ്*

ഒരു വർഷത്തിൽ കൈവരിക്കേണ്ടതായുള്ള ഭൗതിക ലക്ഷ്യം ജിഒഐ നിശ്ചയിക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 3.4.1 അനുശാസിക്കുന്നു. കൂടാതെ, ഗ്രാമസഭകൾ പരിശോധിച്ച് എസ്ഇസിസി 2011 പ്രകാരമുള്ള അർഹരായ പിഎംഎവൈ-ജി ഗുണഭോക്താക്കളുടെ ലഭ്യതയ്ക്ക് വിധേയമായി ഓരോ സംസ്ഥാനത്തിനും നൽകിയ ലക്ഷ്യത്തിന്റെ 60 ശതമാനം എസ്‌സി/എസ്റ്റി വിഭാഗങ്ങൾക്കായി മാറ്റിവയ്ക്കണമെന്നും അനുശാസിക്കുന്നു. മാറ്റിവയ്ക്കപ്പെട്ട ലക്ഷ്യത്തിലെ എസ്‌സി/എസ്റ്റി അനുപാതം സംസ്ഥാന സർക്കാർ നിശ്ചയിക്കേണ്ടതാണ്. ഇതിനും പുറമെ ന്യൂനപക്ഷങ്ങൾക്കുള്ള ലക്ഷ്യത്തിന്റെ വിഹിതം നിശ്ചയിക്കേണ്ടത് 2011-ലെ സെൻസസ് വിവരങ്ങൾ പ്രകാരം സംസ്ഥാനത്തെ ഗ്രാമപ്രദേശങ്ങളിലെ ന്യൂനപക്ഷ ജനസംഖ്യയുടെ അനുപാതത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം. സംസ്ഥാനങ്ങൾ, ഗുണഭോക്താക്കളിൽ മൂന്നു ശതമാനം ഭിന്നശേഷിക്കാർ ആയിരിക്കണം എന്ന് കഴിയുന്നത്ര ഉറപ്പാക്കണമെന്നും അതിൽ പറയുന്നു. **പട്ടിക 2.2**-ൽ കാണിച്ചിരിക്കുന്നപോലെ പിഡബ്ല്യൂഎല്ലിൽ ആവശ്യത്തിന് ഗുണഭോക്താക്കൾ ഇല്ലാത്തതുമൂലം എസ്‌സി/എസ്റ്റിക്കാരുടെ ലക്ഷ്യം നേടാൻ സാധിക്കാത്തതിനുപുറമെ 'ന്യൂനപക്ഷങ്ങൾ' പോലുള്ള മറ്റു സാമൂഹ്യ വിഭാഗങ്ങളുടെ ലക്ഷ്യവും നിറവേറ്റാൻ സാധിച്ചില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

**പട്ടിക 2.2: വിവിധ വിഭാഗങ്ങൾക്കായി ലക്ഷ്യമിട്ടിരുന്നതും അനുവദിച്ചതുമായ വീടുകളുടെ വിശകലനം**

| വർഷം | ലക്ഷ്യം | എസ്‌സി | | എസ്റ്റി | | ന്യൂനപക്ഷങ്ങൾ | | ഭിന്നശേഷിക്കാർ | | മറ്റുള്ളവർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | ലക്ഷ്യം | അനുവദിച്ചത് | ലക്ഷ്യം | അനുവദിച്ചത് | ലക്ഷ്യം | അനുവദിച്ചത് | ലക്ഷ്യം | അനുവദിച്ചത് | ലക്ഷ്യം | അനുവദിച്ചത് |
| 2016-17 | 32559 | 12932 (39.72%) | 3863 (11.86%) | 6604 (20.28%) | 1049 (3.22%) | 8987 (27.60%) | 4297 (13.20%) | 0 | 167 | 4036 (12.40%) | 3950 (12.13%) |
| 2017-18 | 9872 | 3921 (39.72%) | 1237 (12.53%) | 2002 (20.28%) | 206 (2.09%) | 2725 (27.60%) | 1082 (10.96%) | 0 | 35 | 1224 (12.40%) | 1401 (14.19%) |
| **ആകെ** | **42431** | **16853 (39.72%)** | **5100 (12.02%)** | **8606 (20.28%)** | **1255 (2.96%)** | **11712 (27.60%)** | **5379 (12.68%)** | **0** | **202** | **5260 (12.40%)** | **5351 (12.61%)** |

*(അവലംബം: എസ്‌പിഎംയുവിൽ നിന്നും ലഭിച്ച വിവരങ്ങൾ)*

## 2.1.6. നടപ്പാക്കൽ

പദ്ധതിയുടെ നടത്തിപ്പിൽ പ്രകടമായ ന്യൂനതകൾ ഉള്ളതായി ഓഡിറ്റ് കണ്ടെത്തി. അവ തുടർന്നുള്ള ഖണ്ഡികകളിൽ വിവരിച്ചിരിക്കുന്നു:

### *2.1.6.1. മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ച് വീടുകൾക്ക് അനുമതി നൽകിയത്*

ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 2.1.5.1-ന് കീഴിൽ പറഞ്ഞതുപോലെ സംസ്ഥാനത്ത് ലക്ഷ്യമിട്ടിരുന്ന 42,431 വീടുകൾക്ക് പകരമായി ജിഒകെ 17,287 വീടുകൾക്ക് അനുമതി നൽകി. പദ്ധതിയുടെ നടത്തിപ്പിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട ന്യൂനതകൾ താഴെ കാണിച്ചിരിക്കുന്നു.

***ഭൂമി ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിലുണ്ടായ പരാജയം***

മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 5.2.2 അനുശാസിക്കുന്നത് പ്രകാരം സ്ഥിര മുൻഗണനാ ലിസ്റ്റിന് അന്തിമ രൂപം നൽകി കഴിഞ്ഞാൽ ഭൂമി ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സർക്കാർ ഭൂമി ഉറപ്പാക്കേണ്ടതാണ്. ഭൂമി ഇല്ലാത്ത 5,712 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിനായി ജിഒകെ ഭൂമി ലഭ്യമാക്കാത്തതു കാരണം അവർക്ക് വീട് നിഷേധിക്കപ്പെട്ടു എന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

പിഡബ്ല്യൂഎല്ലിൽ ഉൾപ്പെടുത്തിയിരുന്ന ഭൂമി ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനുള്ള ഒരു പദ്ധതിയും സംസ്ഥാനത്തോ ത്രിതലപഞ്ചായത്തുകളിലോ ഇല്ലായിരുന്നു എന്ന് സംസ്ഥാന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (എസ്പിഎംയു) പറഞ്ഞു. അന്തിമ കൂടിക്കാഴ്ചയിൽ (2020 ഒക്ടോബർ) പ്രിൻസിപ്പൽ സെക്രട്ടറി (എൽഎസ്ജിഡി) പറഞ്ഞത് ഈ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുടെ കൈവശം ഉള്ള ഭൂമി കണ്ടെത്തണമെന്ന് മന്ത്രി സഭാതലത്തിൽ തീരുമാനം എടുത്തിരുന്നെങ്കിലും ഈ ഭൂമി കൈമാറാൻ വകുപ്പുകൾക്ക് സമ്മതമല്ലായിരുന്നു എന്നാണ്. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിരിക്കുന്നതുപോലെ ഭൂമി ഇല്ലാത്ത, ഈ ഗുണഭോക്താക്കൾക്ക് വീടുവയ്ക്കുന്നതിനായി സർക്കാർ ഭൂമിയുടെയോ, പഞ്ചായത്ത് പൊതുസ്ഥലമോ, കമ്മ്യൂണിറ്റി സ്ഥലമോ മറ്റു തദ്ദേശ അതോറിറ്റികളുടെ കൈവശമുള്ള സ്ഥലമോ ഉൾപ്പെടെ മറ്റേതെങ്കിലും സ്ഥലത്തിന്റെയോ ലഭ്യത ഉറപ്പാക്കേണ്ടത് സംസ്ഥാനം/ജിപികളുടെ ഉത്തരവാദിത്വം ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

***സ്വന്തമായി ഭൂമി ഇല്ലാത്ത ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ചത്***

സംസ്ഥാന സർക്കാർ, ഭൂമി ഇല്ലാത്ത ഗുണഭോക്താക്കൾക്ക് സർക്കാർ ഭൂമിയോ/പൊതുസ്ഥലം ഉൾപ്പെടെ മറ്റേതെങ്കിലും ഭൂമിയോ ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കണം എന്നാണ് പിഎംഎവൈ-ജി വിഭാവനം ചെയ്യുന്നത്. **പട്ടിക 2.3**-ൽ കാണിച്ചിരിക്കുന്നപോലെ വീടു നിർമ്മാണത്തിന് സ്വന്തമായി ഭൂമി ഇല്ലാത്ത ഗുണഭോക്തൃ കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചു എന്നാണ് രേഖകളുടെ സൂക്ഷ്മ പരിശോധന വെളിപ്പെടുത്തിയത്.

**പട്ടിക 2.3: സ്വന്തമായി ഭൂമി ഇല്ലാത്ത ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ചതിന്റെ വിശദവിവരം**

| ബ്ലോക്ക് പഞ്ചായത്തിന്റെ പേര് | സ്വന്തമായി ഭൂമി ഇല്ലാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച വീടുകളുടെ എണ്ണം | അഭിപ്രായം |
|---|---|---|
| കിളിമാനൂർ, പോത്തൻകോട്, ചിറയിൻകീഴ്, ചാലക്കുടി, ബാലുശ്ശേരി | 43 വീടുകൾ | ഗുണഭോക്താവ് എട്ടുവർഷമായി ആ സ്ഥലത്ത് താമസിച്ചിരുന്നു എന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് വീടുകൾ അനുവദിച്ചത്. |
| പോത്തൻകോട്, നെടുമങ്ങാട് | 18 വീടുകൾ | 1992-ന് മുമ്പ് ഭൂമി തങ്ങളുടെ കൈവശമുണ്ടായിരുന്നു എന്ന തഹസിൽദാർ സാക്ഷ്യപ്പെടുത്തിയ പൊസഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ പുറമ്പോക്ക് ഭൂമിയിൽ വീടുകൾ നിർമ്മിച്ചു. ഇത് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ആയി കണക്കാക്കാൻ പാടുള്ളതല്ലെന്ന് പൊസഷൻ സർട്ടിഫിക്കറ്റിൽ വ്യക്തമായി പറഞ്ഞിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. |
| കിളിമാനൂർ, നെടുമങ്ങാട്, ചിറയിൻകീഴ് | 15 വീടുകൾ | വിവാഹം കഴിഞ്ഞ പെൺമക്കളുടെയോ ചെറുപെൺമക്കളുടെയോ ഭൂമിയിൽ ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിച്ചു. വിവാഹം കഴിഞ്ഞ പെൺമക്കൾക്ക് വേറെ സ്ഥലത്ത് ഗുണനിലവാരമുള്ള വീടുകൾ ഇല്ല എന്ന് ഉറപ്പാക്കിയിരുന്നില്ല. |
| പോത്തൻകോട് കിളിമാനൂർ ഭരണിക്കാവ്, നെടുമങ്ങാട് | 12 വീടുകൾ | ഭൂമിയുടെ ഉടമസ്ഥാവകാശം സ്ഥാപിക്കുന്നതിന് തെളിവായി രേഖകൾ ഒന്നും ഇല്ലാതെ വീടുകൾ അനുവദിച്ചു. |

*(അവലംബം: ലാക്ഷണിക പരിശോധന നടത്തിയ ബിപികളിൽ നിന്നും ലഭിച്ച വിവരങ്ങൾ)*

സ്വന്തമായി ഭൂമി ഇല്ലാത്ത ഗുണഭോക്തൃ കുടുംബങ്ങൾക്ക് വീടുകൾ അനുവദിച്ചത് ക്രമരഹിതമാണ്. ഇത്തരം കേസുകളിൽ ഭൂമി ഗുണഭോക്താക്കളുടെ പേരിൽ അല്ലാത്തതിനാൽ, 12 വർഷങ്ങൾക്കു മുമ്പ് വീടുകൾ മറ്റുള്ളവർക്ക്

കൈമാറുകയാണെങ്കിൽ, നൽകിയ ധനസഹായം പിഴപ്പലിശ ഉൾപ്പെടെ തിരിച്ചു പിടിക്കണം എന്ന ഗുണഭോക്താക്കളും ബിപികളും തമ്മിലുള്ള ഉടമ്പടിയിലെ വ്യവസ്ഥകൾ നടപ്പാക്കാൻ സാധിക്കുകയില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

***പുരുഷ അംഗങ്ങളുടെ പേരിൽ വീട് അനുവദിച്ചത്***

വിധവ/അവിവാഹിതർ/വിവാഹം വേർപ്പെടുത്തിയവർ ഒഴികെയുള്ള കേസുകളിൽ വീടുകൾ അനുവദിക്കുന്നത് ഭർത്താവിന്റെയും ഭാര്യയുടെയും സംയുക്ത നാമത്തിൽ ആയിരിക്കണമെന്നും അല്ലെങ്കിൽ വനിതകളുടെ പേരിൽ മാത്രമായിരിക്കണമെന്നും മാർഗ്ഗനിർദ്ദേശങ്ങൾ അനുശാസിക്കുന്നു. ലാക്ഷണിക പരിശോധന നടത്തിയ 17 ബിപികളിൽ, 15 ബിപികളിലെ രേഖകൾ ഓഡിറ്റ് സൂക്ഷ്മപരിശോധന നടത്തിയപ്പോൾ വെളിപ്പെട്ടത്, വനിതാ അംഗങ്ങൾ കുടുംബങ്ങളിൽ ഉണ്ടായിരുന്നിട്ടും 133 വീടുകൾ അനുവദിച്ചത് പുരുഷ അംഗങ്ങളുടെ പേരിൽ ആയിരുന്നു എന്നാണ്. സ്ഥലപരിശോധന നടത്തിയ 275 വീടുകളിൽ, അർഹരായ വനിതാ അംഗങ്ങൾ കുടുംബത്തിന്റെ ഭാഗമായിരുന്നിട്ടും 26 എണ്ണം അനുവദിച്ചത് പുരുഷ അംഗങ്ങൾക്കായിരുന്നു എന്ന് ഓഡിറ്റ് സ്ഥിരീകരിച്ചു.

എസ്ഇസിസി 2011 പട്ടികയിൽ പുരുഷ അംഗങ്ങളെ മാത്രമേ ഉൾപ്പെടുത്തിയിരുന്നുള്ളൂ എന്നതിനാലാണ് കുടുംബത്തിലെ പുരുഷഅംഗങ്ങളുടെ പേരിൽ വീടുകൾ അനുവദിച്ചത് എന്ന് ബിപികൾ പറഞ്ഞു. എസ്ഇസിസിയിലെ കുടുംബങ്ങൾക്ക് വീടുകൾ അനുവദിക്കുന്നത് ഭർത്താവിന്റെയും ഭാര്യയുടെയും സംയുക്ത നാമത്തിലോ അല്ലെങ്കിൽ ഭാര്യയുടെ പേരിൽ മാത്രമോ ആയിരിക്കണം എന്നതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല.

#### *2.1.6.2. ജിപികളിൽ നിന്നും കെട്ടിട പെർമിറ്റും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്ന് സമ്മതപത്രവും വാങ്ങാതെ വീടുകളുടെ നിർമ്മാണം*

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, 2011 (കെപിബിആർ) ലെ ചട്ടം 4(2) പ്രകാരം വീടുകൾ നിർമ്മിക്കുന്നതിന് മുമ്പ് വ്യക്തികൾ ജിപിയുടെ സെക്രട്ടറിയിൽ നിന്നും പെർമിറ്റുകൾ[18] വാങ്ങണം എന്നത് നിർബന്ധമാണ്. ലാക്ഷണിക പരിശോധന നടത്തിയ ഒൻപത്[19] ബിപികളിലെ 28 കാറ്റഗറി I ജിപികളിൽ 543 വീടുകൾ പെർമിറ്റുകൾ വാങ്ങാതെ നിർമ്മിച്ചിരുന്നു എന്ന് നിരീക്ഷിച്ചു. കൂടാതെ, തീരദേശ നിയന്ത്രണ മേഖല (സിആർഇസഡ്)യിൽ കെട്ടിട പെർമിറ്റുകൾ നൽകുന്നതിന് മുമ്പായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ (കെസിഇസഡ്എംഎ) നിന്നും നിർബന്ധിത തീരദേശനിയന്ത്രണ മേഖല സമ്മതപത്രത്തിന്റെ ലഭ്യത ജിപികൾ ഉറപ്പാക്കിയിരിക്കണം എന്നും കെപിബിആർ 2011-ലെ ചട്ടം 6(6) ഉം ചട്ടം 26(4) ഉം വ്യവസ്ഥ ചെയ്യുന്നു.

മൂന്നു ജിപികളിൽ[20] തീരദേശ നിയന്ത്രണമേഖലയിൽ നിർമ്മിച്ച 43 വീടുകൾക്ക് അനുമതി നൽകിയത് കെസിഇസഡ്എംഎയിൽ നിന്നുള്ള നിർബന്ധിത സമ്മതപത്രം ലഭിക്കാതെ ആയിരുന്നു എന്നത് ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. കെസിഇസഡ്എംഎയിൽ നിന്ന് സമ്മതം വാങ്ങാതെ നിയുക്ത സിആർഇസഡിന്റെ കടൽത്തീരത്ത് ബിപിയുടെ അനുമതിയോടെ ഭാഗികമായി നിർമ്മിച്ച ഒരു വീട് വേലിയേറ്റ സമയത്ത് തുടച്ചുനീക്കപ്പെട്ടു എന്ന് അമ്പലപ്പുഴ ബിപിയിൽ സംയുക്തസ്ഥല പരിശോധനയിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ടു. തീരദേശത്ത് നിലവിലുണ്ടായിരുന്ന തകരാറായ വീടുകൾ മാറ്റി നിർമ്മിച്ചപ്പോൾ കെട്ടിട പെർമിറ്റ് ആവശ്യപ്പെട്ടിരുന്നില്ലെന്ന് സർക്കാർ അന്തിമ കൂടിക്കാഴ്ചയിൽ (2020 ഒക്ടോബർ) പറഞ്ഞു. പദ്ധതി നടപ്പിലാക്കുന്നവർ നിർദ്ദിഷ്ടനിയമ വകുപ്പുകൾ പാലിക്കേണ്ടതും

[18] കെപിബിആർ-ലെ ചട്ടം 10 (xiii) പ്രകാരം കാറ്റഗറി II വില്ലേജ് പഞ്ചായത്തുകളിലെ 100 ച.മീറ്റർ വരെ വിസ്തീർണ്ണം ഉള്ള വാസഗൃഹങ്ങളെ മാത്രം കെട്ടിട പെർമിറ്റ് വാങ്ങണം എന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

[19] അമ്പലപ്പുഴ, ബാലുശ്ശേരി, ചിറയിൻകീഴ്, മുല്ലശ്ശേരി, നെടുമങ്ങാട്, പന്തലായനി, പോത്തൻകോട്, കൊടുവള്ളി, തൂണേരി

[20] അമ്പലപ്പുഴ, ചിറയിൻകീഴ്, പോത്തൻകോട്

നിയമവ്യവസ്ഥയോട് അനുപാലനം ഉറപ്പാക്കേണ്ടതും ആവശ്യമായതിനാൽ മറുപടി നിലനിൽക്കത്തക്കതല്ല.

### 2.1.6.3. വിപുലമായ അടിത്തറ വിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണം

യഥാർത്ഥത്തിൽ പാർപ്പിടം ഇല്ലാത്തവരെ ലക്ഷ്യം വച്ചാണ് സഹായം നൽകുന്നത് എന്ന് ഉറപ്പുവരുത്താൻ ഗുണഭോക്താക്കളെ എസ്ഇസിസി 2011 അടിസ്ഥാന വിവരങ്ങളിൽ നിന്നും പ്രത്യേക പാർപ്പിടമില്ലായ്മ മാനദണ്ഡങ്ങൾ ഉപയോഗിച്ച് തിരഞ്ഞെടുക്കുകയും അത് ഗ്രാമസഭകൾ പരിശോധിക്കുകയും വേണമെന്ന് പദ്ധതി മാർഗ്ഗരേഖകൾ വിഭാവനം ചെയ്യുന്നു. ഇതിനുപുറമെ, ഗുണഭോക്താവ് വിപുലമായ രീതിയിൽ നിർമ്മിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി നിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടങ്ങളിൽ കുറെയധികം വീടുകളുടെ രൂപമാതൃകകൾ നൽകി സഹായിക്കേണ്ടതുണ്ട്. അടുക്കളയും ടോയ്‌ലറ്റും ഉൾപ്പെടെ കുറഞ്ഞത് 25 ച.മീ വിസ്തീർണ്ണമുള്ള ഗുണമേന്മയുള്ള വീടുകളാണ് പദ്ധതിയുടെ കീഴിൽ നിർമ്മിക്കേണ്ടിയിരുന്നത്. പരമാവധി തറവിസ്തീർണ്ണത്തെ സംബന്ധിച്ച് പരിധിയൊന്നും ജിഐഐ നിശ്ചയിച്ചിരുന്നില്ല. ജികെ, പദ്ധതിയുടെ കീഴിൽ, അധിക സഹായമായി ₹2.30 ലക്ഷം[21] വരെ ഗുണഭോക്താക്കൾക്ക് നൽകിയപ്പോൾ, പരമാവധി വിസ്തീർണ്ണം 66 ച.മീ. ആയി 2016-17-ൽ നിജപ്പെടുത്തുകയും, പിന്നീട് 2017-18-ൽ 37 ച.മീ ആയി കുറയ്ക്കുകയും ചെയ്തു.

നിശ്ചിത അളവുകളെ അധികരിക്കുന്ന വീടുകൾ ഗുണഭോക്താക്കൾ നിർമ്മിച്ചിരുന്നതായി ഓഡിറ്റ് നിരീക്ഷിച്ചു. ഓഡിറ്റ് നടത്തിയ സംയുക്ത പരിശോധനയിൽ വെളിപ്പെട്ടത് ലാക്ഷണിക പരിശോധന നടത്തിയ ആറ് ബിപികളിൽ 17 വീടുകളുടെ (**അനുബന്ധം 2.2**) തറവിസ്തീർണ്ണം 66 ച.മീ നു മുകളിൽ ആയിരുന്നു എന്നാണ്. തറവിസ്തീർണ്ണം അനുവദനീയമായ പരിധി കവിഞ്ഞു എന്ന് ചൂണ്ടിക്കാണിച്ച് കൊടുവള്ളി ബിപിയും കിളിമാനൂർ ബിപിയും യഥാക്രമം മൂന്നും ഒന്നും ഗുണഭോക്താക്കൾക്ക് ധനസഹായം തുടർന്നു നൽകുന്നത് നിർത്തിവച്ചു എന്ന് ശ്രദ്ധയിൽപ്പെട്ടു. എന്നാൽ ലംഘനം കണ്ടെത്തിയ മറ്റുള്ള കേസുകളിൽ ഇതുപോലുള്ള നടപടി എടുത്തുകണ്ടില്ല.

മേൽപ്പറഞ്ഞ ഗുണഭോക്താക്കളെ എസ്ഇസിസി 2011-ൽ ഉൾപ്പെടുത്തിയിരുന്നതിനാലും, 2016-17-ൽ ബിപികൾക്ക് നൽകിയ പിഡബ്ല്യൂഎല്ലിൽ ഉൾപ്പെടുത്താൻ അവർ അർഹരാണെന്ന് ജിപികൾ കണ്ടെത്തിയതിനാലും ആണ് അവർക്ക് ധനസഹായം നൽകിയതെന്ന് മൂന്ന്[22] ബിപികൾ പറഞ്ഞു. നിർദ്ദിഷ്ട 13 മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒരെണ്ണം ബാധകമായ ഗുണഭോക്താക്കളെ സ്വാഭാവികമായി ഒഴിവാക്കിയതിനുശേഷം, യഥാർത്ഥത്തിൽ പാർപ്പിടമില്ലാത്തവരെയും ജീർണ്ണിച്ചതും കച്ചാ വീടുകളിലും വസിക്കുന്ന കുടുംബങ്ങളെയും മാത്രം പരിഗണിക്കുക എന്നതാണ് ജിപികളുടെ ചുമതല എന്നതിനാൽ മറുപടി നിലനിൽക്കത്തക്കതല്ല. പിഎംഎവൈ-ജിയ്ക്ക് കീഴിൽ അനുവദനീയമായ തറവിസ്തീർണ്ണ പരിധി കവിഞ്ഞ് നിർമ്മിച്ച എല്ലാ വീടുകൾക്കും മുഴുവൻ ധനസഹായവും നൽകുവാൻ ജികെ മുൻകാല അനുമതി നൽകി (2019 ഡിസംബർ) എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. നിർദ്ദിഷ്ട രൂപമാതൃകകൾ പാലിക്കാതെ വീടുകൾ അധികരിച്ചു നിർമ്മിക്കാൻ കഴിവുള്ളതിനാലും നിർമ്മാണ ചെലവ് അനുവദനീയമായ പരമാവധി ധനസഹായത്തെക്കാൾ കൂടുതൽ ആയതിനാലും, ഈ ഗുണഭോക്താക്കൾ പിഡബ്ല്യൂഎല്ലിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദിഷ്ട മാനദണ്ഡങ്ങൾ നിറവേറ്റാതിരിക്കാനുള്ള സാദ്ധ്യത തള്ളിക്കളയുവാൻ ആവില്ല.

### 2.1.6.4. ഗുണഭോക്തൃ സഹായസേവനങ്ങൾ

ലഭ്യമായ വിഭവസ്രോതസ്സുകളിൽ നിന്നുകൊണ്ട് ഗുണനിലവാരമുള്ള വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ഉറപ്പാക്കാനായി പിഎംഎവൈ-ജി മാർഗ്ഗനിർദ്ദേശങ്ങൾ ഗുണഭോക്തൃ സഹായസേവനങ്ങൾ വിഭാവനം ചെയ്യുന്നു.

---

[21] ജികെ നൽകിയ വിഭാഗം തിരിച്ചുള്ള അധിക ധനസഹായം: 2016-17-പൊതുവിഭാഗം ₹0.80 ലക്ഷം, എസ്‌സി ₹1.80 ലക്ഷം, എസ്റ്റി ₹2.30 ലക്ഷം

[22] കൊടുവള്ളി, ബാലുശ്ശേരി, തൂണേരി

പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയോജ്യമായ കുറെയധികം വീടുകളുടെ രൂപകല്പനകൾ ഗുണഭോക്താക്കൾക്ക് നൽകുക, മേസ്തിരിമാർക്ക് പരിശീലനം നൽകുകയും നൈപുണ്യ സാക്ഷ്യപ്പെടുത്തലും നടത്തുക, നിർമ്മാണസാമഗ്രികൾ ഏർപ്പാടാക്കുക, വയോജനങ്ങളും ഭിന്നശേഷിക്കാരുമായ ഗുണഭോക്താക്കൾക്ക് സഹായം നൽകുക, ബാങ്കുകളിൽനിന്നും ₹70,000 വരെ വ്യത്യസ്ത പലിശനിരക്കിൽ[23] വായ്പ ലഭ്യമാക്കാൻ സഹായിക്കുക എന്നിവ ഉൾപ്പെടുന്നതായിരുന്നു ഈ സേവനങ്ങൾ.

- പരിശീലനം ലഭിച്ച മേസ്തിരിമാരുടെ ലഭ്യത ഗ്രാമപ്രദേശങ്ങളിൽ ഗുണഭോക്താക്കൾക്ക് നല്ല നിലവാരമുള്ള വീടുകൾ വയ്ക്കുന്നതിന് അത്യാവശ്യമാണ്. സംസ്ഥാനം, അംഗീകാരമുള്ള പരിശീലന സ്ഥാപനങ്ങൾ വഴി മേസ്തിരിമാർക്കുള്ള പരിശീലന പരിപാടികൾ നടത്തേണ്ടതാണ്. 2016-19 കാലയളവിൽ 3,260 മേസ്തിരിമാർക്ക് പരിശീലനം നൽകണമെന്ന് ജിഒഐ നിശ്ചയിച്ച ലക്ഷ്യത്തിന്റെ സ്ഥാനത്ത് 2018-19-ൽ 343 മേസ്തിരിമാർക്ക് പരിശീലനം നൽകി എന്ന് എസ്പിഎംയു വ്യക്തമാക്കി (2019 സെപ്റ്റംബർ). ലാക്ഷണിക പരിശോധന നടത്തിയ ബിപികളിൽ 2016-17 മുതൽ 2018-19 വരെയുള്ള നടപ്പാക്കൽ കാലയളവിൽ ഒരു വീടുപോലും ഈ പരിശീലന പരിപാടിയുടെ ഭാഗമായി നിർമ്മിച്ചതായി കണ്ടിരുന്നില്ല.

- പ്രായാധിക്യം ഉള്ളവർ, രോഗബാധിതർ, ഭിന്നശേഷിക്കാർ മുതലായവർക്കും സ്വന്തമായി നിർമ്മാണപ്രവർത്തനം നടത്തിക്കാൻ കഴിവില്ലാത്തവർക്കും വേണ്ടി വീടു നിർമ്മാണം ബിപികൾ ഏറ്റെടുക്കണം എന്ന് മാർഗ്ഗനിർദ്ദേശങ്ങളിലെ ഖണ്ഡിക 6.2.5.1 നിർദ്ദേശിക്കുന്നു. അത്തരം വീടുകൾ മേസ്തിരിമാർക്കുള്ള പരിശീലനത്തിന്റെ ഭാഗമായി ഏറ്റെടുത്തോ ജിപികളുടെ സഹായത്തോടെയോ ചെയ്യേണ്ടതായിരുന്നു. അഗതികളും, വയോജനങ്ങളും, ദുർബ്ബലരും ആയ ഗുണഭോക്താക്കൾ സ്വന്തമായി വീടുനിർമ്മാണം ഏറ്റെടുക്കാൻ വൈമുഖ്യം കാണിച്ചു എന്ന കാരണത്താൽ 393 ഗുണഭോക്താക്കൾക്ക് ബിപികൾ വീടുകൾ അനുവദിച്ചില്ലായെന്ന് ലാക്ഷണിക പരിശോധന നടത്തിയ ഏഴു[24] ബിപികളിൽ ഓഡിറ്റ് നിരീക്ഷിച്ചു. മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്ന പോലെ അത്തരം ഗുണഭോക്താക്കൾക്ക് വീടുകൾ അനുവദിക്കുന്നതിലും മേസ്തിരിമാർക്കുള്ള പരിശീലനത്തിന്റെ ഭാഗമായോ/ജിപികളുടെ സഹായത്തോടെയോ അവരുടെ വീടുകളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിലും ഈ ബിപികൾക്ക് ഉണ്ടായ പരാജയം ന്യായീകരിക്കത്തക്കതല്ല.

- സംസ്ഥാന/ജില്ലാതല ബാങ്കേഴ്സ് സമിതികളുമായി ഏകോപനം നടത്തി ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിനായി ₹70,000 വരെ വ്യത്യസ്ത പലിശനിരക്കിലോ മറ്റു രീതിയിലോ വായ്പ തരപ്പെടുത്തുന്നത് സുഗമമാക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നപോലെ ഗുണഭോക്താക്കൾക്ക് വായ്പ തരപ്പെടുത്തുന്നതിന് ലാക്ഷണിക പരിശോധന നടന്ന ബിപികളിൽ ഒരു ബിപിയും സഹായിച്ചിരുന്നില്ലായെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. 14 ബിപികളിൽ[25] 51 ഗുണഭോക്താക്കൾ ബാങ്കിംഗ് ഇതര ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ഉയർന്ന പലിശ നിരക്കിൽ വായ്പകൾ എടുത്തിരുന്നു എന്ന് സ്ഥലപരിശോധന വെളിപ്പെടുത്തി.

[23] സമൂഹത്തിലെ ദുർബ്ബല വിഭാഗങ്ങൾക്ക് ഉത്പാദനപരവും ലാഭകരവുമായ പ്രവർത്തികളിൽ ഏർപ്പെടുന്നതിന് ബാങ്കുകൾ ₹15,000 വരെ നാല് ശതമാനം വാർഷിക പലിശ എന്ന കുറഞ്ഞ നിരക്കിൽ ധനസഹായം നൽകുന്നു.

[24] ഭരണിക്കാവ്, ചാലക്കുടി, ചിറയിൻകീഴ്, ചൊവ്വന്നൂർ, കൊടകര, മുല്ലശ്ശേരി, പോത്തൻകോട്

[25] അമ്പലപ്പുഴ, ആര്യാട്, ബാലുശ്ശേരി, ഭരണിക്കാവ്, ചമ്പക്കുളം, ചാവക്കാട്, ചിറയിൻകീഴ്, ചൊവ്വന്നൂർ, കിളിമാനൂർ, കൊടകര, കൊടുവള്ളി, നെടുമങ്ങാട്, പോത്തൻകോട്, തൂണേരി.

കൊളാറ്ററൽ സെക്യൂരിറ്റി ഇല്ലാതെ ഗുണഭോക്താക്കൾക്ക് വ്യത്യസ്ത പലിശ നിരക്കിൽ വായ്പകൾ നൽകാൻ ബാങ്കുകൾ തയ്യാറായിരുന്നില്ല എന്ന് അന്തിമ കൂടിക്കാഴ്ചയിൽ (2020 ഒക്ടോബർ) സർക്കാർ പറഞ്ഞു. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നപോലെ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ തരപ്പെടുത്തിക്കൊടുക്കുന്ന വിഷയം ബാങ്കുകളുമായി ചർച്ച ചെയ്ത് പരിഹരിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വം ആയതിനാൽ മറുപടി സ്വീകാര്യമല്ല.

### 2.1.7. സംയോജനം

പിഎംഎവൈ-ജി ഗുണഭോക്താക്കൾക്ക് മറ്റുള്ള പദ്ധതികളുടെയും പ്രയോജനം ലഭിക്കുന്നതിനായി ജിഒഐയുടെയും ജിഒകെയുടെയും മറ്റു പദ്ധതികളുമായുള്ള പിഎംഎവൈ-ജിയുടെ സംയോജനം മാർഗ്ഗനിർദ്ദേശങ്ങൾ വ്യവസ്ഥ ചെയ്യുന്നു. അങ്ങനെ, വീടുകൾക്ക് വേണ്ട ടോയ്‌ലറ്റുകളുടെ നിർമ്മാണം, ശുദ്ധജലലഭ്യത, വൈദ്യുതി, ഗ്യാസ്കണക്ഷൻ മുതലായവ സ്വച്ഛ് ഭാരത് മിഷൻ, ദേശീയ ഗ്രാമീണകുടിവെള്ള പദ്ധതി (എൻആർഡിഡബ്ല്യൂപി) ദീൻ ദയാൽ ഉപാദ്ധ്യായ് ഗ്രാമജ്യോതി യോജന (ഡിഡിയുജിജെവൈ), പ്രധാൻമന്ത്രി ഉജ്ജ്വലയോജന, (പിഎംയുവൈ) എന്നിവയിലൂടെയോ സംസ്ഥാന/ജിപികളുടെ മറ്റുള്ള പദ്ധതികളുമായി സംയോജിപ്പിച്ചോ ലഭ്യമാക്കേണ്ടതാണ്. പിഎംഎവൈ-ജിയുടെ ഗുണഭോക്താക്കൾക്ക് അവരുടെ വീടിന്റെ നിർമ്മാണത്തിന് 90 ദിവസത്തെ അവിദഗ്ദ്ധ കായികതൊഴിൽ, നിലവിലെ നിരക്കിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി (എംജിഎൻആർഇജിഎസ്) സംയോജിപ്പിച്ച് ബിപികൾ നൽകേണ്ടതാണ് എന്നും മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു.

സംസ്ഥാനത്ത് ഫലപ്രദമായ സംയോജനം കൈവരിച്ചില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. ലാക്ഷണിക പരിശോധന നടത്തിയ ബിപികളിൽ 2,054 വീടുകളിൽ 734 എണ്ണത്തിൽ മാത്രമെ മറ്റുള്ള പദ്ധതികളുമായി സംയോജിപ്പിച്ച് ടോയ്‌ലറ്റുകൾ നിർമ്മിച്ചിരുന്നുള്ളൂ. പരിശോധിച്ച 275 വീടുകളിൽ 42 എണ്ണത്തിൽ ടോയ്‌ലറ്റ് സൗകര്യം ഇല്ലായിരുന്നു എന്നും ഇവ സ്വച്ഛ്ഭാരത് മിഷൻ/എംജിഎൻആർഇജിഎസ് എന്നിവയിലും ഉൾപ്പെടുത്തിയിട്ടില്ല എന്നുമായിരുന്നു സ്ഥലപരിശോധനയിൽ വെളിപ്പെട്ടത്. പിഎംയുവൈ പദ്ധതിയ്ക്ക് കീഴിൽ സൗജന്യമായി എൽപിജി[26] കണക്ഷൻ കിട്ടാൻ അർഹത ഉണ്ടായിരുന്നിട്ടും 49 ഗുണഭോക്താക്കൾക്ക് ഈ സൗകര്യം നൽകിയിരുന്നില്ല, ഏഴ് ഗുണഭോക്താക്കൾക്ക് കുടിവെള്ള സൗകര്യവും, 21 ഗുണഭോക്താക്കൾക്ക് വൈദ്യുതി ബന്ധവും ലഭിച്ചിരുന്നില്ല (**അനുബന്ധം 2.3**). ഇവ എൻആർഡിഡബ്ല്യൂപി/ഡിഡിയുജിജെവൈ/സംസ്ഥാന/ജിപികളുടെ മറ്റുള്ള പദ്ധതികൾക്കു കീഴിൽ നൽകാമായിരുന്നു.

### 2.1.8. മേൽനോട്ടവും വിലയിരുത്തലും

#### *2.1.8.1. വീടുകളുടെ അപൂർണ്ണനിർമ്മാണം*

സംസ്ഥാനത്തുടനീളം 2019 മാർച്ചിൽ 1,186 വീടുകൾ പൂർത്തീകരിക്കാതെ ബാക്കി നിന്നിരുന്നു. വീടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നത് ഉറപ്പാക്കാനും ചെലവ് വർദ്ധിക്കുന്നത് ഒഴിവാക്കുന്നതിനും ഓരോ ഗുണഭോക്താവിനും പരിശീലനം സിദ്ധിച്ച മേസ്തിരിമാരുടെ വിവരം നൽകുക, നിർമ്മാണസാമഗ്രികൾ ഏർപ്പാടാക്കുക, വായ്പാ സൗകര്യം ഉണ്ടാക്കുക മുതലായ സഹായസേവനങ്ങൾ ഗുണഭോക്താക്കൾക്ക് നൽകണമെന്ന് പിഎംഎവൈ-ജി മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. എന്നാൽ, ഇതുമായി ബന്ധപ്പെട്ട് അത്തരം യാതൊരു നടപടികളും ബിപികൾ എടുത്തിരുന്നില്ല. ലാക്ഷണിക പരിശോധന നടത്തിയ ബിപികളിൽ 2,208 വീടുകൾ അനുവദിച്ചതിൽ 2,054 വീടുകൾ പൂർത്തീകരിച്ചിരുന്നു. 2016-17-ലും 2017-18-ലും അനുവദിച്ച 147 വീടുകൾ ₹2.67 കോടി ചെലവാക്കിയിട്ടും (2019 മാർച്ച്) പൂർത്തിയാക്കാതെ കിടന്നിരുന്നു.

[26] ലിക്വുഫൈഡ് പെട്രോളിയം ഗ്യാസ്

ഗുണഭോക്താക്കൾ, നിർമ്മാണത്തിനുള്ള പണം സ്വരൂപിക്കാൻ കഴിയാത്തതിനു പുറമെ പദ്ധതിയ്ക്ക് കീഴിൽ നൽകിയ ഭവനസഹായത്തെ ആശുപത്രി ചെലവ്, ആശ്രിതരുടെ വിവാഹം, സൈറ്റ് ദുർഘടപ്രദേശമായതുകാരണമുള്ള വർദ്ധിച്ച പണിക്കൂലി തുടങ്ങിയ മറ്റു ചെലവുകൾക്കായി വകമാറ്റി എന്ന് ലാക്ഷണിക പരിശോധന നടത്തിയ ബിപികൾ പറഞ്ഞു. മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്ന പോലെ ബിപികൾ നിർമ്മാണപ്രവർത്തനങ്ങൾ സൂക്ഷ്മമായി മേൽനിരീക്ഷിക്കുകയും ഗുണഭോക്തൃസഹായ സേവനങ്ങളുടെ രൂപത്തിൽ നിരന്തര കൈത്താങ്ങു നൽകുകയും ചെയ്തിരുന്നെങ്കിൽ സമയബന്ധിതമായി വീടുകൾ പൂർത്തിയാക്കാൻ കഴിയുമായിരുന്നു എന്നതിനാൽ മറുപടി സ്വീകാര്യമല്ല.

### *2.1.8.2. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റത്തിലെ ന്യൂനതയാർന്ന റിപ്പോർട്ടിംഗ്*

- പദ്ധതിയുടെ നിർവ്വഹണത്തിനും നടപടി ക്രമങ്ങൾക്കും കരുത്തുറ്റ മേൽനിരീക്ഷണസംവിധാനമാണ് പിഎംഎവൈ-ജി മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നത്. ആവാസ്സോഫ്റ്റിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകൾ മുഖേനയാണ് പിഎംഎവൈ-ജിയ്ക്ക് കീഴിൽ മേൽനിരീക്ഷണം നടത്തേണ്ടത്. വീടുകളുടെ നിർമ്മാണത്തിന്റെ ഘട്ടം ഘട്ടമായുള്ള ഭൗതികപുരോഗതി പരിശോധിക്കുകയും മേൽനിരീക്ഷണം നടത്തുകയും ചെയ്യുന്നത് മൊബൈൽ അടിസ്ഥാനമാക്കിയ ആവാസ് ആപ്പ് വഴി എടുത്തതും ബിപികൾ ആവാസ്സോഫ്റ്റിൽ അപ്ലോഡ് ചെയ്തിട്ടുള്ളതുമായ ജിയോ റഫറൻസ് ചെയ്ത തീയതിയും സമയവും രേഖപ്പെടുത്തിയ ഫോട്ടോകൾ മുഖാന്തിരം ആണ്. മൂന്നു ബിപികൾ ഡേറ്റാ അപ്ലോഡ് ചെയ്തതിൽ ശ്രദ്ധിക്കപ്പെട്ട ക്രമക്കേടുകൾ **പട്ടിക 2.4**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.4: ഡേറ്റ അപ്ലോഡ് ചെയ്യുന്നതിൽ നിരീക്ഷിച്ച ക്രമക്കേടുകൾ**

| ബിപിയുടെ പേര് | ഓഡിറ്റ് നിരീക്ഷണം |
|---|---|
| ബാലുശ്ശേരി | പുതിയ വീട് നിർമ്മിക്കുന്നതിനുപകരം ഗുണഭോക്താവ് നിലവിലെ വീടിന്റെ അറ്റകുറ്റ പണി ചെയ്തു. നിർമ്മാണത്തിനു മുമ്പുള്ള ഘട്ടം കാണിക്കുന്നതിനും 'പൂർത്തീകരിച്ചു' എന്ന നില കാണിക്കുന്നതിനും ബിപി വീടിന്റെ ഒരേ ഫോട്ടോ തന്നെയാണ് ആവാസ് സോഫ്റ്റിൽ ക്രമരഹിതമായി അപ്ലോഡ് ചെയ്തത്. |
| ചമ്പക്കുളം | ഗുണഭോക്താവ് പുതിയ വീട് നിർമ്മിക്കുന്നതിനു പകരം അവരുടെ നിലവിലെ ലിന്റൽ ലവൽ വരെയുള്ള കെട്ടിടത്തിനു മുകളിൽ ആസ്ബസ്റ്റോസ് സിമന്റ് മേൽക്കൂര മാറ്റി ഗാൽവനൈസ്ഡ് ഇരുമ്പ് ഷീറ്റാക്കി നിലവാരം ഉയർത്തുകയാണ് ചെയ്തത്. വീട് അനുവദിച്ച തീയതിയിൽ അന്ന് നിലനിന്നിരുന്ന ലിന്റൽ ലവൽ വരെയുള്ള നിർമ്മാണം ബിപി ജിയോ ടാഗ് ചെയ്യുകയും അപ്ലോഡ് ചെയ്യുകയും ചെയ്തു. അസ്ഥിവാരം പൂർത്തിയാക്കിയ സമയത്ത് ജിയോടാഗിംഗ് നടത്താനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ കാരണം അസ്ഥിവാരതലഘട്ടത്തിലുള്ള ഫോട്ടോ എംഐഎസ്സിൽ അപ്ലോഡ് ചെയ്യാൻ സാധിച്ചിരുന്നില്ലാ എന്ന് ബിപി മറുപടി പറഞ്ഞു. അനുവാദം നൽകിയ ദിവസം സ്ഥലത്ത് ലിന്റൽ ലവൽ വരെയുള്ള കെട്ടിടം നിലനിന്നിരുന്നതിനാൽ മറുപടി സ്വീകാര്യമല്ല. |
| നെടുമങ്ങാട് | ഒരു വീട് പൂർത്തീകരിക്കാതെ ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടക്കുകയായിരുന്നു എന്നാണ് സംയുക്തസ്ഥല പരിശോധനയിൽ വെളിപ്പെട്ടത്. എന്നാൽ പണി പൂർത്തിയാക്കി പെയിന്റ് ചെയ്ത ഒരു വീടിന്റെ ഫോട്ടോ ജിയോ ടാഗ് ചെയ്യാതെ ആവാസ് സോഫ്റ്റിൽ അപ്ലോഡ് ചെയ്യുകയും 'പൂർത്തീകരിച്ചു' എന്ന് നില കാണിക്കുകയും ചെയ്തു. വേറെ രണ്ടു കേസുകളിലും പൂർത്തിയാക്കാത്ത വീടുകളുടെ പ്രിന്റ് ചെയ്ത ഫോട്ടോകൾ അപ്ലോഡ് ചെയ്യുകയും 'പൂർത്തീകരിച്ചു' എന്ന് നില കാണിക്കുകയും ചെയ്തിരുന്നു. ഗുണഭോക്താക്കൾ നൽകിയ ഫോട്ടോകളാണ് അപ്ലോഡ് ചെയ്തതെന്ന് ബിപിയുടെ സെക്രട്ടറി പറഞ്ഞു. അപ്ലോഡ് ചെയ്യുന്നതിനുമുമ്പ് വീടുകൾ പൂർത്തീകരിച്ചു എന്ന് ബിപികൾ ഉറപ്പാക്കേണ്ടതായിരുന്നു എന്നതിനാൽ മറുപടി സ്വീകാര്യമല്ല. |

*(അവലംബം: ലാക്ഷണിക പരിശോധന നടത്തിയ ബിപികളിൽ നിന്നും ലഭിച്ച വിവരങ്ങൾ)*

തെറ്റായി റിപ്പോർട്ടിംഗ് നടത്തി, എംഐഎസ്സിൽ വീടുകൾ പൂർത്തിയായി എന്ന് കാണിക്കുകയും എന്നാൽ വീടുകളിൽ സൗകര്യങ്ങളുടെ അഭാവം ഉള്ളതുമായ ഉദാഹരണങ്ങൾ സ്ഥലപരിശോധനയിൽ മറ്റുള്ള ബിപികളിലും കണ്ടിരുന്നു (**അനുബന്ധം 2.3**). ഇത്, പദ്ധതിയുടെ കീഴിൽ അനർഹമായ ആനുകൂല്യങ്ങൾ നേടുവാൻ വേണ്ടി വസ്തുതകളെ തെറ്റായി അവതരിപ്പിച്ചതാണെന്ന് വ്യക്തമായി വെളിവാക്കുന്നു. മേൽപ്പറഞ്ഞ

ഉദാഹരണങ്ങളിൽ ബിപികളിലെ ഉദ്യോഗസ്ഥരുടെ മൗനാനുവാദം തള്ളിക്കളയാൻ ആവില്ല.

- മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, പിഎംഎവൈ-ജി ഗുണഭോക്താവിന് അവരുടെ വീടിന്റെ നിർമ്മാണത്തിന് 90 ദിവസത്തെ അവിദഗ്ദ്ധ കായികതൊഴിൽ നിലവിലെ നിരക്കിൽ എംജിഎൻആർഇജിഎസുമായി സംയോജിപ്പിച്ച് നൽകേണ്ടതുണ്ട്. വീടിനുള്ള അനുമതി ആവാസ് സോഫ്റ്റിൽ പുറപ്പെടുവിച്ചു കഴിഞ്ഞാൽ വീടു നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ എൻആർഇജിഎ സോഫ്റ്റിൽ സ്വമേധയാ ജനറേറ്റ് ചെയ്യത്തക്കവിധത്തിൽ രണ്ട് എംഐഎസ്സുകളുടെ അതായത് പിഎംഎവൈ-ജിയുടെ ആവാസ് സോഫ്റ്റിന്റെയും എംജിഎൻആർഇജിഎസിന്റെ എൻആർഇജിഎ സോഫ്റ്റിന്റെയും സെർവർ ടു സെർവർ സംയോജനം വികസിപ്പിച്ചിരുന്നു. ഗുണഭോക്താവിന് 90 ദിവസത്തെ കായികതൊഴിൽ ഉറപ്പാക്കുന്നതിന് എംജിഎൻആർഇജിഎസിന്റെ സംയോജന റിപ്പോർട്ടുകൾ ആവാസ് സോഫ്റ്റിൽ പ്രദർശിപ്പിക്കുന്നു. ലാക്ഷണിക പരിശോധന നടത്തിയ ബിപികളിൽ, 13 ബിപികളിലെ[27] പൂർത്തിയാക്കിയ 845 വീടുകളിൽ, ആവാസ് സോഫ്റ്റ് ജനറേറ്റ് ചെയ്ത സംയോജന റിപ്പോർട്ടു പ്രകാരം, ഓരോ വീടിനും അർഹതപ്പെട്ട 90 കായികദിനത്തേക്കാൾ കുറവായിരുന്നു ലഭിച്ചത് എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. എംജിഎൻആർഇജിഎസുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രിക്ക് നിയോഗിച്ചിരുന്ന സ്റ്റാഫിന്റെ സാങ്കേതിക അറിവിന്റെ അഭാവം കാരണം സംയോജന റിപ്പോർട്ടുകളിൽ വർക്ക് ഓർഡറുകൾ പ്രതിഫലിച്ചിരുന്നില്ല എന്ന് ബിപികൾ മറുപടി പറഞ്ഞു. രണ്ടു പദ്ധതികളുടെയും എംഐഎസ് സോഫ്റ്റ്‌വെയറിന്റെ സംയോജനം നടപ്പിലാക്കിയിരുന്നതിനാൽ ആവാസ് സോഫ്റ്റിൽ വീടിന്റെ അനുമതി പുറപ്പെടുവിച്ചാൽ വീടു നിർമ്മാണത്തിനുള്ള വർക്ക് ഓർഡർ എംജിഎൻആർഇജിഎസ് സ്വമേധയാ ജനറേറ്റ് ചെയ്യുന്നു എന്ന് ബിപികൾ ഉറപ്പാക്കേണ്ടതായിരുന്നു എന്നതിനാൽ മറുപടി നിലനിൽക്കത്തക്കതല്ല.

### *2.1.8.3. സോഷ്യൽ ഓഡിറ്റ്*

പിഎംഎവൈ-ജിയുടെ സോഷ്യൽ ഓഡിറ്റ്, പൊതുജാഗ്രതയും പദ്ധതി നടപ്പിലാക്കുന്നതിന്റെ സ്ഥിരീകരണവും ഉൾപ്പെടുന്ന തുടർച്ചയുള്ളതും നിരന്തരവുമായ ഒരു പ്രക്രിയയാണ് വിഭാവനം ചെയ്യുന്നത്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമപ്രകാരം സംസ്ഥാനം സ്ഥാപിച്ചിട്ടുള്ള സോഷ്യൽ ഓഡിറ്റ് യൂണിറ്റുകൾ പിഎംഎവൈ-ജിയുടെ സോഷ്യൽ ഓഡിറ്റ് നടത്താൻ സഹായിക്കേണ്ടതാണ്. എന്നാൽ മാർഗ്ഗ നിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നപോലെ പിഎംഎവൈ-ജിയുടെ സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കാൻ ഒരു നടപടിയും എടുത്തിരുന്നില്ല. സോഷ്യൽ ഓഡിറ്റിന്റെ അഭാവം പദ്ധതിയുടെ കീഴിൽ വിഭാവനം ചെയ്തിരുന്ന ഭൗതികവും സാമ്പത്തികവും ആയ പ്രയോജനങ്ങൾ ഗുണഭോക്താക്കൾക്ക് യഥാർത്ഥത്തിൽ ലഭിച്ചുവോ എന്ന് ഉറപ്പാക്കാനുള്ള അവസരം സർക്കാരിനും പൊതുജനത്തിനും ഇല്ലാതാക്കി.

### *2.1.8.4. സംസ്ഥാന/ജില്ലാതല നിരീക്ഷണ സമിതികൾ സ്ഥാപിക്കൽ*

വാർഷിക കർമ്മ പദ്ധതി അനുസരിച്ച് പിഎംഎവൈ-ജിയുടെ നടപ്പാക്കലിന് വേണ്ട നിർദ്ദേശവും മേൽനോട്ടവും ഉറപ്പാക്കുന്നതിന് സംസ്ഥാനതല ജില്ലാതല സമിതികൾ രൂപീകരിക്കണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. സംസ്ഥാനതല ജില്ലാതല സമിതികളുടെ ഘടന ജിഒകെ നിശ്ചയിക്കേണ്ടതാണ്. സംസ്ഥാനതല സമിതിയുടെ അദ്ധ്യക്ഷൻ ചീഫ് സെക്രട്ടറിയും ജില്ലാതല സമിതിയുടെ അദ്ധ്യക്ഷൻ ജില്ലാകളക്ടറുമായിരിക്കണം. വിഭാവനം ചെയ്തിരുന്നപോലെ പദ്ധതിയുടെ

[27] അമ്പലപ്പുഴ, ആര്യാട്, ബാലുശ്ശേരി, ഭരണിക്കാവ്, ചാലക്കുടി, ചമ്പക്കുളം, ചിറയിൻകീഴ്, കിളിമാനൂർ, കൊടകര, കൊടുവള്ളി, മുല്ലശ്ശേരി, പോത്തൻകോട്, നെടുമങ്ങാട്

നിരീക്ഷണം നടത്തുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സമിതികൾ രൂപീകരിച്ചിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

സമിതികൾ ഒന്നും രൂപീകരിച്ചിട്ടില്ല എന്ന് സമ്മതിക്കവേ എസ്പിഎംയു പറഞ്ഞത് (2020 ജൂൺ) എംഐഎസ്സിൽ ജനറേറ്റ് ചെയ്യുന്ന റിപ്പോർട്ടുകൾ വഴി നിരീക്ഷണം നടത്തിയിരുന്നു എന്നാണ്. വീടുനിർമ്മാണത്തിന്റെ പുരോഗതി നിരീക്ഷിക്കുന്നതിന് ജില്ലാ ബ്ലോക്കുതല നടപ്പാക്കൽ ഏജൻസികളായ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റുകളുമായി അവലോകന യോഗങ്ങളും വീഡിയോ കോൺഫറൻസുകളും എസ്പിഎംയു നടത്തിയിരുന്നു എന്നും ഓഡിറ്റിനെ അറിയിച്ചു.

പൊതുജനങ്ങളുടെ പ്രതിനിധികളും സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയും ജില്ലാതലത്തിൽ ജില്ലാകളക്ടറും ഉൾപ്പെടെയുള്ള സമിതികൾക്ക് രൂപീകരിച്ചിരുന്നെങ്കിൽ പദ്ധതി നടപ്പാക്കൽ ഏജൻസികൾക്ക് നിർദ്ദേശങ്ങളും വാർഷികകർമ്മ പദ്ധതിയിലെ ഘടകങ്ങളിൽ മേൽനോട്ടവും നൽകുവാൻ സാധിക്കുമായിരുന്നു എന്നതിനാൽ മറുപടി സ്വീകാര്യമല്ല. ഇതിനുപുറമെ, എംഐഎസ്സിൽ ഡേറ്റാ അപ്‌ലോഡു ചെയ്യുന്നതിൽ പിഴവുകളും ക്രമക്കേടുകളും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് പദ്ധതിയുടെ ഫലപ്രദമായ മേൽനിരീക്ഷണത്തെ പ്രതികൂലമായി ബാധിക്കും.

### 2.1.9. ധനകാര്യ മാനേജ്മെന്റ്

ജിഒഐയുടെ വാർഷിക വകയിരുത്തൽ സംസ്ഥാനങ്ങൾക്ക് രണ്ടു ഗഡുക്കളായി നൽകണമെന്ന് മാർഗ്ഗനിർദ്ദേശങ്ങൾ വിഭാവനം ചെയ്യുന്നു. ആകെയുള്ള വാർഷിക വകയിരുത്തലിന്റെ 50 ശതമാനം ജിഒഐ ഒന്നാം ഗഡു ആയി നൽകേണ്ടതും രണ്ടാം ഗഡു കണക്കാക്കേണ്ടത് ബാക്കി നിൽക്കുന്ന വാർഷിക വകയിരുത്തലിൽ നിന്നും സംസ്ഥാന വിഹിതത്തിൽ വന്ന കുറവുകൾക്ക് ബാധകമായ കിഴിവുകൾ വരുത്തിയശേഷം ഉള്ള തുകയിൽ നിന്നുമാണ്.

പദ്ധതിക്കായി സൂക്ഷിക്കുന്ന സംസ്ഥാന നോഡൽ അക്കൗണ്ടിലെ (എസ്.എൻ.എ) വരവുകളുടെയും ചെലവുകളുടെയും വിശദവിവരങ്ങൾ **പട്ടിക 2.5**-ൽ കാണിച്ചിരിക്കുന്നു.

**പട്ടിക 2.5: പദ്ധതിയ്ക്കായി സൂക്ഷിക്കുന്ന സംസ്ഥാന നോഡൽ അക്കൗണ്ടിലെ വരവുകളുടെയും ചെലവുകളുടെയും വിശദവിവരങ്ങൾ**

*(₹ കോടിയിൽ)*

| വർഷം | വകയിരുത്തിയ തുക | നൽകിയ തുക | | എസ്എൻഎ യിൽ ക്രെഡിറ്റ് ചെയ്ത തുക | | എസ്എൻഎ യിൽ നിന്നുള്ള ചെലവ് | പിആർഐകളും എസ്സി/എസ്റ്റി വകുപ്പും മുഖാന്തിരമുള്ള ജിഒകെയുടെ അധിക ധനസഹായം | | ആകെ ചെലവ് |
|---|---|---|---|---|---|---|---|---|---|
| | | ജിഒഐ വിഹിതം | ജിഒകെ വിഹിതം | ജിഒഐ വിഹിതം | ജിഒകെ വിഹിതം | | വകയിരുത്തൽ | ചെലവ് | |
| 2016-17 | 243.80 | 100.49 | 60.75 | 91.14 | 60.75 | 49.47 | 300.03 | 112.68 | 162.15 |
| 2017-18 | 73.92 | 21.41[28] | 0 | 0 | 0 | 102.83 | 104.69 | 52.68 | 155.51 |
| 2018-19 | ഇല്ല | 0 | 0 | 0 | 0 | 42.52 | 22.16 | 13.41 | 55.93 |
| **ആകെ** | **317.72** | **121.90** | **60.75** | **91.14** | **60.75** | **194.82*** | **426.88** | **178.77** | **373.59** |

** അധിക ചെലവ് നേരിട്ടത് എസ്എൻഎയിലെ ഐഎവൈ ഫണ്ടിന്റെ ബാക്കിയിൽ നിന്നാണ്.*
*(അവലംബം: സിആർഡിയും ഐകെഎമ്മും നൽകിയ വിവരങ്ങൾ)*

#### *2.1.9.1. ₹195.82 കോടിയുടെ കേന്ദ്രസഹായം നഷ്ടപ്പെട്ടത്*

2016-17-ൽ 32,559 വീടുകളുടെ നിർമ്മാണം എന്ന ലക്ഷ്യം ജിഒഐ നിശ്ചയിച്ചതിന് പകരമായി ജിഒകെ 13,326 വീടുകൾ അനുവദിച്ചു. **പട്ടിക 2.5**-ൽ കാണിച്ചിരിക്കുന്ന പോലെ, 2016-17 ലേയ്ക്ക് ഒന്നാം ഗഡു ആയി ₹121.90 കോടി (നാല് ശതമാനം ഭരണപരമായ ചെലവ് ഉൾപ്പെടെ) ജിഒഐ നൽകിയെങ്കിലും 2016-17-ലെ രണ്ടാം ഗഡു ആയ ₹121.90 കോടി ലഭിക്കുന്നതിൽ ജിഒകെ പരാജയപ്പെട്ടു. അതുപോലെ, 2017-18-ൽ നിർമ്മാണത്തിനായി 9,872 വീടുകളുടെ ലക്ഷ്യം ജിഒഐ നിശ്ചയിച്ചതിന്

[28] 2016-17 ലേയ്ക്കുള്ള ഒന്നാം ഗഡുവിന്റെ ബാക്കിയായ ₹21.41 കോടി ജിഒഐയിൽ നിന്ന് ലഭിച്ചത് 2017-18 ലാണ്.

പകരമായി ജിഒകെ 3,961 വീടുകൾ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. 2017-18-ലെ ജിഒഐ വിഹിതമായ ₹73.92 കോടിയും സംസ്ഥാനത്തിനു ലഭിച്ചില്ല. 2016-17-ലെ രണ്ടാം ഗഡു ആവശ്യപ്പെട്ടു കൊണ്ട് ജിഒകെ 2017 മാർച്ചിൽ ജിഒഐയ്ക്ക് സമർപ്പിച്ച നിർദ്ദേശത്തിൽ പറഞ്ഞിരുന്നത് ആവശ്യമായ ലക്ഷ്യത്തിനെതിരെ അനുവദിക്കേണ്ടിയിരുന്ന 95 ശതമാനത്തിന് പകരമായി ജിഒകെ അനുവദിച്ചത് 27.42 ശതമാനം മാത്രമായിരുന്നു എന്നാണ്. അതുപോലെ, 2016-17-ൽ അനുവദിച്ച വീടുകളുടെ 80 ശതമാനം പൂർത്തിയാക്കേണ്ടിയിരുന്ന സ്ഥാനത്ത് കൈവരിച്ചത് 69.22 ശതമാനം മാത്രമായിരുന്നു. ജിഒഐ നിർദ്ദേശിച്ച ഭൗതികവും സാമ്പത്തികവുമായ പുരോഗതി കൈവരിക്കുന്നതിൽ പരാജയപ്പെട്ടതിനാൽ ₹195.82 കോടിയുടെ[29] ജിഒഐ ധനസഹായം ജിഒകെയ്ക്ക് നഷ്ടമാക്കേണ്ടിവന്നു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു.

#### *2.1.9.2. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും നൽകിയ അധിക സഹായ വിഹിതത്തിലെ കുറവ്/കൂടുതൽ*

വീടുനിർമ്മാണത്തിന് ഓരോ യൂണിറ്റിനും ₹72,000 എന്ന ജിഒഐ ധനസഹായത്തിനോടൊപ്പം സംസ്ഥാനവിഹിതമായ ₹48,000 ന് പുറമെ ജിഒകെ അധിക ധനസഹായമായി ₹4,80,000 വരെ ഓരോ ഗുണഭോക്താവിനും നൽകിയിരുന്നു. സമയാസമയങ്ങളിൽ ജിഒകെ നിശ്ചയിക്കുന്ന അധിക ധനസഹായം ഗുണഭോക്താക്കൾക്കിടയിൽ വിതരണം ചെയ്യുന്നതിനായി ഗ്രാമപഞ്ചായത്തുകളും (ജിപികൾ) ജില്ലാ പഞ്ചായത്തുകളും (ഡിപികൾ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് (ബിപികൾ) കൈമാറേണ്ടതാണ് (**അനുബന്ധം 2.4**).

ഓഡിറ്റിന്റെ സൂക്ഷ്മപരിശോധന വെളിപ്പെടുത്തിയത് അധിക ധനസഹായത്തിന്റെ നിശ്ചിതവിഹിതം ജിപികളും ഡിപികളും ബിപികൾക്ക് നൽകിയതിൽ കുറവ്/കൂടുതൽ ഉണ്ടായിരുന്നു എന്നാണ്. ലാക്ഷണിക പരിശോധന നടത്തിയ 14 ബിപികളിൽ, 43 ജിപികൾ ബിപികൾക്ക് നൽകിയ അധിക ധനസഹായത്തിന്റെ നിശ്ചിതവിഹിതത്തിൽ കുറവുണ്ടായിരുന്നു (**അനുബന്ധം 2.5**). ഈ ജിപികൾ 100 ശതമാനം വരെ കുറവു വിഹിതം നൽകിയതായി കണ്ടിരുന്നു.

അതുപോലെ, 38 ജിപികൾ (**അനുബന്ധം 2.6**) ആവശ്യമായ വിഹിതത്തേക്കാൾ കൂടുതൽ ധനസഹായം ബിപികൾക്ക് നൽകി, അധികമായി നൽകിയത് നാലു ശതമാനം മുതൽ 296 ശതമാനം വരെ ആയിരുന്നു. എട്ട്[30] ബിപികൾക്ക് ആവശ്യമായ വിഹിതത്തേക്കാൾ കുറവ് ഡിപികളിൽ നിന്നു ലഭിക്കുകയും ഒൻപത്[31] ബിപികൾക്ക് ഡിപികളിൽ നിന്ന് അധിക വിഹിതം ലഭിക്കുകയും ചെയ്തു.

ബിപികൾക്ക് കുറവ്/കൂടുതൽ അധികധനസഹായം നൽകുന്നത് ഗുണഭോക്താക്കൾക്ക് അർഹമായ ധനസഹായം നൽകുന്നതിനെ ബാധിച്ചിരിക്കാം. ലാക്ഷണിക പരിശോധന നടത്തിയ ബിപികളിൽ തങ്ങളുടെ വീടുകൾ പൂർത്തിയാക്കിയ 401 ഗുണഭോക്താക്കൾക്ക് ₹1.74 കോടിയുടെ അധിക ധനസഹായം ഇനിയും ലഭിക്കാൻ ഉണ്ടായിരുന്നു (2019 മാർച്ച്). അതുപോലെ, 12[32] ബിപികളിൽ 159 ഗുണഭോക്താക്കൾക്ക് അവർക്ക് ലഭിക്കേണ്ട ധനസഹായത്തെക്കാളും ₹1.08 കോടി അധിക ധനസഹായം നൽകി.

### 2.1.10. നിഗമനം

നേരത്തെയുള്ള ഇന്ദിരാ ആവാസ് യോജന (ഐഎവൈ)യുടെ നടപ്പാക്കലിൽ കണ്ടിരുന്ന ന്യൂനതകൾ പരിഹരിക്കുവാനാണ് പിഎംഎവൈ-ജി പദ്ധതി

[29] ₹317.72 കോടി - ₹121.90 കോടി

[30] അമ്പലപ്പുഴ, ആര്യാട്, ഭരണിക്കാവ്, ചാലക്കുടി, ചമ്പക്കുളം, ചാവക്കാട്, ചിറയിൻകീഴ്, കിളിമാനൂർ

[31] ബാലുശ്ശേരി, ചൊവ്വന്നൂർ, കൊടകര, കൊടുവള്ളി, മുല്ലശ്ശേരി, നെടുമങ്ങാട്, പന്തലായനി, പോത്തൻകോട്, തൂണേരി.

[32] ബാലുശ്ശേരി, ഭരണിക്കാവ്, ചമ്പക്കുളം, ചാവക്കാട്, ചിറയിൻകീഴ്, ചൊവ്വന്നൂർ, കൊടകര, കൊടുവള്ളി, മുല്ലശ്ശേരി, നെടുമങ്ങാട്, പോത്തൻകോട്, തൂണേരി

ആരംഭിച്ചത്. ഈ ന്യൂനതകൾ, അതായത് ഭവന ക്ഷാമം വിലയിരുത്താത്തത്, സംയോജനത്തിന്റെ അഭാവം, സാങ്കേതികവും ഗുണനിലവാരവുമുള്ള മേൽനോട്ടത്തിന്റെ അഭാവം മുതലായവ പിഎംഎവൈ-ജി പദ്ധതിയുടെ നടപ്പാക്കലിലും നിലനിന്നിരുന്നു എന്ന് അനുവർത്തന ഓഡിറ്റ് വെളിപ്പെടുത്തി. സ്ഥിര മുൻഗണനാ ലിസ്റ്റിലേയ്ക്ക് അർഹമായ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുക, വീടുനിർമ്മാണത്തിൽ വയോജനങ്ങളെയും ദുർബ്ബലരേയും സഹായിക്കുക, ഭൂമി ഇല്ലാത്തവർക്ക് ഭൂമി കണ്ടെത്തുക, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയ്ക്കായി പദ്ധതികളെ സംയോജിപ്പിക്കുക എന്നിവ ഉറപ്പാക്കുന്നതിൽ ജിപികൾ പരാജയപ്പെട്ടു. കുടുംബത്തിലെ പുരുഷഅംഗത്തിന്റെ പേരിൽ ക്രമരഹിതമായി വീട് അനുവദിക്കുക, ഗുണഭോക്താക്കൾക്ക് വായ്പ തരപ്പെടുത്തുന്നതിൽ ബിപികളുടെ പരാജയം എന്നിവയും ശ്രദ്ധയിൽപ്പെട്ടു. ജിപികളിൽ നിന്ന് കെട്ടിടനിർമ്മാണ പെർമിറ്റ് ലഭിക്കാതെയും കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയിൽ നിന്നും സമ്മതപത്രം വാങ്ങാതെയും വീടുകൾ നിർമ്മിച്ച ഉദാഹരണങ്ങളും കണ്ടിരുന്നു. ജിഐഐ നിർദ്ദേശിച്ച ഭൗതികവും, സാമ്പത്തികവും ആയ പുരോഗതി കൈവരിക്കുന്നതിലുണ്ടായ പരാജയം മൂലം 2016-18 കാലയളവിൽ ₹195.82 കോടിയുടെ ജിഐഐ ധനസഹായം സംസ്ഥാനത്തിന് നഷ്ടപ്പെട്ടു. പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റുകളുടെ വിവിധ തലങ്ങളിൽ മേൽ നിരീക്ഷണവും കുറവായിരുന്നു.

## മേൽനോട്ടത്തിന്റെ/ഭരണപരമായ നിയന്ത്രണങ്ങളുടെ പരാജയം

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

### 2.2. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെയും മാവേലിക്കര ജില്ലാ ആശുപത്രിയിലെയും സർക്കാർ പണത്തിന്റെ തിരിമറിയും തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിലെ സംശയാസ്പദമായ തിരിമറിയും

**ചട്ടങ്ങൾ പാലിക്കുന്നതിലുള്ള പരാജയത്തിന്റെയും മേൽനോട്ടത്തിലെ അലംഭാവത്തിന്റെയും ഫലമായി നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ₹1.84 ലക്ഷത്തിന്റെയും മാവേലിക്കര ജില്ലാ ആശുപത്രിയിൽ ₹6.46 ലക്ഷത്തിന്റെയും തിരിമറിയും തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിൽ ₹0.83 ലക്ഷത്തിന്റെ തിരിമറി എന്ന് സംശയിക്കാവുന്ന ഒരു സംഭവവും നടന്നു.**

**പണം കൈകാര്യം ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർ എല്ലാ പണമിടപാടുകളും നടന്നയുടൻ തന്നെ അവ കാഷ്ബുക്കിൽ ചേർക്കണമെന്നും ഇത് പരിശോധന നടത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തണമെന്നും കേരള ട്രഷറി കോഡിലെ (കെറ്റിസി) 92(a)(ii) മുതൽ (iv) വരെയുള്ള ചട്ടങ്ങൾ അനുശാസിക്കുന്നു. കാഷ്ബുക്കിന്റെ ആകെത്തുകകൾ ഓഫീസ് മേധാവിയോ അല്ലെങ്കിൽ കാഷ്ബുക്ക് എഴുതിയ വ്യക്തിയല്ലാതെ മറ്റേതെങ്കിലും ഉത്തരവാദപ്പെട്ട കീഴുദ്യോഗസ്ഥനോ പരിശോധിച്ച് ശരിയാണെന്ന് രേഖപ്പെടുത്തണം. എല്ലാ മാസവസാനവും കാഷ്ബുക്കിലെ പണത്തിന്റെ നീക്കിയിരിപ്പ് ഓഫീസ് മേധാവി പരിശോധിക്കുകയും തീയതിവെച്ച് ഒപ്പിട്ട സാക്ഷ്യപത്രം രേഖപ്പെടുത്തുകയും വേണം. സർക്കാരിന് വേണ്ടി പണം സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ പണം സ്വീകരിക്കുന്ന ദിവസമോ അല്ലെങ്കിൽ അതിനുശേഷമോ കാലതാമസമന്യേ ട്രഷറിയിലോ ബാങ്കിലോ അടയ്ക്കണമെന്നും കെറ്റിസി നിഷ്കർഷിക്കുന്നു.**

**ഓഫീസ് മേധാവി അദ്ദേഹത്തിന്റെ ഓഫീസോ ഏതെങ്കിലും കീഴുദ്യോഗസ്ഥനോ ഉൾപ്പെട്ട പണാപഹരണമോ സർക്കാർ പണത്തിന്റെ നഷ്ടമോ സംശയിക്കുകയാണെങ്കിൽ, അദ്ദേഹം ഉടൻതന്നെ അക്കൗണ്ടന്റ് ജനറലിനും വകുപ്പ് തലവനും പ്രാഥമിക റിപ്പോർട്ട് അയയ്ക്കണമെന്ന് കേരള ഫിനാൻഷ്യൽ കോഡ്**

(കെഎഫ്സി) നിഷ്കർഷിക്കുന്നു. ഓഫീസ് മേധാവി ഈ പ്രാഥമിക റിപ്പോർട്ടുകൾ അയച്ചതിനുശേഷം താമസംവിനാ അക്കാര്യം പൂർണമായും അന്വേഷിക്കുകയും നഷ്ടങ്ങളുടെ ഉത്തരവാദിത്തം ഉറപ്പിക്കുകയും നടപ്പാക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുകയും വേണം. ഓഫീസ് മേധാവി തിരിമറിയുടെ കാര്യം വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ (വിഎസിബി)ക്ക് റിപ്പോർട്ട് ചെയ്യുകയും അതോടൊപ്പം ജില്ലാകളക്ടർ, അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, വകുപ്പ് തലവൻ എന്നിവരെ വിഎസിബിയ്ക്ക് റിപ്പോർട്ട് ചെയ്ത കാര്യം അറിയിക്കുകയും വേണം.

ആശുപത്രികളുടെ വികസനവും നല്ലരീതിയിലുള്ള പ്രവർത്തനവും പുരോഗതിയും ഉറപ്പാക്കുന്നതിനായിട്ടാണ് സർക്കാർ ആശുപത്രികളിൽ ആശുപത്രി മാനേജ്മെന്റ് കമ്മറ്റികൾ (എച്ച്എംസി) രൂപീകരിച്ചിരിക്കുന്നത്. ലബോറട്ടറി ടെസ്റ്റ്, എക്സ്റേ, ആംബുലൻസ് സേവനം, ഔട്ട് പേഷ്യന്റ്/ഇൻപേഷ്യന്റ് ഫീസ് മുതലായ ഇനങ്ങളിൽ ലഭിക്കുന്ന പണം എച്ച്എംസിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു. എച്ച്എംസിയുമായി ബന്ധപ്പെട്ട എല്ലാ ചെലവും കണ്ടെത്തുന്നത് ഈ ബാങ്ക് അക്കൗണ്ടിൽ നിന്നും പിൻവലിച്ചാണ്. എച്ച്എംസിയിലെ ക്ലർക്ക് ഈ ഇടപാടുകൾ ദിവസേന കാഷ്ബുക്കിൽ രേഖപ്പെടുത്താൻ ഉത്തരവാദപ്പെട്ടിരിക്കുന്നുവെങ്കിലും ഇവ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കി, സാക്ഷ്യപ്പെടുത്തേണ്ടത് ആശുപത്രി സൂപ്രണ്ടാണ്.

ചട്ടങ്ങൾ പാലിക്കുന്നതിലുള്ള പരാജയവും കർശനമല്ലാത്ത മേൽനോട്ട നിയന്ത്രണങ്ങളും നെയ്യാറ്റിൻകര ജനറൽ ആശുപത്രി[33] (ജിഎച്ച്), മാവേലിക്കര ജില്ലാ ആശുപത്രി[34] (ഡിഎച്ച്) എന്നിവിടങ്ങളിൽ സർക്കാർ പണത്തിന്റെ തിരിമറിക്ക് കാരണമായി എന്ന് ഓഡിറ്റ് നിരീക്ഷിച്ചു. തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിൽ[35] തിരിമറിയെന്ന് സംശയിക്കാവുന്ന ഒരു സംഭവവും ശ്രദ്ധയിൽപ്പെട്ടു.

- **ജനറൽ ആശുപത്രി, നെയ്യാറ്റിൻകര**

  ദിവസേന ഉള്ള വരവ്, അതേ ദിവസമോ എത്രയും പെട്ടെന്നോ അടയ്ക്കണം എന്ന കെറ്റിസി ചട്ടങ്ങൾക്ക് വിരുദ്ധമായി, എച്ച്എംസിയുടെ പ്രതിദിനം സമാഹരിക്കുന്ന പണം മുഴുവനും ബാങ്ക് അക്കൗണ്ടിൽ അടച്ചിട്ടില്ലെന്ന് ജിഎച്ച് നെയ്യാറ്റിൻകരയിലെ എച്ച്എംസി കാഷ്ബുക്ക് പരിശോധനയിൽ വെളിവായി. ആശുപത്രി സൂപ്രണ്ട് എച്ച്എംസി കാഷ്ബുക്കിലെ പണത്തിന്റെ നീക്കിയിരിപ്പിൽ ₹83,519-ന്റെ കുറവ് കണ്ടെത്തിയെന്ന് (2017 ജൂലായ് 31) ഓഡിറ്റ് നിരീക്ഷിച്ചു. കാഷ്ബുക്ക് സൂക്ഷിക്കാൻ ചുമതലപ്പെട്ട സീനിയർ ക്ലർക്കിൽ നിന്നും തിരിമറി നടത്തിയ പണം തിരിച്ചുപിടിച്ച് എച്ച്എംസി ബാങ്ക് അക്കൗണ്ടിൽ അടച്ച് പണത്തിന്റെ കുറവ് നികത്തി (2017 ആഗസ്റ്റ് 18).

  2017 ജൂലായ് 31-ന് ആശുപത്രി സൂപ്രണ്ട് കണ്ടെത്തിയ മേൽപ്പറഞ്ഞ തിരിമറിയുടെയും, മാനദണ്ഡം ലംഘിച്ചുകൊണ്ട് വലിയ തുകയുടെ നീക്കിയിരിപ്പുകൾ സൂക്ഷിച്ചതിന്റെയും വെളിച്ചത്തിൽ, 2017 ജനുവരി 1 മുതൽ 2018 ആഗസ്റ്റ് 31 വരെയുള്ള കാലയളവിലെ കാഷ്ബുക്കിന്റെ വിശദമായ ഒരു പരിശോധന ഓഡിറ്റ് നടത്തുകയും ₹ ഒരു ലക്ഷത്തിന്റെ തിരിമറി കൂടി കണ്ടെത്തുകയും ചെയ്തു. 2017 ജൂലായ് 28-ന് പണത്തിന്റെ പ്രാരംഭനീക്കിയിരിപ്പ് ₹3,26,970-ഉം അന്നേ ദിവസത്തെ കാഷ് വരവ് ₹35,321-ഉം ആയിരുന്നു. അതേ ദിവസം ₹41,000 ബാങ്കിൽ നിക്ഷേപിച്ചതിനാൽ അവസാന കാഷ് നീക്കിയിരിപ്പ് ₹3,21,291

[33] 2017 മെയ് 1 മുതൽ 2018 ആഗസ്റ്റ് 31 വരെയുള്ള കാലയളവിലെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ ഓഡിറ്റ് 2018 സെപ്റ്റംബറിൽ നടത്തി.

[34] മാവേലിക്കര ജില്ലാ ആശുപത്രിയിൽ 2017 ഒക്ടോബർ 1 മുതൽ 2018 നവംബർ 30 വരെയുള്ള കാലയളവിലെ ഓഡിറ്റ് 2018 ഡിസംബറിൽ നടത്തി

[35] തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിൽ 2018 ഡിസംബർ 01 മുതൽ 2019 ഒക്ടോബർ 31 വരെയുള്ള കാലയളവിലെ ഓഡിറ്റ് 2019 നവംബറിൽ നടത്തി.

ആകേണ്ടിയിരുന്നു. എന്നാൽ 2017 ജൂലായ് 28-ലെ അവസാന നീക്കിയിരിപ്പ് കുറച്ചു കാണിക്കുകയും ₹2,21,291 എന്ന് തെറ്റായി രേഖപ്പെടുത്തുകയും അതുതന്നെ 2017 ജൂലായ് 29-ലെ കാഷ്ബുക്കിന്റെ പ്രാരംഭനീക്കിയിരിപ്പായി എടുക്കുകയും ചെയ്തു. പിന്നീടുള്ള ദൈനംദിന കാഷ് നീക്കിയിരിപ്പുകൾ കണക്കാക്കിയതും 2017 ജൂലായ് 28-ൽ ₹ ഒരു ലക്ഷം കുറവായി എടുത്തത് അടിസ്ഥാനമാക്കിയാണ്. എച്ച്എംസി അക്കൗണ്ടിൽ നിന്നും സീനിയർ ക്ലർക്ക് ₹ ഒരു ലക്ഷം ഇപ്രകാരം തിരിമറി നടത്തി.

- ജില്ലാ ആശുപത്രി, മാവേലിക്കര

ഡിഎച്ച് മാവേലിക്കരയിൽ, 2018 മാർച്ച് 31-ലെ വരവായ ₹10,020 കണക്കിലെടുക്കുമ്പോൾ അന്നേ ദിവസത്തെ പണത്തിന്റെ അവസാന നീക്കിയിരിപ്പ് ₹6,80,479 ആണെന്ന് എച്ച്എംസി കാഷ്ബുക്കിലെ രേഖപ്പെടുത്തലുകളുടെ പരിശോധനയിൽ വെളിപ്പെട്ടു. എന്നാൽ 2018 ഏപ്രിൽ 01-ലെ പണത്തിന്റെ പ്രാരംഭനീക്കിയിരിപ്പ് ₹10,020 എന്നാണ് എച്ച്എംസി ക്ലർക്ക് രേഖപ്പെടുത്തിയത്. അങ്ങനെ, ബാക്കി ₹6,70,459 എന്ന് കുറച്ച് കാണിച്ചു. തലേദിവസത്തെ കാഷ് ബാലൻസ് പരിശോധിക്കാതെ 2018 ഏപ്രിൽ 01-ന് കാഷ്ബുക്കിൽ കുറച്ച് കാണിച്ച പ്രാരംഭ നീക്കിയിരിപ്പ് ആശുപത്രി സൂപ്രണ്ട് സാക്ഷ്യപ്പെടുത്തുകയും ചെയ്തു.

പണത്തിന്റെ സംശയാസ്പദമായ തിരിമറിയുടെ വെളിച്ചത്തിൽ, പ്രസ്തുത ക്ലർക്ക് എച്ച്എംസി കാഷ്ബുക്കിന്റെ ചുമതല വഹിച്ചിരുന്ന 2016 ആഗസ്റ്റ് 23 മുതൽ 2018 ജൂലായ് 24 ഉൾപ്പെടെ 2016 ജനുവരി 1 മുതൽ 2018 ജൂലായ് 25 വരെയുള്ള കാലയളവിലെ കാഷ്ബുക്കിന്റെ വിശദമായ പരിശോധന ഓഡിറ്റ് നടത്തി. ഇക്കാലയളവിൽ കാഷ്ബുക്ക് ശരിയായി സൂക്ഷിക്കാതിരുന്നതും അതിൽ നിരവധി തിരുത്തലുകൾ, പുറത്തെഴുത്തുകൾ, രേഖപ്പെടുത്തിയത് റദ്ദാക്കൽ മുതലായവയും നിരീക്ഷിച്ചു. ദിവസേനയുള്ള കാഷ് കളക്ഷൻ, ക്ലർക്ക് കൃത്യമായി ബാങ്കിൽ നിക്ഷേപിക്കാത്തത് വലിയ തുകയുടെ നീക്കിയിരിപ്പിനിടയാക്കി. ദിനംപ്രതിയുള്ള കാഷ് കളക്ഷനും ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റുമെന്റും ഓഡിറ്റ് പരിശോധന നടത്തിയപ്പോൾ ₹6,67,623 ആണ് 2018 ജൂലായ് 24 ലെ (എച്ച്എംസി ക്ലർക്ക് ജോലിയിൽ നിന്ന് വിടുതൽ വാങ്ങി നൂറനാട് പ്രാഥമികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് സ്ഥലം മാറിയ ദിവസം) എച്ച്എംസി കാഷ്ബുക്കിലെ അവസാന നീക്കിയിരിപ്പ് ആകേണ്ടിയിരുന്നത് എന്ന് വ്യക്തമായി. എന്നാൽ എച്ച്എംസി ക്ലർക്ക് പുതിയ ക്ലർക്കിന് കൈമാറിയത് ₹21,799 മാത്രമാണ്. തന്മൂലം കാഷ്ബുക്കിൽ ₹6,45,824 കുറച്ച് അക്കൗണ്ട് ചെയ്തു. അപ്രകാരം ഡിഎച്ച് മാവേലിക്കരയിൽ എച്ച്എംസി ക്ലർക്ക് ₹6,45,824 തിരിമറി നടത്തി.

- താലൂക്ക് ആശുപത്രി, ഫോർട്ട്, തിരുവനന്തപുരം

തിരുവനന്തപുരം, ഫോർട്ട് താലൂക്ക് ആശുപത്രിയിൽ എച്ച്എംസി അക്കൗണ്ടിൽ നിന്നും ₹83,226 തിരിമറി നടന്നിരിക്കാനുള്ള സാധ്യത ഓഡിറ്റ് ശ്രദ്ധിച്ചിരുന്നു. 2019 ആഗസ്റ്റ് മാസത്തിലെ എച്ച്എംസി കാഷ്ബുക്ക് ഓഡിറ്റ് പരിശോധന നടത്തിയപ്പോൾ ഡയാലിസിസ് ചാർജ്, ലാബ്ചാർജ്, ഒ.പി.ചാർജ്, ഇസിജി ചാർജ് എന്നീ ഇനങ്ങളിൽ പല ദിവസങ്ങളിലായി കിട്ടിയ ₹8,377 കാഷ്ബുക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ലെന്ന് കണ്ടെത്തി.

₹8,377 തിരിമറി നടത്തിയിരിക്കാനുള്ള സാധ്യതയുണ്ടെന്ന് കണ്ടെത്തിയതിനാൽ 2017 ഏപ്രിൽ 01 (സെക്ഷൻ ക്ലർക്ക് ചാർജ്ജെടുത്ത ദിവസം) മുതൽ 2019 ഒക്ടോബർ 31 വരെയുള്ള കാലയളവിലെ രേഖകൾ ഓഡിറ്റ് പരിശോധിച്ചു. എന്നാൽ, 2017 ഏപ്രിൽ 01 മുതൽ 2017 ജൂലായ് 12 വരെയുള്ള ഏകീകൃത പ്രതിദിന കളക്ഷൻ രജിസ്റ്ററും വകുപ്പ് തിരിച്ചുള്ള കളക്ഷൻ രജിസ്റ്ററുകളും ഇപ്പോഴുള്ള സൂപ്രണ്ടിന് കൈമാറിയിട്ടില്ലെന്ന

കാരണം പറഞ്ഞ് സൂക്ഷ്മ പരിശോധനയ്ക്കായി ഓഡിറ്റിന് നൽകിയില്ല. അതിനാൽ, 2017 ജൂലായ് 13 മുതൽ 2019 ഒക്ടോബർ 31 വരെയുള്ള കാലയളവിലെയ്ക്ക് ഓഡിറ്റ് പരിശോധന പരിമിതപ്പെടുത്തേണ്ടിവന്നു. ദിവസേനയുള്ള രേഖപ്പെടുത്തലുകൾ കാഷ്ബുക്കിൽ നടത്തിയിട്ടില്ലെന്നും പുറത്തെഴുത്ത്, രേഖപ്പെടുത്തലുകളുടെ റദ്ദാക്കൽ തുടങ്ങിയവ ഉണ്ടെന്നും ഓഡിറ്റിൽ വെളിവായി. ഓഡിറ്റ് പരിശോധനാ കാലയളവിൽ (2019 ജൂലായ് 17-നും 2019 സെപ്റ്റംബർ 09-നും) രണ്ടു പ്രാവശ്യം കാഷ്ബുക്ക് മാറ്റിയിരുന്നു. രണ്ടു പ്രാവശ്യവും പ്രാരംഭ നീക്കിയിരിപ്പ് 'ശൂന്യം' എന്നാണ് പുതിയ കാഷ്ബുക്കിൽ രേഖപ്പെടുത്തിയിരുന്നത്. ആദ്യത്തെ സന്ദർഭത്തിൽ, 2019 ജൂലായ് 16-ലെ അവസാന നീക്കിയിരിപ്പ് ₹36,368 ആയിരുന്നപ്പോൾ 2019 ജൂലായ് 17-ലെ പ്രാരംഭ നീക്കിയിരിപ്പ് 'ശൂന്യം' എന്നാണ് കാണിച്ചിരുന്നത്. സെക്ഷൻ ക്ലർക്ക് 2019 ജൂലായ് 08 മുതൽ പല കാലയളവുകളിലും അനധികൃതമായി അവധിയിൽ പോയിരുന്നുവെന്നും 2019 മെയ് 01 മുതലുള്ള കാഷ്ബുക്ക് സൂപ്രണ്ടിനെ കാണിച്ചിട്ടില്ലെന്നും നേരത്തേയുള്ള സൂപ്രണ്ടിന്റെ കാഷ്ബുക്കിലെ കുറിപ്പ് വ്യക്തമാക്കുന്നു. 2019 ജൂലായ് 16 വരെയുള്ള രേഖപ്പെടുത്തലുകൾ പിന്നീട്, 2019 ആഗസ്റ്റ് 25-ന് സെക്ഷൻ ക്ലർക്ക് ഉൾപ്പെടുത്തിയെന്നും രേഖപ്പെടുത്തിയിട്ടുണ്ട്.

രണ്ടാമത്തെ സന്ദർഭത്തിൽ 2019 സെപ്റ്റംബർ 09-ന്, ഇപ്പോഴത്തെ സൂപ്രണ്ട് ചാർജെടുക്കുമ്പോൾ സെക്ഷൻ ക്ലർക്കിന്റെ കൈവശമുണ്ടായിരുന്ന ₹11,144 കൈമാറാതിരുന്നതിന്റെയും കാഷ്ബുക്കിൽ ചെലവായതായി രേഖപ്പെടുത്തിയ ₹8,303-ന്റെ വൗച്ചറുകൾ നൽകാതിരുന്നതിന്റെയും അടിസ്ഥാനത്തിൽ ഇപ്പോഴത്തെ സൂപ്രണ്ട് 2019 സെപ്റ്റംബർ 09 മുതൽ ഒരു പുതിയ കാഷ്ബുക്ക് തുടങ്ങി.

കാഷ്ബുക്കിലെ രേഖപ്പെടുത്തലുകൾ സംശയകരമായിരുന്നതുകൊണ്ട്, ഖജനാവിന് നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് പരിശോധിക്കാനായി ദിവസേനയുള്ള കളക്ഷൻ രജിസ്റ്ററുകളുടെ/അനുബന്ധ രജിസ്റ്ററുകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ്, കാഷ്ബുക്ക് റീകാസ്റ്റ് ചെയ്തു. ഓഡിറ്റ് കണക്കാക്കിയ ₹1,23,725 എന്ന കാഷ് നീക്കിയിരിപ്പിന് പകരം ₹40,499 കാഷ് നീക്കിയിരിപ്പായി 2019 ഒക്ടോബർ 31-ന് കാഷ്ബുക്കിൽ കാണിച്ചിരുന്നത് ₹83,226-ന്റെ തിരിമറി നടന്നുവെന്ന് ഓഡിറ്റ് സംശയിക്കാൻ കാരണമായി.

ഓഡിറ്റ് കണ്ടെത്തലുകൾ അറിയിച്ചതിന്റെ ഫലമായി, 2018 ഡിസംബർ മുതൽ 2019 നവംബർ വരെയുള്ള കണക്കും രജിസ്റ്ററുകളും പരിശോധിക്കുന്നതിന് ഫിനാൻസ് ഓഫീസറുടെ മേൽനോട്ടത്തിൽ ഒരു ടീമിനെ ആരോഗ്യവകുപ്പ് ഡയറക്ടർ രൂപീകരിച്ചു. എച്ച്എംസി അക്കൗണ്ടിൽ ₹1,49,747 കുറച്ച് അക്കൗണ്ട് ചെയ്തുവെന്ന് ടീം കണ്ടെത്തുകയും എച്ച്എംസി ക്ലർക്കിനെതിരെ അച്ചടക്കനടപടിയും 18 ശതമാനം പലിശയോടുകൂടി തിരിമറി നടത്തിയ പണം തിരിച്ചുപിടിക്കലും ശുപാർശ ചെയ്യുകയും ചെയ്തു.

തിരിമറികളിലേക്ക് നയിച്ച വ്യവസ്ഥാപരമായ കുറവുകൾ ഓഡിറ്റ് നിരീക്ഷിച്ചു. ജിഎച്ച് നെയ്യാറ്റിൻകരയിലെ ആശുപത്രി സൂപ്രണ്ട്, പൊതുപണം നഷ്ടപ്പെട്ടത് അറിഞ്ഞിട്ടും കെഎഫ്സിയിൽ ആവശ്യപ്പെട്ടിരിക്കുന്നത് പോലെ വകുപ്പ് മേധാവിയെയോ അക്കൗണ്ടന്റ് ജനറലിനെയോ അറിയിക്കുകയോ ഇക്കാര്യം സമ്പൂർണമായി അന്വേഷിക്കുന്നതിനുള്ള നടപടികൾ തുടങ്ങുകയോ ചെയ്തില്ല. ഡിഎച്ച് മാവേലിക്കരയിൽ, രേഖകളിലെ പൊരുത്തക്കേടുകൾ ജില്ലാ മെഡിക്കൽ ആഫീസറുടെ (ആരോഗ്യം) ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും (2018 സെപ്റ്റംബർ-നവംബർ), കെഎഫ്സിയിൽ അനുശാസിക്കുന്നതുപോലെ അന്വേഷണം നടത്തി ഖജനാവിനുണ്ടായ നഷ്ടം തിട്ടപ്പെടുത്താനും ഉത്തരവാദികളെ കണ്ടെത്താനുമുള്ള നടപടികൾ എടുക്കുന്നതിൽ ആശുപത്രി സൂപ്രണ്ട് പരാജയപ്പെട്ടു. തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിലെ ആശുപത്രി സൂപ്രണ്ട്, കാഷ്ബുക്ക് കൈകാര്യം ചെയ്തതിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ

സ്വീകരിക്കാതിരിക്കുകയും ഖജനാവിനുണ്ടായ നഷ്ടം കണ്ടുപിടിച്ച് തിട്ടപ്പെടുത്തുന്നതിൽ പരാജയപ്പെടുകയും ചെയ്തു.

കൂടാതെ, കെറ്റിസി നിഷ്കർഷിച്ചിരിക്കുന്ന പോലെ കാഷ്ബുക്കിലെ ദിവസേനയുള്ള ആകെത്തുകകൾ പരിശോധിക്കുന്നതും മാസാവസാനം കാഷ്ബുക്കിലെ കാഷ് നീക്കിയിരിപ്പ് പരിശോധിച്ച് തീയതി വച്ചുള്ള ഒപ്പിട്ട സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതുമായ നിബന്ധനകൾ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലേയും മാവേലിക്കര ജില്ലാ ആശുപത്രിയിലെയും സൂപ്രണ്ടുമാർ പാലിച്ചിരുന്നില്ലെന്നും കണ്ടു. തിരുവനന്തപുരം ഫോർട്ട് താലൂക്ക് ആശുപത്രിയിൽ മതിയായ പരിശോധന കൂടാതെ കാഷ്ബുക്കിലെ ദിവസേനയുള്ള ക്ലോസിങ്ങിൽ സൂപ്രണ്ട് ഒപ്പിട്ടത് തിരിമറിയെന്ന് സംശയിക്കാവുന്ന ഒരു സംഭവത്തിന് ഇടയാക്കി. കൂടാതെ ഇക്കാര്യം പൂർണമായി അന്വേഷിക്കുന്നതിനും നഷ്ടത്തിന്റെ ഉത്തരവാദിത്തം ചുമത്തുന്നതിനും പകരം വ്യത്യാസം ക്രമീകരിക്കാൻ ശ്രമിച്ചതിലൂടെ മൂന്ന് ആശുപത്രികളിലെയും സൂപ്രണ്ടുമാർക്കുണ്ടായ പരാജയം, ഇക്കാര്യത്തിലുള്ള കെഎഫ്സി ചട്ടങ്ങളുടെ പൂർണമായ ലംഘനമായിരുന്നു. അങ്ങനെ കെറ്റിസിയിലെ ചട്ടങ്ങൾ പാലിക്കാത്തത് സർക്കാർ പണത്തിന്റെ സംശയാസ്പദമായ തിരിമറി നടത്തുന്നത് സുഗമമാക്കി.

നെയ്യാറ്റിൻകര ജിഎച്ചിലെയും മാവേലിക്കര ഡിഎച്ചിലെയും തിരിമറി നടന്ന സംഭവങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി (2019 ജൂലായ്). നെയ്യാറ്റിൻകര ജിഎച്ചിൽ ഓഡിറ്റ് കണ്ടെത്തിയ തിരിമറി തുകയായ ₹ ഒരു ലക്ഷം ഹെഡ്ക്ലർക്കിന്റെ ഡെത്ത് കം റിട്ടയർമെന്റ് ഗ്രാറ്റുവിറ്റിയിൽ (ഡിസിആർജി) നിന്നും വസൂലാക്കുകയും ശിക്ഷയായി അന്നത്തെ ആശുപത്രി സൂപ്രണ്ടിനെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേക്ക് സ്ഥലം മാറ്റുകയും ചെയ്തതായി കേരള സർക്കാർ (ജിഒകെ) മറുപടി നൽകി (2020 ജനുവരി). കൂടാതെ, ഡിഎച്ച് മാവേലിക്കരയിൽ, ഓഡിറ്റ് നിരീക്ഷണഫലമായി ഹെഡ്ക്ലർക്കിനെ സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തതായി (2018 ഡിസംബർ) സർക്കാർ മറുപടി നൽകി (2020 ജനുവരി). ഇതിനുപുറമേ, ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് നടത്തിയ വിശദമായ സ്പെഷ്യൽ ഓഡിറ്റിൽ വൗച്ചറുകളും രസീതുകളും സമർപ്പിക്കാതിരിക്കുക, അക്കൗണ്ടിൽ കുറച്ച് കാണിക്കുക മുതലായ ഇനങ്ങളിൽ മൊത്തം ₹14.69 ലക്ഷത്തിന്റെ ബാദ്ധ്യത വെളിപ്പെട്ടു എന്നും അറിയിച്ചു. 2020 ജൂണിലാണ് തിരുവനന്തപുരം ഫോർട്ട് താലൂക്കാശുപത്രിയിലെ തിരിമറിയെന്ന് സംശയിക്കാവുന്ന സംഭവം കേരള സർക്കാറിനെ അറിയിച്ചത്. 2020 ആഗസ്റ്റിലും ഡിസംബറിലും ഓർമ്മക്കത്തുകൾ അയച്ചുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല (2020 ഡിസംബർ).

സർക്കാർ പണം തിരിമറി നടത്താനുള്ള സാധ്യത ഇല്ലാതാക്കുന്നതിന് എച്ച്എംസികളിൽ നിലവിലുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനം സർക്കാർ വിലയിരുത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

## 2.3. പാലക്കാട് പറമ്പിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ശൂന്യവേതന അവധിയിൽ ഉള്ള ഒരു ജീവനക്കാരന്റെ ശമ്പളം തട്ടിപ്പിലൂടെ പിൻവലിച്ചത്

കേരളാ ട്രഷറി കോഡിന്റെ വ്യവസ്ഥകൾ പാലിക്കുന്നതിലും അവധിയെ സംബന്ധിച്ചുള്ള വിവരങ്ങൾ കൃത്യമായി സ്പാർക്കിൽ രേഖപ്പെടുത്തി എന്നുറപ്പു വരുത്തുന്നതിലും മെഡിക്കൽ ഓഫീസർക്കുണ്ടായ വീഴ്ച പാലക്കാട് പറമ്പിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ശൂന്യവേതന അവധിയിലുള്ള ഒരു ജീവനക്കാരന്റെ ശമ്പളം തട്ടിപ്പിലൂടെ പിൻവലിക്കുന്നതിന് ഇടയാക്കി.

കേരളാ ട്രഷറി കോഡിന്റെ ചട്ടം 432(എ) നിഷ്കർഷിക്കുന്നതനുസരിച്ച് ഒരു സ്ഥാപന മേധാവിയോ അദ്ദേഹത്തിനുവേണ്ടി മറ്റൊരാളോ ഒപ്പിടുന്ന ഒരു എസ്റ്റാബ്ലിഷ്മെന്റ് ബില്ലിൽ കൂടി പിൻവലിക്കുന്ന വേതനം, അവധിക്കാല വേതനം, ബത്തകൾ, മുതലായവ ആർക്ക് അർഹതപ്പെട്ടിരിക്കുന്നുവോ അവർക്ക് നൽകി എന്ന് ഉറപ്പുവരുത്തുകയും അവരിൽ നിന്ന് ആവശ്യാനുസരണം സ്റ്റാമ്പ് പതിച്ച് തീയതി വച്ച അക്നോളഡ്ജ്മെന്റ് കൈപ്പറ്റുകയും ചെയ്യേണ്ട ചുമതല വ്യക്തിപരമായി

**സ്ഥാപന മേധാവിക്കാണ്. കൂടാതെ, തുക കൈപ്പറ്റാൻ അർഹതപ്പെട്ട വ്യക്തികൾക്ക് നൽകപ്പെടുന്ന ഓരോ തുകയും അത് കൈപ്പറ്റി അക്വിറ്റൻസ് ലഭിച്ചുവെന്നുള്ള ഒരു സാക്ഷ്യപത്രം ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ (ഡി.ഡി.ഒ) നൽകേണ്ടതാണെന്ന് റ്റി.ആർ 95 (ട്രഷറി രസീതുകൾ) ഫോമിലുള്ള അക്വിറ്റൻസ് റോൾ അനുശാസിക്കുന്നു.**

**ശൂന്യവേതന അവധിയിൽ തുടരുന്ന ഒരു ഉദ്യോഗസ്ഥന് ഒരു വിധത്തിലുമുള്ള അവധിക്കാല വേതനത്തിനും അർഹതയില്ലെന്ന് കേരളാ സർവീസ് ചട്ടങ്ങൾ പ്രതിപാദിക്കുന്നു. പറമ്പിക്കുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ (പി.എച്ച്.സി) 2013 ജനുവരി മുതൽ 2019 മെയ് വരെയുള്ള കാലയളവിലേയ്ക്ക് ഓഡിറ്റ് നടത്തിയപ്പോൾ (2019 ജൂൺ), ശൂന്യവേതന അവധിയിൽ (എൽ.ഡബ്ല്യൂ.എ)[36] പോയ ഒരു ജീവനക്കാരന്റെ ശമ്പളം തട്ടിപ്പിലൂടെ പിൻവലിച്ച ഒരു സംഭവം ഓഡിറ്റ് കണ്ടെത്തി. പറമ്പിക്കുളം പി.എച്ച്.സിയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II ആയിരുന്ന ഒരു ഉദ്യോഗസ്ഥന് വിദേശത്ത് ജോലി ചെയ്യുന്നതിനായി അഞ്ചു വർഷത്തേക്കുള്ള എൽ.ഡബ്ല്യൂ.എ ആരോഗ്യ വകുപ്പ് ഡയറക്ടർ അനുവദിച്ചു (2013 ഡിസംബർ). അതനുസരിച്ച് ജീവനക്കാരൻ 2014 ജനുവരി 12-ന് പറമ്പിക്കുളം പി.എച്ച്.സിയിലെ ചുമതലയിൽനിന്ന് ഒഴിവാകുകയും അവധി കഴിഞ്ഞ് പാലക്കാട് ജില്ലയിലെ അകത്തേത്തറ പി.എച്ച്.സിയിൽ 2019 ജനുവരി 04-ന് വീണ്ടും ഡ്യൂട്ടിയിൽ പ്രവേശിക്കുകയും ചെയ്തു.**

**2014 ജനുവരി, ഫെബ്രുവരി, ഓഗസ്റ്റ് മാസങ്ങളിൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്ന് ₹78,575[37] തട്ടിപ്പിലൂടെ പിൻവലിച്ചതായി ഓഡിറ്റ് നിരീക്ഷിച്ചു. ഈ മാസങ്ങളിൽ സ്പാർക്കിലൂടെ[38] തയ്യാറാക്കിയ പറമ്പിക്കുളം പി.എച്ച്.സി-യുടെ വിശദമായ ശമ്പളബില്ലിൽ എൽ.ഡബ്ല്യൂ.എ-ലുള്ള ജീവനക്കാരന്റെ പേര് ക്രമവിരുദ്ധമായി ഉൾപ്പെടുത്തിയാണ് തട്ടിപ്പ് നടത്തിയത്. പി.എച്ച്.സിയിലെ സീനിയർ ക്ലർക്ക് തയ്യാറാക്കിയതും മെഡിക്കൽ ഓഫീസർ യഥോചിതം സാക്ഷ്യപ്പെടുത്തിയതുമായ മേൽപ്പറഞ്ഞ മാസങ്ങളിലെ അക്വിറ്റൻസ് റോളുകൾ വിശദമായി പരിശോധിച്ചപ്പോൾ ജീവനക്കാരന്റെ ശമ്പളത്തിൽ നിന്ന് ₹10,481-ന്റെ കുറവുകൾ[39] വരുത്തിയതിന് ശേഷം രണ്ടവസരങ്ങളിൽ (2014 ജനുവരി, ഫെബ്രുവരി) ജീവനക്കാരന്റെ വ്യാജ ഒപ്പ് രേഖപ്പെടുത്തിയും 2014 ഓഗസ്റ്റ് മാസത്തെ ശമ്പളം 'ചെല്ലാൻ നമ്പർ: പ്രകാരം ഒടുക്കി' എന്ന് രേഖപ്പെടുത്തിയും ₹68,094 തട്ടിയെടുത്തതായി വെളിപ്പെട്ടു. എങ്ങനെയായാലും ട്രഷറിയിൽ ഒടുക്കിയതിന് തെളിവായി ചെല്ലാനുകളോ ചെല്ലാനുകളുടെ വിശദാംശങ്ങളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ജീവനക്കാരന്റെ എൽ.ഡബ്ല്യൂ.എ 2014 ജനുവരി 12 മുതൽ 2019 ജനുവരി 03 വരെ ആയിരുന്നെങ്കിലും എൽ.ഡബ്ല്യൂ.എ-യെ സംബന്ധിച്ച വിവരങ്ങൾ സ്പാർക്കിൽ ഉൾപ്പെടുത്തിയതു 2019 സെപ്റ്റംബർ 19-ന് മാത്രമായിരുന്നു. ജീവനക്കാരന്റെ എൽ.ഡബ്ല്യൂ.എ സംബന്ധിച്ച വിവരങ്ങൾ കൃത്യമായി സ്പാർക്കിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കുന്നതിൽ ഡി.ഡി.ഒ കൂടിയായ മെഡിക്കൽ ഓഫീസർ വീഴ്ച വരുത്തിയത് സീനിയർ ക്ലർക്ക് ₹68,094 തട്ടിക്കുന്നതിന് സൗകര്യമൊരുക്കി. അക്വിറ്റൻസ് റോളിലെ എൻട്രികളുടെ സാധുത മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയതിനാൽ, കെ.റ്റി.സിയുടെ 432(എ) ചട്ടപ്രകാരം അദ്ദേഹം ശിക്ഷാർഹനാണ്. അങ്ങനെ കെ.റ്റി.സിയുടെ വ്യവസ്ഥകൾ പാലിക്കുന്നതിലും**

---

[36] കേരളസർക്കാരിൽ സ്ഥിര നിയമനത്തിലുള്ള ഒരു ജീവനക്കാരന് ചട്ടപ്രകാരം മറ്റ് അവധിയ്ക്ക് അർഹതയില്ലാത്തപ്പോഴും മറ്റ് അവധിയ്ക്ക് അർഹതയുണ്ടെങ്കിലും ശൂന്യവേതന അവധിയ്ക്കായി ആ ജീവനക്കാരൻ രേഖാമൂലം അപേക്ഷിക്കുമ്പോഴും വിശേഷ സാഹചര്യങ്ങളിൽ അനുവദിയ്ക്കുന്ന ഒരു അവധിയാണ് ശൂന്യവേതനാവധി (എൽ.ഡബ്ല്യൂ.എ).

[37] 2014 ജനുവരി (₹25,679), 2014 ഫെബ്രുവരി (₹25,679), 2014 ഓഗസ്റ്റ് (₹27,217) മാസങ്ങളിൽ യഥാക്രമം 10-02-2014, 13-03-2014, 04-09-2014 തീയതികളിൽ പിൻവലിച്ച ശമ്പള തുക

[38] 2012-13 മുതൽ എല്ലാ സർക്കാർ വകുപ്പുകളും 'സർവീസ് പേറോൾ അഡ്മിനിസ്ട്രേറ്റീവ് റിപ്പോസിറ്ററി ഓഫ് കേരള (സ്പാർക്ക്)' എന്ന വെബ്-അധിഷ്ഠിത ഓട്ടോമാറ്റിക് പേറോൾ പ്രോസസിംഗിലൂടെ സർക്കാർ ജീവനക്കാരുടെ വിശദമായ ശമ്പള ബില്ലുകൾ തയ്യാറാക്കുന്ന കാര്യം കേരള സർക്കാർ കർശനമാക്കി.

[39] ജനറൽ പ്രോവിഡന്റ് ഫണ്ട് (ജി.പി.എഫ്), സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് (എസ്.എൽ.ഐ), ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം (ജി.ഐ.എസ്), ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ (എൽ.ഐ.സി) എന്നിവയിലേയ്ക്കുള്ള വിഹിതം പോലെയുള്ള കിഴിവുകൾ.

**എൽ.ഡബ്ല്യൂ.എ വിവരങ്ങൾ സ്പാർക്കിൽ യഥാസമയം രേഖപ്പെടുത്തുന്നതിലും ഡി.ഡി.ഒയ്ക്കുണ്ടായ വീഴ്ച സർക്കാർ പണത്തിന്റെ തിരിമറിക്ക് ഇടയാക്കി.**

**ഓഡിറ്റ് കണ്ടെത്തലുകളെത്തുടർന്ന് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് (ഡി.എച്ച്.എസ്) പറമ്പിക്കുളം പി.എച്ച്.സിയിൽ ഒരു പ്രത്യേക ഓഡിറ്റ് നടത്തി. ക്രമക്കേട് സ്ഥിരീകരിച്ചതിനോടൊപ്പം (2019 സെപ്റ്റംബർ), ഡിപ്പാർട്ട്മെന്റൽ യൂസർ ഐ.ഡി.യും പാസ്‌വേർഡും ദുരുപയോഗം ചെയ്ത സീനിയർ ക്ലർക്ക് ക്രിമിനൽ കുറ്റം ചെയ്തെന്നും സീനിയർ ക്ലർക്കിനും പി.എച്ച്.സിയിലെ മെഡിക്കൽ ഓഫീസർക്കുമെതിരായി ശിക്ഷാ നടപടി എടുക്കുന്നതിന് സർക്കാരിന് ശുപാർശ നൽകിയിട്ടുണ്ടെന്നും ഓഡിറ്റിനെ അറിയിച്ചു.**

**ഓഡിറ്റിന്റെ കണ്ടെത്തലുകൾ കേരള സർക്കാർ അംഗീകരിക്കുകയും (2020 ഏപ്രിൽ) സീനിയർ ക്ലർക്കിനെ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തതായി (2019 ഒക്ടോബർ) അറിയിക്കുകയും ചെയ്തു. എന്നാൽ തിരിമറി നടത്തിയ തുക തിരിച്ചടച്ചിട്ടില്ല എന്ന വസ്തുത നിലനിൽക്കുന്നു.**

**ഭാവിയിൽ ക്രമവിരുദ്ധമായി ശമ്പളം പിൻവലിക്കുന്നത് ഒഴിവാക്കാനായി ആഭ്യന്തര നിയന്ത്രണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും അവധി വിവരങ്ങൾ സമയബന്ധിതമായി സ്പാർക്കിൽ ചേർക്കുന്നതിനുമുള്ള നടപടികൾ സർക്കാർ കൈക്കൊള്ളേണ്ടതാണ്.**

## ഉന്നത വിദ്യാഭ്യാസ വകുപ്പ്

### 2.4. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എജ്യുക്കേഷന്റെ (എൻ.സി.റ്റി.ഇ) അനുമതി ഇല്ലാതെ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ കോഴ്സ് തുടങ്ങിയതും എൻ.സി.റ്റി.ഇ അംഗീകാരം നിഷേധിച്ചതിനു ശേഷവും കോഴ്സ് തുടർന്നതും

**നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എജ്യുക്കേഷന്റെ (എൻ.സി.റ്റി.ഇ) അനുമതി ലഭിക്കാതെ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ കോഴ്സ് തുടങ്ങാൻ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 2013-14-ൽ പദ്ധതിയിട്ടു. 2013-18 കാലയളവിൽ സർവ്വകലാശാല 115 വിദ്യാർത്ഥികൾക്ക് എം.പി.എഡ് ബിരുദം നൽകുകയും 2017-ൽ എൻ.സി.റ്റി.ഇ അംഗീകാരം നിഷേധിച്ചിട്ടും 2018-20 അധ്യയന വർഷത്തേയ്ക്ക് 80 വിദ്യാർത്ഥികളെ കൂടി പ്രവേശിപ്പിക്കുകയും ചെയ്തു.**

നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എജ്യുക്കേഷൻ ആക്ട്, 1993-യുടെ കീഴിൽ അദ്ധ്യാപക പരിശീലന പരിപാടികളിലെ മാനദണ്ഡങ്ങൾ, നടപടിക്രമങ്ങൾ, നടപടികൾ എന്നിവയുടെ മേൽനോട്ടത്തിനായി നിയമപ്രകാരം രൂപീകൃതമായ ഭാരത സർക്കാറിന്റെ ഒരു സ്ഥാപനമാണ് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എജ്യുക്കേഷൻ (എൻ.സി.റ്റി.ഇ). ഏതെങ്കിലും പുതിയ കോഴ്സ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരു അംഗീകൃത സ്ഥാപനവും അനുമതി ലഭിക്കാൻ എൻ.സി.റ്റി.ഇ നിയമം നിശ്ചയിച്ചിരിക്കുന്ന വിധത്തിലുള്ള രൂപത്തിലും രീതിയിലും ബന്ധപ്പെട്ട പ്രാദേശിക സമിതിയ്ക്ക്[40] അപേക്ഷ നൽകേണ്ടതാണ്. അംഗീകൃത സ്ഥാപനത്തിന് ആവശ്യത്തിനുള്ള സാമ്പത്തിക വിഭവങ്ങൾ, താമസ സൗകര്യം, ലൈബ്രറി, യോഗ്യതയുള്ള ജീവനക്കാർ, ലബോറട്ടറി എന്നിവ ലഭ്യമാണെന്നും പുതിയ കോഴ്സ് നടത്തിക്കൊണ്ടു പോകുന്നതിനാവശ്യമായ നിയമം അനുശാസിക്കുന്ന വിധത്തിലുമുള്ള മറ്റ് വ്യവസ്ഥകൾ സ്ഥാപനം കൈവരിച്ചിട്ടുണ്ടെന്നും പ്രാദേശിക സമിതിയ്ക്ക് ബോദ്ധ്യപ്പെടുന്ന പക്ഷം അത്തരം സ്ഥാപനത്തിന് അനുമതി നൽകാവുന്നതാണ്. അത്തരം സ്ഥാപനങ്ങൾ നിർദിഷ്ട

[40] പ്രാദേശിക സമിതി എന്നാൽ എൻ.സി.റ്റി.ഇ ആക്ട് സെക്ഷൻ 20 അനുസരിച്ച് സ്ഥാപിക്കപ്പെട്ട ഒരു സമിതി എന്നാണ്.

ആവശ്യകതകൾ നിറവേറ്റുന്നില്ലെന്ന് അഭിപ്രായമുണ്ടെങ്കിൽ പ്രാദേശിക സമിതിയ്ക്ക് അനുമതി നിഷേധിക്കാം.

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യു.ജി.സി), ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എജ്യൂക്കേഷൻ, എൻ.സി.റ്റി.ഇ തുടങ്ങിയ നിയമാനുസൃത/നിയന്ത്രണ സ്ഥാപനങ്ങൾ തങ്ങളുടെ വിജ്ഞാപനങ്ങളിലും റെഗുലേഷനുകളിലും നിർദ്ദേശിക്കുന്ന അധ്യയനം സംബന്ധിച്ച അടിസ്ഥാന മാനദണ്ഡങ്ങളും നിർദ്ദിഷ്ട വ്യവസ്ഥകളും എല്ലാ സർവ്വകലാശാലകളും പാലിക്കേണ്ടതാണെന്ന് യു.ജി.സി പുറപ്പെടുവിച്ച സ്പെസിഫിക്കേഷൻ ഓഫ് ഡിഗ്രീസിനെക്കുറിച്ചുള്ള ഉത്തരവുകളിൽ (2014 മാർച്ച്) നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിജ്ഞാപനത്തിന് വിരുദ്ധമായി നൽകപ്പെടുന്ന ഒരു ബിരുദം അനധികൃത ബിരുദമായി പരിഗണിക്കപ്പെടുമെന്നും ഉത്തരവ് പ്രസ്താവിക്കുന്നു.

എറണാകുളം ജില്ലയിലെ കാലടിയിലുള്ള ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (എസ്.എസ്.യു.എസ്) 2013-14 അദ്ധ്യയന വർഷം മുതൽ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ (എം.പി.എഡ്) എന്ന ഒരു ദ്വിവൽസര കോഴ്സ് ആരംഭിച്ചു. 2013-14 മുതൽ 2017-18 വരെയുള്ള കാലയളവിൽ കോഴ്സിനായി പ്രവേശിപ്പിക്കപ്പെട്ട 125 വിദ്യാർത്ഥികളിൽ 115 വിദ്യാർത്ഥികൾ വിജയിച്ചതായി സർവ്വകലാശാല പ്രഖ്യാപിക്കുകയും ബിരുദം നൽകുകയും ചെയ്തു. കൂടാതെ, 2018-20 അദ്ധ്യയനവർഷങ്ങളിൽ പ്രവേശനം നേടിയ 80 വിദ്യാർത്ഥികൾ ഇനി പരീക്ഷ എഴുതാനുള്ളവരാണ്. എസ്.എസ്.യു.എസ്. സ്റ്റാറ്റ്യൂട്ട്സ് 1997-ന്റെ XII-ാം അദ്ധ്യായത്തിൽ പറയുന്നതനുസരിച്ച് സർവ്വകലാശാലയ്ക്ക് നൽകാവുന്ന വിവിധ ബിരുദങ്ങളുടെ പട്ടികയിൽ എം.പി.എഡ് ഉൾപ്പെട്ടിട്ടില്ല എന്ന വസ്തുത ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ആകയാൽ ആ ബിരുദങ്ങൾ നൽകാൻ സർവ്വകലാശാലയ്ക്ക് അർഹതയില്ലാതായി.

കൂടാതെ കോഴ്സ് തുടങ്ങുന്നതിനുള്ള നിയമാനുസൃത അംഗീകാരം എൻ.സി.റ്റി.ഇയിൽ നിന്ന് വാങ്ങാതെയാണ് കാലടി എസ്.എസ്.യു.എസ് 2013-14 അദ്ധ്യയന വർഷം മുതൽ എം.പി.എഡ് കോഴ്സ് ആരംഭിച്ചതായി കണ്ടത്. കോഴ്സിന് അംഗീകാരം തേടി എൻ.സി.റ്റി.ഇയ്ക്ക് ആദ്യമായി സർവ്വകലാശാല അപേക്ഷ സമർപ്പിച്ചത് (2015 മെയ്) 2016-17 അക്കാദമിക് സെഷനുവേണ്ടി മാത്രമായിരുന്നു. നിർദ്ദിഷ്ട സ്റ്റാഫ് പാറ്റേൺ[41] പാലിക്കാത്തത് ചൂണ്ടിക്കാട്ടി എൻ.സി.റ്റി.ഇയുടെ ദക്ഷിണമേഖലാ സമിതി (എസ്.ആർ.സി) അപേക്ഷ നിരസിച്ചു (2017 ഫെബ്രുവരി). എസ്.ആർ.സിയുടെ ഉത്തരവിനെതിരെ കാലടി എസ്.എസ്.യു.എസ് അപ്പീൽ സമിതിയ്ക്ക് അപ്പീൽ നൽകിയെങ്കിലും (2017 ഏപ്രിൽ) എസ്.ആർ.സിയുടെ ഉത്തരവിനെ അപ്പീൽ സമിതി സ്ഥിരീകരിച്ചു (2017 ഓഗസ്റ്റ്). എൻ.സി.റ്റി.ഇ നൽകുന്ന ഔപചാരികമായ അംഗീകാര ഉത്തരവില്ലാതെ ഒരു കോഴ്സ് ആരംഭിയ്ക്കുക എന്ന സർവ്വകലാശാലയുടെ സുവ്യക്തമായ ക്രമക്കേട് അപ്പീൽ സമിതി എടുത്തു പറഞ്ഞു.

കോഴ്സിനുള്ള അംഗീകാരം എൻ.സി.റ്റി.ഇ നിഷേധിച്ചെങ്കിലും 2018-19, 2019-20 കാലയളവിൽ എം.പി.എഡ് കോഴ്സിലേയ്ക്ക് കാലടി എസ്.എസ്.യു.എസ് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നത് തുടരുകയും അക്കാലയളവിൽ 80 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും ചെയ്തതായി ഓഡിറ്റ് നിരീക്ഷിച്ചു. 2019 ജനുവരിയിൽ പോലും കാലടി എസ്.എസ്.യു.എസിൽ കായിക വിദ്യാഭ്യാസ വിഭാഗത്തിലെ ജീവനക്കാരുടെ എണ്ണം കുറവായിരുന്നുവെന്നും നിർദ്ദിഷ്ട രീതിയിൽ വേണ്ടിയിരുന്ന ഒരു പ്രൊഫസർ, രണ്ട് അസോസിയേറ്റ് പ്രൊഫസർമാർ, മൂന്ന് അസിസ്റ്റന്റ് പ്രൊഫസർമാർ, മൂന്ന് പാർട്ട് ടൈം സ്പോർട്സ് ട്രെയിനർമാർ എന്നിവരുടെ സ്ഥാനത്ത് ഒരു അസോസിയേറ്റ് പ്രൊഫസർ, രണ്ട് അസിസ്റ്റന്റ്

[41] 2014-ലെ എൻ.സി.റ്റി.ഇ റഗുലേഷൻസ് പ്രകാരം എം.പി.എഡിനുള്ള അംഗീകൃത സ്റ്റാഫ് പാറ്റേൺ എന്നത് ഒരു പ്രൊഫസർ, രണ്ട് അസോസിയേറ്റ് പ്രൊഫസർമാർ, മൂന്ന് അസിസ്റ്റന്റ് പ്രൊഫസർമാർ, മൂന്ന് പാർട്ട്ടൈം സ്പോർട്സ് ട്രെയിനർമാർ എന്നതാണ്. കാലടി എസ്.എസ്.യു.എസിൽ നാല് ഫാക്കൽറ്റി അംഗങ്ങൾ മുഴുവൻ സമയ ജീവനക്കാരും മറ്റു മൂന്ന് ഫാക്കൽറ്റി അംഗങ്ങൾ പാർട്ട് ടൈം ജീവനക്കാരും മാത്രമായിരുന്നതിനാൽ അവിടുത്തെ സ്റ്റാഫ് പാറ്റേൺ മാനദണ്ഡങ്ങൾക്കനുസൃതമല്ലായിരുന്നുവെന്ന് എസ്.ആർ.സി. പ്രസ്താവിച്ചു. കൂടാതെ, ഒരു അസോസിയേറ്റ് പ്രൊഫസറെയും നിയമിക്കേണ്ടതുണ്ട്.

പ്രൊഫസർമാർ, രണ്ട് ഗസ്റ്റ് ലക്ചറർമാർ എന്നിവർ മാത്രമാണ് ഉണ്ടായിരുന്നതെന്നും ശ്രദ്ധേയമായിരുന്നു. അങ്ങനെ, അംഗീകാരത്തിനായുള്ള എസ്.എസ്.യു.എസിന്റെ അപേക്ഷ നിരസിച്ചപ്പോൾ എൻ.സി.റ്റി.ഇ ഉന്നയിച്ച ആശങ്കകൾ പരിഹരിക്കാനുള്ള ഗൗരവതരമായ നടപടികളൊന്നും കാലടി, എസ്.എസ്.യു.എസ്സോ സർക്കാരോ കൈക്കൊണ്ടില്ല.

വ്യവസ്ഥകൾ പാലിക്കുന്ന കാര്യത്തിൽ കാലടി എസ്.എസ്.യു.എസ്-ന്റെ ഭാഗത്ത് വന്ന വീഴ്ച എം.പി.എഡ് കോഴ്സിനുള്ള അംഗീകാരം എൻ.സി.റ്റി.ഇ നിഷേധിക്കുന്നതിന് ഇടയാക്കി. എൻ.സി.റ്റി.ഇ-ൽ നിന്ന് നിയമപരമായ അംഗീകാരം ലഭിക്കാതെ എം.പി.എഡ് കോഴ്സ് തുടങ്ങാനുള്ള കാലടി എസ്.എസ്.യു.എസിന്റെ തീരുമാനം ക്രമവിരുദ്ധമായിരുന്നു. പിന്നീട് എൻ.സി.റ്റി.ഇ അംഗീകാരം നിഷേധിച്ചിട്ടും എൻ.സി.റ്റി.ഇ മുന്നോട്ടു വച്ച നിയമവ്യവസ്ഥകൾ നഗ്നമായി ലംഘിച്ചു കൊണ്ട് കാലടി എസ്.എസ്.യു.എസ് കോഴ്സ് സ്ഥിരമായി നടത്തുകയും വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയും ചെയ്യുന്നത് തുടർന്നു പോന്നു. തൽഫലമായി 2014-15 മുതൽ 2017-18 വരെയുള്ള ഈ കാലയളവിൽ സർവ്വകലാശാല 115 വിദ്യാർത്ഥികൾക്ക് നൽകിയ എം.പി.എഡ് ബിരുദങ്ങൾ സ്പെസിഫിക്കേഷൻ ഓഫ് ഡിഗ്രീസിനെ സംബന്ധിച്ചുള്ള യു.ജി.സി ഉത്തരവനുസരിച്ച് അൺസ്പെസിഫൈഡ് ഡിഗ്രീസ് ആയി കണക്കാക്കപ്പെടുന്നു.

കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ ധനസഹായം ചെയ്യുന്ന ടീച്ചർ എജ്യൂക്കേഷൻ കോഴ്സുകളോ പരിശീലനങ്ങളോ നടത്തുന്ന സ്ഥാപനങ്ങൾക്ക് മുൻകാല പ്രാബല്യത്തോടെ അംഗീകാരവും അനുമതിയും നൽകാനുള്ള നടപടി എന്ന നിലയിൽ ഭാരത സർക്കാർ എൻ.സി.റ്റി.ഇ (ഭേദഗതി) ആക്ട്, 2019 പാസ്സാക്കിയതായി കാലടി എസ്.എസ്.യു.എസ് വൈസ് ചാൻസലർ പ്രസ്താവിച്ചു (2020 ജൂൺ). 2019-ലെ എൻ.സി.റ്റി.ഇ (ഭേദഗതി) ആക്ടിൽ നൽകിയിരിക്കുന്ന ഇളവിന് അനുസൃതമായി, എംപിഎഡ് അംഗീകാരം ആവശ്യപ്പെട്ടുകൊണ്ട് ഒരു വിശദമായ നിവേദനം എൻസിറ്റിഇയുടെ റീജണൽ ഡയറക്ടർക്ക് സർവകലാശാല സമർപ്പിച്ചു (2020 ജനുവരി). കൂടാതെ, നാഷണൽ അസെസ്സ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിൽ (എൻഎഎസി) നിന്നും കിട്ടേണ്ട പുനരംഗീകാരത്തിന് എൻസിറ്റിഇയുടെ അംഗീകാരം എംപിഎഡിന് നിർബന്ധമായതിനാൽ സർവകലാശാല സിൻഡിക്കേറ്റ്, എംപിഎഡ് പ്രോഗ്രാമിന്റെ പേര് മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (എംപിഇഎസ്) എന്ന് മാറ്റിയതായി സർവകലാശാല രജിസ്ട്രാർ ഓഡിറ്റിനെ അറിയിച്ചു (2020 ഡിസംബർ).

എംപിഎഡിന് എൻസിറ്റിഇ അംഗീകാരം നിർബന്ധമാണെന്ന ഓഡിറ്റിന്റെ വാദത്തെ ഈ മറുപടി സാധൂകരിക്കുന്നു. ആവശ്യമായ സാമ്പത്തിക വിഭവങ്ങൾ, താമസ സൗകര്യം, ലൈബ്രറി തുടങ്ങിയ ഉപാധികൾ നിറവേറുന്നതിന്റെ അടിസ്ഥാനത്തിൽ 2019-ലെ എൻസിറ്റിഇ (ഭേദഗതി) നിയമം, സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നു. നിർദ്ദിഷ്ട സ്റ്റാഫ് പാറ്റേൺ അനുവർത്തിക്കാത്തത് ചൂണ്ടിക്കാട്ടിയാണ് അംഗീകാരത്തിനായി എൻസിറ്റിഇയ്ക്ക് നൽകിയ അപേക്ഷ നിരസിച്ചത്. കൂടാതെ, എൻസിറ്റിഇ അംഗീകാരം നേടാതെ വിദ്യാർത്ഥികൾക്ക് ബിരുദം നൽകിയതിനെപ്പറ്റി മറുപടിയിൽ ഒന്നും പറയുന്നില്ല.

ഒരു കോഴ്സ് തുടങ്ങുന്നതിന് മുമ്പ് യു.ജി.സി, എ.ഐ.സി.റ്റി.ഇ, എൻ.സി.റ്റി.ഇ തുടങ്ങിയ നിയമാനുസൃത/നിയന്ത്രണ സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും നിയമപരമായ ആവശ്യകതകളും പാലിക്കപ്പെടുന്നുണ്ടെന്ന് സർവ്വകലാശാല ഉറപ്പു വരുത്തേണ്ടതാണ്.

ഈ വിഷയം കേരള സർക്കാരിനെ അറിയിക്കുകയും (2020 മാർച്ച്) 2020 സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ ഓർമ്മക്കത്തുകൾ അയക്കുകയും ചെയ്തതാണ്. എന്നാൽ, സർക്കാരിൽ നിന്ന് മറുപടി ലഭിച്ചില്ല (2020 ഡിസംബർ).

## തദ്ദേശ സ്വയംഭരണ വകുപ്പ്

### 2.5. മൊബൈൽ ഇൻസിനറേറ്ററിന്റെ കുറഞ്ഞ വിനിയോഗം

**സാമ്പത്തിക ക്ഷമത നിർണ്ണയിക്കാതെ തദ്ദേശ സ്വയംഭരണ വകുപ്പ് ₹2.14 കോടി മുടക്കി മൊബൈൽ ഇൻസിനറേറ്റർ വാങ്ങിയത് അതിന്റെ കുറഞ്ഞ വിനിയോഗത്തിനും തത്ഫലമായി ഉദ്ദേശ്യലക്ഷ്യം പ്രാപിക്കാതെ പ്രവർത്തനരഹിതമാകുന്നതിനും ഇടയാക്കി.**

സംസ്ഥാനത്തെ ഖരമാലിന്യനിർമ്മാർജ്ജനത്തിനുള്ള ഉത്തരവാദിത്വം നഗരതദ്ദേശ സ്ഥാപനങ്ങളിലും ഗ്രാമപഞ്ചായത്തുകളിലും നിക്ഷിപ്തമായിരിക്കുന്നു. തദ്ദേശ സ്വയംഭരണ (ത.സ്വ.ഭ) സ്ഥാപനങ്ങൾക്കുവേണ്ടി മാലിന്യ നിർമ്മാർജ്ജന മേഖലയിലെ സംസ്ഥാനത്തിന്റെ നയങ്ങളുടെയും തന്ത്രങ്ങളുടെയും രൂപീകരണത്തിനുള്ള ചുമതല കേരള സർക്കാരിലെ (ജി.ഒ.കെ) തദ്ദേശ സ്വയംഭരണ വകുപ്പിനാണ് (എൽ.എസ്.ജി.ഡി). തിരുവനന്തപുരം നഗരത്തിലെ ഖരമാലിന്യം കൈകാര്യം ചെയ്തിരുന്ന വിളപ്പിൽശാല ഖരമാലിന്യസംസ്കരണ പ്ലാന്റ് പൊതുജന പ്രക്ഷോഭത്തെ തുടർന്ന് അടച്ചുപൂട്ടേണ്ടിവന്നു (2011 ഡിസംബർ). പ്ലാന്റ് അടച്ചുപൂട്ടിയതിനെ തുടർന്നുണ്ടായ അപകടകരമായ പൊതുജനാരോഗ്യ സ്ഥിതി നേരിടുന്നതിനുവേണ്ടി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിലെ (റ്റി.എം.സി) ഖരമാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടി ഒരു മൊബൈൽ ഇൻസിനറേറ്റർ വാങ്ങാനുള്ള അനുമതി എൽ.എസ്.ജി.ഡി, കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡിന് (സിഡ്കോ)[42] നൽകി (2012 ഫെബ്രുവരി). ആധുനിക ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനായി ശുചിത്വ മിഷന്[43] അനുവദിച്ച ഫണ്ടിൽ നിന്നായിരുന്നു ചെലവുകൾ വഹിക്കേണ്ടിയിരുന്നത്.

2018 ജൂണിൽ ശുചിത്വ മിഷനിലെ രേഖകൾ പരിശോധിച്ചപ്പോൾ താഴെപ്പറയുന്നവ വെളിപ്പെട്ടു:

മണിക്കൂറിൽ 130-135 ലിറ്റർ ഇന്ധനം ഉപയോഗിച്ച് അര ടൺ മുതൽ ഒരു ടൺ വരെ മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ള ₹2.19 കോടി വിലമതിക്കുന്ന ഒരു ഇൻസിനറേറ്റർ വിതരണം ചെയ്യാനുള്ള സപ്ലൈ ഓർഡർ അഹമ്മദാബാദിലുള്ള മെസ്സേഴ്സ് ചിന്തൻ സെയിൽസിന് (ആഗോള ടെൻഡർ മുഖേന തെരഞ്ഞെടുക്കപ്പെട്ടത്) സിഡ്കോ നൽകി. 2012 ഒക്ടോബറിൽ ഇൻസിനറേറ്റർ കൈമാറുകയുണ്ടായി. മണിക്കൂറിൽ 130-135 ലിറ്റർ ഇന്ധനം ഉപയോഗിക്കുമെന്ന് വ്യവസ്ഥ ചെയ്യപ്പെട്ട സ്ഥാനത്ത് മൊബൈൽ ഇൻസിനറേറ്ററിന് ആവശ്യമായിരുന്നത് 77.40 ലിറ്ററായിരുന്നുവെന്ന് കേരള സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പ് നിർണ്ണയിച്ചിരുന്നു (2013 ജനുവരി). 2012 നവംബർ മുതൽ 2013 മാർച്ച് വരെയുള്ള കാലയളവിൽ റ്റി.എം.സിയിൽ 40 ദിവസം മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തിപ്പിക്കാനായുള്ള ഇന്ധനം ശുചിത്വമിഷൻ നൽകിയിരുന്നു. പിന്നീട്, മൊബൈൽ ഇൻസിനറേറ്റർ ഏറ്റെടുക്കാനായി ശുചിത്വ മിഷൻ റ്റി.എം.സി യോട് അഭ്യർത്ഥിച്ചു (2013 മെയ്). എന്നാൽ, ഇൻസിനറേറ്ററിന്റെ മുഴുവൻ പ്രവർത്തനപരിപാലന ചെലവും ശുചിത്വ മിഷൻ/കേരള സർക്കാർ തുടർന്നും വഹിക്കണമെന്നുള്ള വ്യവസ്ഥയോടെ ഇൻസിനറേറ്റർ ഏറ്റെടുക്കാമെന്ന് റ്റി.എം.സി സമ്മതിച്ചു (2013 മെയ്). ഇന്ധനച്ചെലവിന്റെ 50 ശതമാനം നൽകാൻ താത്പര്യമുള്ള തദ്ദേശ സ്ഥാപനങ്ങൾക്ക് മൊബൈൽ ഇൻസിനറേറ്റർ കൈമാറാനുള്ള നിർദ്ദേശം തദ്ദേശ സ്വയംഭരണ വകുപ്പ് ശുചിത്വ മിഷന് നൽകി (2013 മെയ്).

---

[42] കേരള സംസ്ഥാനത്തിലെ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥാപിച്ച ഒരു സർക്കാർ ഏജൻസിയാണ് കേരള ചെറുകിട വ്യവസായ വികസന കോർപ്പറേഷൻ ലിമിറ്റഡ്.

[43] ത.സ്വ.ഭ സ്ഥാപനങ്ങളിൽ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള സാങ്കേതിക സാമ്പത്തിക പിന്തുണ നൽകുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള ശുചിത്വ മിഷനിൽ നിക്ഷിപ്തമായിരിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർദ്ദേശ പ്രകാരം (2014 മാർച്ച്) മെസ്സേഴ്സ് ക്ലീൻ കേരള കമ്പനി ലിമിറ്റഡ്[44] മൊബൈൽ ഇൻസിനറേറ്റർ ഏറ്റെടുക്കുകയും സപ്ലൈയറുമായി പ്രവർത്തന പരിപാലന കരാറിൽ ഏർപ്പെടുകയും ചെയ്തു. മൊബൈൽ ഇൻസിനറേറ്റർ പിന്നീട് കോട്ടയ്ക്കൽ, കളമശ്ശേരി മുനിസിപ്പാലിറ്റികളിലും കൊച്ചി മുനിസിപ്പൽ കോർപ്പറേഷനിലും ഉപയോഗിച്ചു[45]. റ്റി.എം.സിയിൽ ദിവസേന 300 മെട്രിക് ടൺ ഖരമാലിന്യം ഉൽപ്പാദിപ്പിക്കപ്പെടുന്ന സ്ഥാനത്ത് 40 ദിവസം കൊണ്ട് വെറും 136 മെട്രിക് ടൺ മാത്രം നീക്കം ചെയ്യാനേ ഇൻസിനറേറ്ററിന് സാധിച്ചുള്ളു എന്ന് ഓഡിറ്റ് നിരീക്ഷിച്ചു (2018 ജൂൺ). 2012 നവംബർ 15 മുതൽ 2015 ജൂൺ 02 വരെയുള്ള കാലയളവിൽ കോട്ടയ്ക്കൽ, കളമശ്ശേരി മുനിസിപ്പാലിറ്റികളും കൊച്ചി മുനിസിപ്പൽ കോർപ്പറേഷനും ഉൾപ്പെടെയുള്ള നഗരസഭകളിൽ നിന്നും നീക്കം ചെയ്ത ആകെ മാലിന്യം 248 മെട്രിക് ടൺ മാത്രം ആയിരുന്നു. 2015 ജൂൺ മുതൽ കൊച്ചിയിലെ ബ്രഹ്മപുരം ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ മൊബൈൽ ഇൻസിനറേറ്റർ പ്രവർത്തനരഹിതമായി കിടക്കുകയാണ്. ഇതേ തുടർന്ന് ഇൻസിനറേറ്ററിനു വേണ്ടി ഒരു തദ്ദേശ സ്ഥാപനവും ക്ലീൻ കേരള കമ്പനിയെ സമീപിക്കാത്തതു കൊണ്ട് കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ യന്ത്രം ശുചിത്വ മിഷന് തിരിച്ചു നൽകാൻ നിർദ്ദേശം നൽകണമെന്ന് എൽ.എസ്.ജി.ഡി-യോട് അഭ്യർത്ഥിച്ചു (2017 മാർച്ച്). യന്ത്രം കാര്യക്ഷമമായ രീതിയിൽ പ്രവർത്തിപ്പിക്കുന്നത് ഏറെക്കുറെ അസാദ്ധ്യം ആണെന്നിരിക്കെ, മൊബൈൽ ഇൻസിനറേറ്റർ ഡീകമ്മീഷൻ/ലേലം ചെയ്യണമെന്ന് എൽ.എസ്.ജി.ഡി-യോട് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അഭ്യർത്ഥിച്ചു (2017 ഓഗസ്റ്റ്). അതനുസരിച്ച്, മൊബൈൽ ഇൻസിനറേറ്റർ ഡീകമ്മീഷൻ ചെയ്യാൻ എൽ.എസ്.ജി.ഡി, ക്ലീൻ കേരള കമ്പനിയ്ക്ക് നിർദ്ദേശം നൽകി (2017 നവംബർ).

₹2.14 കോടിക്ക് വാങ്ങിയ മൊബൈൽ ഇൻസിനറേറ്ററിനെ 2012 നവംബർ മുതൽ 2015 ജൂൺ വരെയുള്ള കാലയളവിൽ 69 ദിവസം പ്രവർത്തിപ്പിക്കാനും ആകെ 248 മെട്രിക് ടൺ മാലിന്യം സംസ്കരിക്കാനും മാത്രമേ സാധിച്ചുള്ളു. ടെക്നിക്കൽ ഓഫറിൽ പ്രതിപാദിച്ചിരുന്നതിൽ വളരെ കുറവ് ഇന്ധനം മാത്രമേ മൊബൈൽ ഇൻസിനറേറ്റർ ഉപയോഗിച്ചിരുന്നുള്ളൂവെങ്കിലും ത.സ്വ.ഭ സ്ഥാപനങ്ങളിൽ ഇൻസിനറേറ്ററിന്റെ പ്രവർത്തനം സാമ്പത്തികമായി മെച്ചമല്ലായിരുന്നുവെന്ന് പ്രസ്താവിക്കപ്പെട്ടു. അങ്ങനെ, ത.സ്വ.ഭ സ്ഥാപനങ്ങളിൽ മൊബൈൽ ഇൻസിനറേറ്ററിന്റെ സാമ്പത്തിക ക്ഷമത പരിഗണിക്കാതെ ₹2.14 കോടിയുടെ മൊബൈൽ ഇൻസിനറേറ്റർ വാങ്ങാനുള്ള എൽ.എസ്.ജി.ഡി-യുടെ തീരുമാനം യന്ത്രത്തിന്റെ കുറഞ്ഞ വിനിയോഗത്തിനും തത്ഫലമായുള്ള പ്രവർത്തനം നിർത്തലാക്കലിനും ഇടയാക്കി. കൂടാതെ, ഇൻസിനറേറ്റർ വാങ്ങുക വഴി റ്റി.എം.സി-യിലെ ഖരമാലിന്യം സംസ്കരിച്ച് അപകടകരമായ പൊതുജനാരോഗ്യ സ്ഥിതി മെച്ചപ്പെടുത്താമെന്നുള്ള എൽ.എസ്.ജി.ഡി-യുടെ ഉദ്ദേശ്യം ഫലപ്രാപ്തി നേടാതെ പോയി.

ഓഡിറ്റ് വാദം സമ്മതിച്ചുകൊണ്ട് മൊബൈൽ ഇൻസിനറേറ്ററിന്റെ അറ്റകുറ്റപ്പണിക്കും പരിപാലനത്തിനുമായി കൂടുതൽ സാമ്പത്തിക നഷ്ടം ഒഴിവാക്കാനായി അത് ഡീകമ്മീഷൻ ചെയ്യാൻ തീരുമാനമെടുത്തതായി കേരള സർക്കാർ പ്രസ്താവിച്ചു (2019 ജനുവരി). മൊബൈൽ ഇൻസിനറേറ്ററിന്റെ നിലവിലെ നിർണ്ണയിക്കപ്പെട്ട മൂല്യം ₹50 ലക്ഷം ആണെന്നും അത് നീക്കം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിക്കുകയാണെന്നും ക്ലീൻ കേരള കമ്പനി ലിമിറ്റഡ് പിന്നീട് ഓഡിറ്റിനെ അറിയിച്ചു (2020 ഫെബ്രുവരി).

ഉപകരണങ്ങളുടെ പ്രവർത്തനരാഹിത്യം/കുറഞ്ഞ വിനിയോഗം ഒഴിവാക്കുന്നതിനുവേണ്ടി പ്രവർത്തനം നടപ്പാക്കുന്ന യൂണിറ്റുകളിലെ സാമ്പത്തിക ക്ഷമത ഉറപ്പാക്കിയതിനുശേഷം മാത്രമേ ഉപകരണങ്ങളുടെ വാങ്ങലുകൾ നടക്കുന്നുള്ളൂവെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

---

[44] സംസ്ഥാനത്ത് ശുചിത്വ പരിപാലനം ഉറപ്പുവരുത്തുന്നതിനുവേണ്ടി എൽ.എസ്.ജി.ഡി-യുടെ കീഴിൽ സ്ഥാപിക്കപ്പെട്ടതാണ് ക്ലീൻ കേരള കമ്പനി ലിമിറ്റഡ്

[45] കോട്ടയ്ക്കൽ മുനിസിപ്പാലിറ്റി – 11.07.2013 മുതൽ 01.08.2013 വരെ
കളമശ്ശേരി മുനിസിപ്പാലിറ്റി – 20.03.2015 മുതൽ 31.03.2015 വരെ
കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ – 23.05.2015 മുതൽ 02.06.2015 വരെ

## 2.6. കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, 2011 പാലിക്കാത്തതുമൂലമുള്ള റവന്യൂ നഷ്ടം

**കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, 2011 പാലിക്കുന്നതിൽ കോലഴി ഗ്രാമപഞ്ചായത്തിനുണ്ടായ വീഴ്ച ₹37.71 ലക്ഷത്തിന്റെ റവന്യൂ നഷ്ടത്തിന് ഇടയാക്കി.**

നിയമത്തിലും ചട്ടങ്ങളിലും നിർദ്ദേശിച്ചിരിക്കുന്ന വ്യവസ്ഥകൾക്കനുസൃതമായി തങ്ങളുടെ പരിധിയിൽ വരുന്ന എല്ലാ കെട്ടിടങ്ങളിന്മേലും ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (ജിപി) വസ്തു നികുതി ചുമത്തേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, (കെപിആർ നിയമം) 203-ാം വകുപ്പ് നിഷ്കർഷിക്കുന്നു. കെ.പി.ആർ നിയമത്തിന്റെ 207-ാം വകുപ്പ് പ്രകാരം ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത എല്ലാ കെട്ടിടങ്ങളിന്മേലും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ 2011-ന്റെ ചട്ടം 3(1) അനുശാസിക്കുന്നു. കൂടാതെ കെ.പി.ആർ നിയമത്തിന്റെ 203(2)(എ) അനുസരിച്ച് വിവിധ തരത്തിലുള്ള കെട്ടിടങ്ങൾക്ക് ഓരോ ചതുരശ്ര മീറ്റർ (ച.മീ.) തറവിസ്തീർണ്ണത്തിനും ബാധകമായ രീതിയിൽ അടിസ്ഥാന വസ്തു നികുതിയുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ, വിജ്ഞാപനം വഴി സർക്കാർ നിശ്ചയിച്ചു നൽകേണ്ടതാണ്. അതനുസരിച്ച്, 200 ചതുരശ്രമീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള ഷോപ്പിംഗ് മാളുകൾക്ക് ഒരു ചതുരശ്രമീറ്ററിന് ഏറ്റവും കുറഞ്ഞതും കൂടിയതുമായി യഥാക്രമം ₹70, ₹90 എന്നീ നിരക്കുകൾ കേരള സർക്കാർ നിശ്ചയിച്ചു (2011 ജനുവരി). ഏറ്റവും കുറഞ്ഞതും കൂടിയതുമായ നിരക്കുകളുടെ അടിസ്ഥാനത്തിൽ ജി.പി.കൾ തങ്ങളുടെ പരിധിയിൽ വരുന്ന ഓരോ വിഭാഗത്തിൽപെട്ട കെട്ടിടങ്ങൾക്കും ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് ഒരു പ്രമേയത്തിലൂടെ സ്വീകരിക്കേണ്ടതാണ്. കൂടാതെ ഒരു കെട്ടിടത്തിന്റെ ഏതെങ്കിലും ഭാഗം പൊതുഉപയോഗത്തിനായി മാറ്റിവയ്ക്കുന്നുണ്ടെങ്കിൽ വസ്തു നികുതി നിർണ്ണയിക്കുമ്പോൾ ആ ഭാഗത്തിന്റെ തറവിസ്തീർണ്ണം മറ്റു ഭാഗങ്ങളുടെ തറ വിസ്തൃതിയോട് ആനുപാതികമായി കൂട്ടണമെന്ന് കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ 2011-ന്റെ ചട്ടം 3(4) നിഷ്കർഷിക്കുന്നു.

തൃശൂർ ജില്ലയിലെ കോലഴി ഗ്രാമപഞ്ചായത്ത് ഓഡിറ്റ് ചെയ്തപ്പോൾ (2018 മാർച്ച്) ശോഭാ സിറ്റിമാൾ എന്ന ബഹുനില കെട്ടിടത്തിനു ഗ്രാമപഞ്ചായത്ത് നൽകിയ ഒക്യുപൻസി സർട്ടിഫിക്കറ്റിൽ (2015 നവംബർ) മൊത്തം തറവിസ്തീർണ്ണം 40,240.91 ച.മീ എന്ന് കാണിച്ചിരുന്നതായി വെളിപ്പെട്ടു. 10,697.09 ചതുരശ്ര മീറ്ററിന്റെ[46] വിസ്തീർണ്ണം ഒഴിവാക്കിക്കൊണ്ട് 29,543.82 ച.മീ. വിസ്തൃതിയ്ക്ക് ചതുരശ്ര മീറ്ററിന് ₹80 നിരക്കിൽ കോലഴി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വസ്തു നികുതി ചുമത്തി. കെട്ടിടനികുതിയിൽ നിന്നും സെക്രട്ടറി ഒഴിവാക്കിയ വിസ്തൃതി പൊതുഉപയോഗത്തിനായി നിശ്ചയിച്ചതായിരുന്നുവെന്നും അത് വസ്തു നികുതി നിർണ്ണയത്തിനായി തറവിസ്തൃതിയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നെന്നും ഓഡിറ്റ് നിരീക്ഷിച്ചു. അങ്ങനെ, 10,697.09 ച.മീ. ഒഴിവാക്കിയതുമൂലം 2015-16 മുതൽ 2017-18 വരെയുള്ള മൂന്നുവർഷക്കാലയളവിലേയ്ക്ക് ജി.പിയ്ക്ക് ₹37.71 ലക്ഷത്തിന്റെ റവന്യൂ നഷ്ടം ഉണ്ടായി (**അനുബന്ധം 2.7**).

ഓഡിറ്റ് കണ്ടെത്തലുകളോട് കേരള സർക്കാർ യോജിക്കുകയും കെട്ടിടത്തിന്റെ ഒഴിവാക്കിയ വിസ്തൃതി പൊതു ഉപയോഗത്തിനായി നിശ്ചയിച്ചതായിരുന്നുവെന്നും അതുകൊണ്ട് വസ്തു നികുതി നിർണ്ണയിക്കുന്നതിലേയ്ക്കായി മറ്റ് നിലകളുടെ തറവിസ്തൃതിയോട് ആനുപാതികമായി ചേർക്കേണ്ടിയിരുന്നുവെന്ന് പ്രസ്താവിക്കുകയും ചെയ്തു (2019 ജനുവരി). മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സമാനരീതിയിൽ ചട്ടങ്ങളുടെ ദുർവ്യാഖ്യാനം ഒഴിവാക്കുന്നതിനായി ഉചിതമായ രീതിയിൽ വിശദീകരണം നൽകുമെന്നും റവന്യൂ

[46] പാർക്കിംഗ് ഏരിയ 9,456.91 ച.മീ, ഇലക്ട്രിക്കൽ റൂം 899.43 ച.മീ, പമ്പ്ഹൗസ് 200.50 ച.മീ, ഡക്റ്റ്സ് 75.45 ച.മീ, ലിഫ്റ്റ് 64.80 ച.മീ.

നഷ്ടത്തിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമെന്നും സർക്കാർ പ്രസ്താവിച്ചു.

ഓഡിറ്റ് കണ്ടെത്തലുകൾ സർക്കാർ അംഗീകരിച്ചുവെങ്കിലും കുറവായി നിർണ്ണയിക്കപ്പെട്ട തുകയായ ₹37.71 ലക്ഷം, ജി.പി. ഇനിയും തിരിച്ചു പിടിക്കേണ്ടിയിരിക്കുന്നു (2019 ഒക്ടോബർ).

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതി നിർണ്ണയിക്കുകയും ചുമത്തുകയും ചെയ്യുമ്പോൾ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും) ചട്ടങ്ങൾ, 2011 പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

## 2.7. തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനിൽ ഖനനം ചെയ്തെടുത്ത വസ്തുവിന്റെ നഷ്ടം

**വിളപ്പിൽശാല ഖരമാലിന്യ സംസ്കരണ പദ്ധതിയിൽ നിന്ന് ലഭിച്ച പൊട്ടിച്ച പാറക്കഷണങ്ങൾ സംരക്ഷിക്കുന്നതിൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ച ₹31.02 ലക്ഷത്തിന്റെ നഷ്ടത്തിന് ഇടയാക്കി.**

നിർമ്മാണപ്രവർത്തനത്തിന് ആവശ്യമില്ലാത്ത അധികമായുള്ള ഖനനംചെയ്തെടുത്ത വസ്തുക്കൾ വകുപ്പിന്റെ സ്വത്താണെന്ന് കേരള പൊതുമരാമത്ത് വകുപ്പ് (കെ.പി.ഡബ്ല്യൂ.ഡി) മാന്വൽ 2012-ലെ 2206.8-ാം വകുപ്പ് നിഷ്കർഷിക്കുന്നു. ഇത്തരം വസ്തുക്കൾ കരാറുകാരൻ പ്രത്യേകമായി സംഭരിക്കുകയോ അല്ലെങ്കിൽ തത്സ്ഥലത്തുള്ള അംഗീകരിക്കപ്പെട്ട ഒരു സ്ഥാനത്തു സൂക്ഷിക്കുകയോ ചെയ്യേണ്ടതാണ്.

വിളപ്പിൽശാല ഖരമാലിന്യ സംസ്കരണ പദ്ധതിയുമായി ബന്ധപ്പെട്ട 'സാനിറ്ററി ലാൻഡ് ഫിൽ അറ്റ് വിളപ്പിൽശാല-പ്രിപ്പറേഷൻ ഓഫ് ലാൻഡ് ഫിൽ സൈറ്റ്' എന്ന പ്രവൃത്തി ₹6.66 കോടിയുടെ കരാർ തുകയ്ക്ക് മെസ്സേഴ്സ് ജാംഷഡ്പൂർ യൂട്ടിലിറ്റീസ് ആന്റ് സർവീസസ് കമ്പനി ലിമിറ്റഡിന് (ജെ.യു.എസ്.സി.ഒ) തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (റ്റി.എം.സി) നൽകി. പൂർത്തീകരണ തീയതി 2010 നവംബറിൽ നിശ്ചയിച്ചുകൊണ്ട് 2010 മാർച്ചിൽ കരാറിലേർപ്പെട്ടു. നിർമ്മാണ പ്രവർത്തനത്തിന് ആറ് ഘടകങ്ങൾ[47] ഉണ്ടായിരുന്നു. പൊതുജന പ്രക്ഷോഭത്തെ തുടർന്ന് 2011 ഡിസംബറിൽ സർക്കാരിന് പദ്ധതി നിർത്തിവെക്കേണ്ടി വന്നു. സ്ഥല വികസന പ്രവൃത്തികൾ കരാറുകാരൻ ഭാഗികമായി പൂർത്തിയാക്കുകയും, ചെയ്ത പ്രവൃത്തിയുടെ ആകെ മൂല്യം ₹1.31 കോടി ആയിരുന്നെന്ന് നിർണ്ണയിക്കുകയും ചെയ്തു. പിടിച്ചുവെച്ച തുക ഉൾപ്പെട്ട ₹75 ലക്ഷത്തിന്റെ ഫൈനൽ പേയ്മെന്റ് 2017 മാർച്ചിൽ നടത്തുകയുണ്ടായി.

കരാർ പ്രകാരം, സ്ഥല വികസന പ്രവൃത്തികൾ എന്ന ഘടകം പൂർത്തിയാക്കുന്നതിനായി 10 ഘനമീറ്ററിന് ₹6,109 എന്ന് നിശ്ചയിച്ച നിരക്കിൽ 3,100 ഘ.മീ പാറ പൊട്ടിക്കേണ്ടതുണ്ടായിരുന്നു. 2011 ഡിസംബറിൽ പ്ലാന്റ് പൂട്ടുന്നതിനു മുമ്പ് പാറ പൊട്ടിക്കൽ നടത്തിയെങ്കിലും 2014 ഡിസംബറിൽ മാത്രമാണ് ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ മിഷനിലെ (ജെ.എൻ.എൻ.യു.ആർ.എം) പബ്ലിക് ഹെൽത്ത് എൻജിനീയർ മെഷർമെന്റ് ബുക്കിലെ (എം.ബുക്ക്) അളവുകൾ രേഖപ്പെടുത്തിയതെന്നും അളവ് പരിശോധന നടത്തിയത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് (ത.സ്വ.ഭ.വ) ആയിരുന്നുവെന്നും ഓഡിറ്റ് നിരീക്ഷിച്ചു. എം.ബുക്ക് പരിശോധിച്ചപ്പോൾ കരാറിൽ പറഞ്ഞിരുന്ന 3,100 ഘ.മീ പാറയുടെ സ്ഥാനത്ത് 5,094.13 ഘ.മീ. പൊട്ടിച്ചതായി

[47] (i) സ്ഥല വികസന പ്രവൃത്തികൾ (ii) താങ്ങുമതിൽ നിർമ്മാണം (iii) ലാന്റ്ഫിൽ ബാരിയർ നിർമ്മാണം (iv) ചുറ്റുമതിൽ നിർമ്മാണം (v) കുഴൽക്കിണർ നിർമ്മാണം (vi) ലംബമായി മണ്ണ് നീക്കുന്ന ഭാഗത്തിനു ഡ്രെയിനേജ് സംവിധാനം ഒരുക്കൽ

കണ്ടു. ഇക്കാര്യത്തിലേയ്ക്കായി കരാറുകാരന് ഫൈനൽ ബില്ലിന്റെ ഭാഗമായി ₹31.12 ലക്ഷം[48] നൽകി. 1965-ലെ കെ.പി.ഡബ്ല്യൂ.ഡി സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് അനുസരിച്ച് 10 ഘ.മീ പാറ പൊട്ടിച്ചിട്ട് (ഖരരൂപത്തിലെ അളവിൻ പ്രകാരം) അളവിന് വേണ്ടി അടുക്കിയാൽ 15 ഘ.മീ. പൊട്ടിച്ച പാറക്കഷണങ്ങൾ ലഭിക്കും. അതനുസരിച്ച് 5,094.13 ഘ.മീ അളവിനു വേണ്ടി അടുക്കിയാൽ 7,641.20 ഘ.മീ പൊട്ടിച്ച പാറക്കഷണങ്ങൾ ലഭിക്കുമായിരുന്നു. റ്റി.എം.സി-യുടെ എൻജിനീയറിംഗ് വിഭാഗത്തോടൊപ്പം ഓഡിറ്റ് സംയുക്തസ്ഥല പരിശോധന (2018 സെപ്റ്റംബർ) നടത്തിയപ്പോൾ സൈറ്റിൽ ലഭ്യമായിരുന്ന പൊട്ടിച്ച പാറക്കഷണങ്ങളുടെ അളവ് കേവലം 255.26 ഘ.മീ. ആയിരുന്നെന്ന് വെളിപ്പെട്ടു. വർക്ക് ബില്ലും എം.ബുക്കും സൂക്ഷ്മപരിശോധന നടത്തിയപ്പോൾ ബാക്കിയുള്ള 7,385.94 ഘ.മീ[49] പാറക്കഷണങ്ങൾ നിർമ്മാണത്തിന് ഉപയോഗിക്കുകയോ പൊട്ടിച്ച പാറക്കഷണങ്ങളുടെ അട്ടി അളവ് എം.ബുക്കിൽ രേഖപ്പെടുത്തുകയോ ചെയ്തില്ലെന്ന് ഓഡിറ്റ് നിരീക്ഷിച്ചു. പൊട്ടിച്ച പാറക്കഷണങ്ങൾ വിറ്റിട്ടില്ലെന്ന് റ്റി.എം.സി. സെക്രട്ടറി സ്ഥിരീകരിച്ചെങ്കിലും അവയുടെ അഭാവത്തെപ്പറ്റി വിശദീകരിക്കാൻ സാധിച്ചില്ല. അങ്ങനെ, വിളപ്പിൽശാല ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്ന് ലഭിച്ച ഖനനം ചെയ്തെടുത്ത വസ്തു സംരക്ഷിക്കുന്നതിൽ റ്റി.എം.സി-യ്ക്കുണ്ടായ വീഴ്ച, വിൽപന നടത്തിയിരുന്നെങ്കിൽ ₹31.02 ലക്ഷം[50] കിട്ടുമായിരുന്ന വസ്തു അപ്രത്യക്ഷമാകുന്നതിന് ഇടയാക്കി.

വിഷയം വിശദമായി പരിശോധിച്ചെന്നും ചീഫ് എൻജിനീയർ എൽ.എസ്.ജി.ഡി യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സൈറ്റിൽ നിന്ന് ഖനനം ചെയ്തെടുത്ത വസ്തു നഷ്ടപ്പെട്ടതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുമെന്നും കേരള സർക്കാർ പ്രസ്താവിച്ചു (2019 ഫെബ്രുവരി).

തദ്ദേശ സ്വയംഭരണ (ത.സ്വ.ഭ) സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഖനനം ചെയ്തെടുത്ത വസ്തുക്കൾ, എം.ബുക്കിൽ വേണ്ട രേഖപ്പെടുത്തലുകൾ വരുത്തിയിട്ട് സംരക്ഷിക്കുകയോ ഒഴിപ്പിക്കുകയോ ചെയ്യാനുള്ള സത്വരനടപടികൾ ത.സ്വ.ഭ സ്ഥാപനങ്ങൾ എടുക്കേണ്ടതാണ്.

## 2.8. കോതമംഗലം നഗരസഭ 1994-ലെ സേവന നികുതി ചട്ടങ്ങൾ പാലിക്കാതിരുന്നത്

**സേവന നികുതി യഥാസമയം പിരിച്ച് അടയ്ക്കുന്നതിൽ കോതമംഗലം നഗരസഭ പരാജയപ്പെട്ടത് ₹23.64 ലക്ഷത്തിന്റെ നഷ്ടം ഉണ്ടാകുന്നതിന് കാരണമായി.**

1994-ലെ ധനകാര്യ നിയമം മുഖേന, ഭാരത സർക്കാർ 1994 ജൂലൈ മുതൽ സേവന നികുതി പ്രാബല്യത്തിൽ കൊണ്ടു വന്നു. 1994-ലെ സേവന നികുതി ചട്ടങ്ങളിലെ 2 (ഡി)(i) ചട്ടത്തിൽ പ്രതിപാദിക്കുന്നവ ഒഴികെയുള്ള മറ്റെല്ലാ അവസരങ്ങളിലും സേവന നികുതി ഒടുക്കേണ്ട ചുമതല സേവനദാതാവിനാണ്. നിശ്ചിത സമയത്തിനുള്ളിൽ സേവന നികുതി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നത്, നികുതി തുകയ്ക്ക് പുറമേ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ പലിശ കൂടി നൽകേണ്ടതിന് കാരണമാകുന്നു.

1994-ലെ സേവന നികുതി ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം സേവന നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥനായ ഓരോ വ്യക്തിയും നിയമത്തിനു കീഴിൽ നികുതി ചുമത്തിയ തീയതി മുതൽ 30 ദിവസങ്ങൾക്കകം രജിസ്റ്റർ ചെയ്യാൻ അപേക്ഷ നൽകേണ്ടതാണ്. രജിസ്റ്റർ ചെയ്യാതിരിക്കുന്നത് ₹10,000 വരെ പിഴ ലഭിക്കാവുന്ന കുറ്റമാണ്.

---

[48] 5,094.13 ഘ.മീ x ₹610.90 = ₹31.12 ലക്ഷം

[49] 7,641.20 ഘ.മീ പൊട്ടിച്ച പാറക്കഷണങ്ങൾ - സൈറ്റിലുള്ള 255.26 ഘ.മീ പാറക്കഷണങ്ങൾ = 7,385.94 ഘ.മീ പാറക്കഷണങ്ങൾ

[50] ഘ.മീറ്ററിന് ₹420 നിരക്കിൽ പൊട്ടിച്ചെടുത്ത 7,385.94 ഘ.മീ പാറക്കഷണത്തിന്റെ വില (കെ.പി.ഡബ്ല്യൂ.ഡി ഷെഡ്യൂൾ നിരക്ക് 2012).

കോതമംഗലം നഗരസഭ 2007 ജൂൺ മുതൽ നികുതി ചുമത്താവുന്ന സേവനങ്ങൾ നൽകിത്തുടങ്ങിയെങ്കിലും 2008 നവംബറിൽ മാത്രമാണ് സേവന നികുതി ചട്ടം പ്രകാരം രജിസ്റ്റർ ചെയ്യുകയും കേന്ദ്ര എക്സൈസ് വകുപ്പിന് സേവന നികുതി അടയ്ക്കുകയും ചെയ്തതെന്ന് ഓഡിറ്റിൽ കണ്ടെത്തി (2017 നവംബർ). കൊച്ചിയിലെ സെൻട്രൽ എക്സൈസ് ആൻഡ് കസ്റ്റംസ് കമ്മീഷണറുടെ കാര്യാലയത്തിലെ അഡീഷണൽ കമ്മീഷണറുടെ ഉത്തരവ് (2012 മെയ്) പ്രകാരം ''സ്ഥാവര സ്വത്തുക്കളുടെ വാടക'', ''വാണിജ്യ സഹായസേവനങ്ങൾ'', ''പരസ്യ സേവനങ്ങൾക്കായുള്ള സ്ഥലത്തിന്റെ അല്ലെങ്കിൽ സമയത്തിന്റെ വിൽപ്പന'' എന്നീ സേവനങ്ങൾ നൽകിയ വകയിൽ യഥാക്രമം ₹7.05 ലക്ഷം, ₹4.28 ലക്ഷം, ₹0.50 ലക്ഷം സേവന നികുതിയായും 1994-ലെ ധനകാര്യ നിയമത്തിന്റെ 78-ാം വകുപ്പ് പ്രകാരം അതിന്റെ 100 ശതമാനം പിഴത്തുകയായും നൽകാൻ കോതമംഗലം നഗരസഭയ്ക്ക് ബാദ്ധ്യതയുണ്ട്[51]. പിന്നീട് നഗരസഭയുടെ അപേക്ഷയുടെ (2015 ജനുവരി) അടിസ്ഥാനത്തിൽ ''വാണിജ്യ സഹായസേവനങ്ങൾ''-ക്കായുള്ള സേവന നികുതിയും പിഴത്തുകയും സെൻട്രൽ എക്സൈസ് ആൻഡ് സർവ്വീസ് ടാക്സ് കമ്മീഷണർ ഒഴിവാക്കി നൽകി (2016 ഏപ്രിൽ).

സേവന നികുതി തവണകളായി നഗരസഭ ഭാഗികമായി അടച്ചെങ്കിലും പിഴത്തുകയും പലിശയും അടയ്ക്കാതെ അവശേഷിച്ചു. അനന്തരഫലമായി സേവന നികുതിയും പലിശയും പിഴത്തുകയും ചേർത്ത് ₹23.64 ലക്ഷത്തിൽ ₹11.81 ലക്ഷം എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ സൂക്ഷിച്ചിരുന്ന നഗരസഭയുടെ തനതു നിധിയിൽ നിന്നും കിഴിവ് ചെയ്ത് കേന്ദ്ര എക്സൈസ് വകുപ്പ് വസൂലാക്കി (2015 ഡിസംബർ). ബാക്കിയുള്ള തുകയായ ₹11.83 ലക്ഷം 2016 മാർച്ച് മുതൽ 15 തുല്യതവണകളായി അടയ്ക്കുവാൻ നഗരസഭയെ അനുവദിക്കുകയും ചെയ്തു. സേവനനികുതി ചട്ടങ്ങൾ പ്രകാരം കൃത്യമായി രജിസ്റ്റർ ചെയ്യുന്നതിലും വാടകക്കാർ/പരസ്യം ചെയ്യുന്നവരിൽ നിന്നും സേവന നികുതി ഈടാക്കുന്നതിലും അവ കൃത്യമായി കേന്ദ്ര എക്സൈസ് വകുപ്പിന് അടയ്ക്കുന്നതിലും നഗരസഭ വീഴ്ച വരുത്തിയത് നഗരസഭയുടെ തനതുനിധിയിൽ നിന്നും സേവന നികുതിയും പിഴത്തുകയും പലിശയും ഈടാക്കുന്നതിലേയ്ക്കും തത്ഫലമായി ₹23.64 ലക്ഷം നഷ്ടപ്പെടുന്നതിനും കാരണമായി.

ഓഡിറ്റ് കണ്ടെത്തലുകൾ കേരള സർക്കാർ അംഗീകരിക്കുകയും (2019 ഏപ്രിൽ) ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഗരസഭയ്ക്ക് നഷ്ടമായ തുക തിരിച്ചു പിടിക്കുമെന്ന് പ്രസ്താവിക്കുകയും ചെയ്തു.

നികുതി ചുമത്താവുന്ന സേവനങ്ങൾ നൽകുന്ന എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നിലവിലുള്ള നിയമങ്ങൾ/ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ സമയബന്ധിതമായി നികുതി പിരിച്ച് അടയ്ക്കുന്നുണ്ടെന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തേണ്ടതാണ്.

## 2.9. ആധുനിക മത്സ്യച്ചന്തയുടെ നിർമ്മാണത്തിലുണ്ടായ നിഷ്ഫലച്ചെലവ്

**ഉചിതമായ അന്വേഷണം നടത്താതെയും വ്യാപാരികളുടെ ആവശ്യങ്ങളുമായി രൂപകല്പനയെ ബന്ധപ്പെടുത്താതെയും തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ ആധുനിക മത്സ്യച്ചന്ത നിർമ്മിച്ചതിന്റെ ഫലമായി ₹23.25 ലക്ഷത്തിന് നിർമ്മിച്ച ആധുനിക മത്സ്യച്ചന്ത ഉപയോഗിക്കാതിരിക്കുകയും അതിന്റെ ചെലവ് നിഷ്ഫലമാവുകയും ചെയ്തു.**

കേരള പൊതുമരാമത്തു വകുപ്പ് (കെപിഡബ്ല്യൂഡി) മാന്വൽ 2012-ലെ വകുപ്പ് 1402 പ്രകാരം, പ്രവൃത്തിയുടെ രൂപകല്പനയും എസ്റ്റിമേറ്റും പൂർത്തിയാക്കുന്നതിനു മുൻപ് എല്ലാ പ്രവൃത്തികളും യഥാവിധം പരിശോധിക്കുകയും ഉചിതമായ മുഴുവൻ

[51] 2007 ജൂൺ മുതൽ 2009-10 വരെ സ്ഥാവര സ്വത്തുകൾ വാടകയ്ക്ക് നൽകിയത്.
2006-07 മുതൽ 2010-11 വരെ വാണിജ്യ സഹായ സേവനങ്ങളും പരസ്യ സേവനങ്ങൾക്കായി സ്ഥലം/സമയം വിൽപ്പന നടത്തിയതും.

വിവരങ്ങളും ശേഖരിക്കുകയും പരസ്പരം ബന്ധപ്പെടുത്തുകയും ചെയ്യേണ്ടതാണ്. തെറ്റായ സ്ഥലത്തിന്റെ തെരഞ്ഞെടുപ്പും തെറ്റായതോ അപര്യാപ്തമായതോ ആയ വിവരങ്ങൾ അടിസ്ഥാനപ്പെടുത്തിയുള്ള രൂപകല്പനകളും ഒഴിവാക്കാവുന്ന ഗണ്യമായ ചെലവിനും കാലതാമസത്തിനും ഇടയാക്കും.

പാളയം കണ്ണിമാറ മാർക്കറ്റിൽ ഒരു ആധുനിക മത്സ്യച്ചന്തയുടെ നിർമ്മാണത്തിനു വേണ്ടി തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (റ്റിഎംസി) ഒരു ദ്വിവർഷ പദ്ധതി (2014-16) ഏറ്റെടുത്തു (2015 മാർച്ച്). മാർക്കറ്റിൽ നിലവിലുള്ള താത്കാലിക മത്സ്യവിപണനകേന്ദ്രത്തിനു പകരം പുതിയ ഒരു ആധുനിക മത്സ്യവിപണനകേന്ദ്രം നിർമ്മിക്കുവാനായിരുന്നു പദ്ധതി. പദ്ധതിയുടെ എസ്റ്റിമേറ്റ് തുകയായ ₹25 ലക്ഷത്തിനു തന്നെ സാങ്കേതിക അനുമതി നൽകുകയും ചെയ്തു (2015 മാർച്ച്). ടെണ്ടറുകൾ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ ദർഘാസുകാരന് എസ്റ്റിമേറ്റ് തുകയുടെ 6.20 ശതമാനം കുറഞ്ഞ തുകയ്ക്ക് പ്രവൃത്തി നൽകുകയും ചെയ്തു (2015 മെയ്). പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന വേളയിൽ, ലഭ്യമായ സ്ഥലത്തു കൂടുതൽ വ്യാപാരികളെക്കൂടി ഉൾക്കൊള്ളിക്കണമെന്ന നിലവിലെ വാർഡ് കൗൺസിലറുടെ അഭ്യർത്ഥനപ്രകാരം (2015 സെപ്റ്റംബർ), ആകെ പദ്ധതിത്തുകയിൽ മാറ്റം വരുത്താതെ ടെണ്ടറിലെ ഇനങ്ങൾ റ്റിഎംസി പുതുക്കി നിശ്ചയിച്ചു.

2016 ഒക്ടോബറിൽ പ്രവൃത്തി പൂർത്തിയാക്കുകയും ₹23.25 ലക്ഷം കരാറുകാരന് നൽകുകയും ചെയ്തു (2017 മെയ്).

റ്റിഎംസിയിലെ രേഖകളുടെ സൂക്ഷ്മപരിശോധനയിൽ നിന്നും റ്റിഎംസി ഉദ്യോഗസ്ഥരോടൊപ്പം ഓഡിറ്റ് നടത്തിയ സംയുക്തസ്ഥലപരിശോധനയിൽ നിന്നും (2018 മെയ്) അശാസ്ത്രീയമായ രൂപകല്പനയും മത്സ്യവ്യാപാരികൾക്കുള്ള സ്ഥലക്കുറവും കാരണം മത്സ്യച്ചന്ത ഉപയോഗശൂന്യമായിക്കിടക്കുന്നതായി വെളിപ്പെട്ടു. ഇപ്പോഴും മത്സ്യവിപണനം നടക്കുന്നത് താത്കാലിക മത്സ്യച്ചന്തയിലാണ്. മത്സ്യച്ചന്ത ഉപയോഗശൂന്യമാകുന്നതിന് പ്രാഥമിക കാരണങ്ങളായി മത്സ്യച്ചന്തയുടെ നിർമ്മാണത്തിൽ താഴെപ്പറയുന്ന പോരായ്മകൾ ഓഡിറ്റ് കണ്ടെത്തി.

- സ്ഥലം കുറവായിരുന്നതിനാൽ മത്സ്യവ്യാപാരികൾക്ക് ഇരിപ്പിടസൗകര്യം ഒരുക്കിയിരുന്നില്ല. നിന്നുകൊണ്ട് ജോലി ചെയ്യേണ്ടി വരുന്നത് മത്സ്യവ്യാപാരികൾക്കു സ്വീകാര്യമായിരുന്നില്ല.

- മത്സ്യച്ചന്തയുടെ നിർമ്മാണത്തിനായി അംഗീകരിച്ച പ്ലാൻ പ്രകാരം മത്സ്യം വിൽക്കാനുള്ള മേശകൾ മൂന്നു വരികളിലായി, അതായത് രണ്ടു വരികളിലും വേറിട്ട മൂന്നാമതൊരു വരിയിലും സജ്ജീകരിക്കേണ്ടതായിരുന്നു. ഒന്നിനുപുറകിൽ ഒന്നായി രണ്ടു വരികളിലെ മത്സ്യം വിൽക്കാനുള്ള മേശകൾ തമ്മിൽ 1.90 മീറ്റർ വീതിയും മൂന്നാമത്തെ വരിയിലെ മത്സ്യം വിൽക്കാനുള്ള മേശയും ചുമരും തമ്മിൽ 1.06 മീറ്റർ വീതിയും അകലം നൽകണമായിരുന്നു. ഇതിനു പകരം, യഥാക്രമം 1.60 മീറ്ററും 0.80 മീറ്ററും മാത്രം അകലം നൽകിയത്, ഏതെങ്കിലും തരത്തിലുള്ള ഇരിപ്പിടസജ്ജീകരണം ഒരുക്കുന്നതിന് അപര്യാപ്തമായിരുന്നു.

- എസ്റ്റിമേറ്റ് പുതുക്കിയപ്പോൾ അത്യാവശ്യ ഇനങ്ങളായ പ്ലംബിംഗ് ജോലികൾ, ജലവിതരണം മുതലായവ റ്റിഎംസി ഒഴിവാക്കുകയും തറയിൽ സെറാമിക് ടൈൽസിന് പകരം വിട്രിഫൈഡ് ടൈൽസ് ഇടുക, മത്സ്യം വിൽക്കാനുള്ള മേശയുടെ മുകൾഭാഗത്തു കോട്ട സ്റ്റോണിനുപകരം മിറർ ഫിനിഷുള്ള മാർബിൾ സ്റ്റോൺ വയ്ക്കുക എന്നിങ്ങനെ അത്യാവശ്യമില്ലാത്ത ഇനങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു. ഇത് മത്സ്യച്ചന്തയുടെ പതിവ് ശുചിയായ പ്രവർത്തനത്തിനും പരിപാലനത്തിനും അത്യാവശ്യമായിട്ടുള്ള ഡ്രെയിനേജ്, വെള്ളം തുടങ്ങിയ അവശ്യസൗകര്യങ്ങൾ ഇല്ലാതെ മത്സ്യച്ചന്ത പൂർത്തിയാക്കുന്ന സാഹചര്യത്തിലേക്കു നയിച്ചു.

കൂടാതെ, **അനുബന്ധം 2.8**-ൽ വിശദീകരിച്ചത് പ്രകാരം മെഷർമെന്റ് ബുക്കിന്റെ (എം-ബുക്ക്) പരിശോധനയിൽ നിന്നും മത്സ്യച്ചന്തയുടെ സംയുക്തസ്ഥലപരിശോധനയിൽ നിന്നും, ചെയ്യാത്ത പ്രവൃത്തികൾക്കായി കരാറുകാരനു ₹4.11 ലക്ഷം നൽകിയതായി വെളിപ്പെട്ടു.

മത്സ്യവ്യാപാരികളുടെ ആവശ്യങ്ങൾ വിലയിരുത്താതെ മത്സ്യച്ചന്തയുടെ രൂപകല്പന തയ്യാറാക്കുകയും അതിന്റെ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ ഉറപ്പുവരുത്താതെ ചന്ത നിർമ്മിക്കുകയും ചെയ്തു. അങ്ങനെ, ഉചിതമായ അന്വേഷണം നടത്താതെയും മത്സ്യവ്യാപാരികളുടെ ആവശ്യങ്ങളുമായി രൂപകല്പനയെ ബന്ധപ്പെടുത്താതെയും റ്റിഎംസി നടത്തിയ ആധുനിക മത്സ്യച്ചന്ത നിർമ്മാണം അതിനെ ഉപയോഗശൂന്യമാക്കികൊണ്ട് ₹23.25 ലക്ഷത്തിന്റെ ചെലവ് നിഷ്ഫലമാക്കുന്നതിൽ കലാശിച്ചു. കൂടാതെ, തുക നൽകുന്നതിനു മുമ്പ് യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തി പരിശോധിക്കുന്നതിൽ എക്സിക്യൂട്ടീവ് എൻജിനീയർക്കുണ്ടായ വീഴ്ച കരാറുകാരന് ₹4.11 ലക്ഷത്തിന്റെ അധികത്തുക നല്കുന്നതിനിടയാക്കി.

മത്സ്യവ്യാപാരികൾക്ക് ഇരിപ്പിടസൗകര്യമൊരുക്കാത്തതിനാലും നൽകിയ സ്ഥലം അപര്യാപ്തമായതിനാലും എസ്റ്റിമേറ്റ് സാങ്കേതികമായി പോരായ്മയുള്ളതാണെന്ന ഓഡിറ്റ് കണ്ടെത്തലുകളോട് കേരള സർക്കാർ യോജിച്ചു (2019 ജനുവരി). യഥാർത്ഥ എസ്റ്റിമേറ്റിൽ നിന്നും വെള്ളം, ഡ്രെയിനേജ് മുതലായവയ്ക്കുള്ള വ്യവസ്ഥകൾ പോലെയുള്ള ചില ഇനങ്ങൾ ഒഴിവാക്കിയത് ചന്ത ഉപയോഗശൂന്യമാകുന്നതിലേക്ക് നയിച്ചുവെന്നതിനോടും സർക്കാർ യോജിച്ചു. ചെയ്യാത്ത പ്രവൃത്തികൾക്ക് കരാറുകാരന് അധികത്തുക നൽകിയത് സംബന്ധിച്ച്, കോർപ്പറേഷനു സർക്കാർ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ₹3.61 ലക്ഷം കരാറുകാരൻ തിരിച്ചടച്ചതായി (2018 ഒക്ടോബർ) കേരള സർക്കാർ അറിയിച്ചു. കൂടാതെ, ഓഡിറ്റ് കണ്ടെത്തിയ പോരായ്മകൾ പരിഹരിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊണ്ടുവെന്നും പദ്ധതിയുടെ പരാജയത്തിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടികളാരംഭിച്ചിട്ടുണ്ടെന്നും സർക്കാർ അറിയിച്ചു.

അധികമായി നല്കിയ തുക ഭാഗികമായി തിരിച്ചുപിടിച്ചെങ്കിലും രണ്ടു വർഷത്തെ കാലതാമസത്തിനു ശേഷവും മത്സ്യച്ചന്ത ഉപയോഗശൂന്യമായിക്കിടക്കുന്നുവെന്ന വസ്തുത നിലനിൽക്കുന്നു.

നിർമ്മിക്കപ്പെടുന്ന പ്രവൃത്തികൾ ഉപഭോക്താക്കളുടെ ആവശ്യങ്ങൾക്കനുസൃതമായി രൂപകല്പന ചെയ്തവയാണെന്നും നിർമ്മിക്കപ്പെട്ടവ എല്ലാ അവശ്യസൗകര്യങ്ങളും ഉള്ളവയാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്.

## ആസൂത്രണ-സാമ്പത്തികകാര്യ വകുപ്പ്

### 2.10. എംപിഎൽഎഡിഎസ് ഫണ്ടുകൾ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനുള്ള ഭാരത സർക്കാറിന്റെ നിർദ്ദേശങ്ങൾ പാലിക്കാത്തതും തത്ഫലമായി പദ്ധതിയ്ക്ക് കുറഞ്ഞത് ₹4.76 കോടിയുടെ നഷ്ടമുണ്ടായതും

**എംപിഎൽഎഡിഎസ് സേവിങ്സ് ബാങ്ക് അക്കൗണ്ടുകൾ സേവിഫിക്സ്/ സേവിപ്ലസ് അക്കൗണ്ടുകളാക്കി മാറ്റുന്നതിനുള്ള ഭാരത സർക്കാറിന്റെ നിർദ്ദേശം ജില്ലാ കളക്ടർമാരും കേന്ദ്രപദ്ധതി നിരീക്ഷണ യൂണിറ്റും പാലിക്കാത്തത് പദ്ധതിയ്ക്ക് കുറഞ്ഞത് ₹4.76 കോടിയുടെയെങ്കിലും പലിശ നഷ്ടത്തിന് കാരണമായി.**

പ്രാദേശിക ആവശ്യങ്ങളെ അടിസ്ഥാനമാക്കി സമൂഹത്തിനുതകുന്ന സ്ഥായിയായ ആസ്തികളുടെ രൂപീകരണത്തിന് ഊന്നൽ നൽകിക്കൊണ്ട് വികസന സ്വഭാവമുള്ള പ്രവർത്തികൾ ശുപാർശ ചെയ്യാൻ പാർലമെന്റ് അംഗങ്ങളെ (എംപി) പ്രാപ്തരാക്കുന്നതിനായി ഭാരത സർക്കാർ 'പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന പദ്ധതി' (എംപിഎൽഎഡിഎസ്) ആരംഭിച്ചു (1993-94). 2011-12 മുതൽ

ഓരോ എംപിക്കും പ്രതിവർഷം ₹ അഞ്ച് കോടി രണ്ടു തവണകളായി ലഭ്യമാക്കി പദ്ധതി വിഭാവനം ചെയ്തു. ഭാരത സർക്കാരിന്റെ സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയം (എംഒഎസ്പിഐ) ആണ് പദ്ധതി നിയന്ത്രിക്കുന്നത്. കേന്ദ്ര പദ്ധതി നിരീക്ഷണ യൂണിറ്റിനാണ് (സി.പി.എം.യു) കേരളത്തിലെ ഈ പദ്ധതിയുടെ വകുപ്പുതല മേൽനോട്ട ചുമതല. ഫണ്ട് കൈകാര്യം ചെയ്യുന്നത് ജില്ലാ കളക്ടർമാരാണ്. ഓരോ എംപിക്കും വേണ്ടി എംപിഎൽഎഡിഎസിന് കീഴിൽ റിലീസ് ചെയ്യുന്ന ഫണ്ടുകൾ അതിനു കീഴിലെ പ്രവർത്തികൾക്കായുള്ള ചെലവുകൾക്കായി ജില്ലാ കളക്ടർമാർ കൈകാര്യം ചെയ്യുന്ന സേവിങ്സ് ബാങ്ക് (എസ്ബി) അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രഡിറ്റ് ചെയ്യുന്നു.

എംപിഎൽഎഡിഎസ് ഫണ്ടുകളുടെ നിക്ഷേപത്തിന് ഉയർന്ന നിരക്കിൽ പലിശ നേടാൻ പ്രാപ്തമാക്കുന്നതിന് നിലവിലുള്ള എസ്ബി അക്കൗണ്ടുകൾ ഓട്ടോ സ്വീപ് സൗകര്യങ്ങളുള്ള സേവിഫിക്സ്/സേവിപ്ലസ് അക്കൗണ്ടുകളാക്കി[52] മാറ്റാൻ ഭാരത സർക്കാർ എല്ലാ ജില്ലാ കളക്ടർമാർക്കും 2014 നവംബറിൽ നിർദ്ദേശം നൽകുകയുണ്ടായി. 2015-18 കാലയളവിൽ നടപ്പിലാക്കിയ എംപിഎൽഎഡി പദ്ധതിയുടെ അനുവർത്തന ഓഡിറ്റ് 2018 മെയ് മാസത്തിനും ഒക്ടോബറിനും ഇടയിൽ നടത്തിയപ്പോൾ സിപിഎംയുവും ജില്ലാ കളക്ടർമാരും ഈ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ പരാജയപ്പെട്ടതായും തത്ഫലമായി ചുവടെ വിവരിക്കുന്ന രീതിയിൽ (**അനുബന്ധം 2.9**) ₹4.76 കോടിയുടെ നഷ്ടമുണ്ടായതായും വെളിപ്പെട്ടു.

2015-18 കാലയളവിൽ സംസ്ഥാനത്തെ 14 ജില്ലകളിൽ കൈകാര്യം ചെയ്യുന്ന 154 എസ്ബി അക്കൗണ്ടുകളിൽ[53] എംപിഎൽഎഡിഎസിനു കീഴിൽ ലഭ്യമായ ഫണ്ടുകൾ നിക്ഷേപിക്കുകയുണ്ടായി. കേന്ദ്രനിർദ്ദേശം പാലിച്ച് 23 എംപിഎൽഎഡിഎസ് എസ്ബി അക്കൗണ്ടുകൾ മാത്രമേ 2015 ജൂലൈ വരെ ഓട്ടോ സ്വീപ് സൗകര്യമുള്ള സേവിഫിക്സ്/സേവിപ്ലസ് അക്കൗണ്ടുകളാക്കി മാറ്റിയിട്ടുള്ളൂ.

ഓട്ടോ സ്വീപ്പിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങളും പലിശ നിരക്കുകളും[54] അടിസ്ഥാനമാക്കി 2015 ഏപ്രിൽ 01 മുതൽ 2018 മാർച്ച് 31 വരെയുള്ള കാലയളവിൽ ഉണ്ടായ പലിശ നഷ്ടം കണക്കാക്കാൻ ഓഡിറ്റ് ശ്രമിച്ചു. സേവിഫിക്സ്/സേവിപ്ലസ് അക്കൗണ്ടുകളാക്കി മാറ്റാത്ത 131 എംപിഎൽഎഡിഎസ് അക്കൗണ്ടുകളിൽ 59 എണ്ണത്തിന്റെ ലാക്ഷണിക പരിശോധനയിൽ ഭാരത സർക്കാർ ഉത്തരവുകൾ പാലിക്കുന്നതിൽ ജില്ലാ കളക്ടർമാർ പരാജയപ്പെട്ടതിന്റെ ഫലമായി കുറഞ്ഞത് ₹4.63 കോടിയുടെയെങ്കിലും പലിശ നഷ്ടം ഉണ്ടായതായി വെളിപ്പെട്ടു. കൂടാതെ, നോഡൽ ഡിപ്പാർട്ട്മെന്റായ സിപിഎംയു കൈകാര്യം ചെയ്യുന്ന എംപിഎൽഎഡിഎസ് ഫണ്ടുകളിലെ ഒരു അക്കൗണ്ടിനെയും ഓട്ടോ സ്വീപ് സൗകര്യത്തോടു കൂടി സേവിഫിക്സ്/സേവിപ്ലസ് അക്കൗണ്ടിലേക്കു മാറ്റുവാൻ കഴിഞ്ഞില്ല. തൽഫലമായി കുറഞ്ഞത് ₹0.13 കോടിയുടെയെങ്കിലും പലിശ നഷ്ടം ഉണ്ടായി.

ഇക്കാര്യം ജില്ലാ കളക്ടർമാരുടെയും സിപിഎംയുവിന്റെയും ശ്രദ്ധയിൽപ്പെടുത്തി. സർക്കാർ നിർദ്ദേശങ്ങളെക്കുറിച്ച് അറിയില്ലെന്നും എസ്ബി അക്കൗണ്ടുകൾ ഓട്ടോ സ്വീപ് സൗകര്യമുള്ള സേവിഫിക്സ്/സേവിപ്ലസ് അക്കൗണ്ടുകളിലേയ്ക്ക് മാറ്റാൻ

---

[52] ഓട്ടോ സ്വീപ് സൗകര്യമുള്ള എസ്ബി അക്കൗണ്ടുകളാണ് സേവിഫിക്സ്/സേവിപ്ലസ് അക്കൗണ്ടുകൾ. എസ്ബി അക്കൗണ്ടിലെ പരിധിയ്ക്ക് മുകളിലുള്ള മിച്ച ഫണ്ടുകളിൽ ഒരു വർഷത്തേക്ക് ₹1,000 ത്തിന്റെ ഗുണിതങ്ങളിൽ തുറക്കുന്ന സ്ഥിര നിക്ഷേപങ്ങളിലേയ്ക്ക് (എഫ്.ഡി) സ്വയമേവ മാറ്റപ്പെടും. അത് ഉയർന്ന നിരക്കിലുള്ള പലിശ നേടുന്നു. എസ്ബി അക്കൗണ്ടിന്റെ ബാലൻസ് ഏതെങ്കിലും ആവശ്യം നിറവേറ്റാൻ പര്യാപ്തമല്ലെങ്കിൽ എഫ്ഡിയിൽ നിന്നും ആവശ്യമായ തുക എസ്ബി അക്കൗണ്ടിലേയ്ക്ക് തിരികെ മാറ്റപ്പെടുകയും ചെയ്യുന്നു.

[53] കേരളത്തിൽ നിന്ന് 20 ലോക്സഭ എംപിമാരും ഒൻപത് രാജ്യസഭ എംപിമാരും ഉണ്ട്. എന്നിരുന്നാലും ഈ കാലയളവിൽ ജില്ലാ കളക്ടർമാർ കൈകാര്യം ചെയ്യുന്ന അക്കൗണ്ടുകളിൽ 15-ാമതും 16-ാമതും ലോക്സഭയിൽ നിന്നുള്ള എംപിമാരുടെയും കൂടാതെ രാജ്യസഭയിലെ മുൻ എംപിമാരുടെയും നിലവിലുള്ള എംപിമാരുടെയും അക്കൗണ്ടുകളും ഉൾപ്പെടുന്നു. കൂടാതെ സച്ചിൻ തെൻഡുൽക്കറെ പോലെ നാമനിർദ്ദേശം ചെയ്യപ്പെട്ട എംപിമാരുടെ അക്കൗണ്ടുകളും ഭരണപരമായ ആവശ്യങ്ങൾക്കായി തുടങ്ങിയ അക്കൗണ്ടുകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

[54] പരിധി തുക: ₹35,000; അക്കൗണ്ടിൽ സൂക്ഷിക്കേണ്ട മിനിമം തുക: ₹25,000; എഫ്ഡിയിലേക്ക് മാറ്റേണ്ട മിനിമം തുക: ₹10,000; അതിനുശേഷം ₹1,000 ത്തിന്റെ ഗുണിതങ്ങളും; പലിശനിരക്ക്: സ്ഥിരനിക്ഷേപ കാലാവധി അനുസരിച്ച് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്നത്.

നടപടിയെടുക്കുമെന്നും ജില്ലാ കളക്ടർമാർ മറുപടികൾ നൽകി (2018 ജൂലൈ–ഓഗസ്റ്റ്). അക്കൗണ്ടുകൾ മാറ്റുന്നതിനുള്ള ഭാരത സർക്കാരിന്റെ നിർദ്ദേശങ്ങൾ എംപിഎൽഎഡിഎസ് കൈകാര്യം ചെയ്യുന്ന നോഡൽ ഡിപ്പാർട്ട്മെന്റിന്റെ സെക്രട്ടറിക്ക് പകർപ്പ് നൽകികൊണ്ട് ജില്ലാ കളക്ടർമാർക്ക് കൈമാറിയതിനാൽ സർക്കാർ ഉത്തരവ് അറിയില്ല എന്നുള്ള കളക്ടർമാരുടെ മറുപടികൾ വസ്തുനിഷ്ഠമല്ല. കൂടാതെ, ഈ നിർദ്ദേശങ്ങൾ എംപിഎൽഎഡിഎസ് വെബ്സൈറ്റിലും അപ്‌ലോഡ് ചെയ്തിരുന്നു. സ്വന്തം അക്കൗണ്ട്പോലും ഒരു സേവിഫിക്സ്/സേവിപ്ലസ് അക്കൗണ്ട് ആയിരുന്നില്ല എന്നതും സിപിഎംയുവിന്റെ പരാജയം വ്യക്തമാക്കുന്നു. ഓഡിറ്റ് നിരീക്ഷണത്തിനു ശേഷമാണ് സിപിഎംയു നിലവിലുള്ള എസ്ബി അക്കൗണ്ടുകൾ ഓട്ടോ സ്വീപ് സൗകര്യമുള്ള സേവിഫിക്സ്/സേവിപ്ലസ് അക്കൗണ്ടുകളാക്കി മാറ്റുന്നതിനുള്ള നടപടി ഉടനടി എടുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയത് (2018 നവംബർ).

നിലവിലുള്ള എല്ലാ അക്കൗണ്ടുകളും ഓട്ടോ സ്വീപ് സൗകര്യമുള്ള സേവിഫിക്സ്/സേവിപ്ലസ് അക്കൗണ്ടിലേക്കു മാറ്റിയതായി കേരള സർക്കാർ അറിയിച്ചു (2020 മെയ്).

എന്നിരുന്നാലും ഭാരത സർക്കാറിന്റെ നിർദ്ദേശം യഥാസമയം പാലിക്കുന്നതിൽ പരാജയപ്പെട്ടത് പദ്ധതിയ്ക്ക് കുറഞ്ഞത് ₹4.76 കോടി നഷ്ടപ്പെടാൻ കാരണമായി എന്നതാണ് വസ്തുത.

എംപിഎൽഎഡിഎസ് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട ഭാരത സർക്കാരിന്റെ മാർഗനിർദ്ദേശങ്ങൾ സംസ്ഥാന നോഡൽ ഡിപ്പാർട്ട്മെന്റും ജില്ലാ അധികാരികളും പാലിക്കുന്നുണ്ടെന്ന് സർക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

**(അനിം ചെറിയാൻ)**
**പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ**
**(ഓഡിറ്റ് – I), കേരള**

**തിരുവനന്തപുരം,**
**04 മാർച്ച് 2021**

**മേലൊപ്പിട്ടത്**

**(ഗിരീഷ് ചന്ദ്ര മുർമു)**
**ഇന്ത്യയുടെ കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ**

**ന്യൂഡൽഹി,**
**10 മാർച്ച് 2021**